ആ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഇപ്പോൾ ഒ.ബി.സി.-യിൽ ഉൾപ്പെട്ടു നിൽക്കുന്ന വീരശൈവ സഭയെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്താനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല എന്നു കൂടി പ്രത്യേകം അറിയിക്കട്ടെ.

IV. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2003 ആഗസ്റ്റ് 4 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രമേയം സഭ അംഗീകരിച്ചു)

V. റിപ്പോർട്ട് സമർപ്പണം

2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായ ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ബില്ലിനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

2003-ലെ കേരള സർവ്വകലാശാലകൾ ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

VII. ക്രമപ്രശ്നം

കേരള സർവ്വകലാശാലകൾ ബില്ലിന്റെ അവതരണം സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പേരിൽ സർക്കുലേറ്റ് ചെയ്തിട്ടുള്ള 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ ഇവിടെ സർക്കുലേറ്റ് ചെയ്ത രീതിയിൽ അവതരിപ്പിക്കുന്നത് ഭരണഘടനാവിരുദ്ധവും സുപ്രീം കോടതിയുടെ ഏറ്റവും ഒടുവിലത്തെ തീരുമാനത്തിന് വിരുദ്ധവുമാണ്. ഈ സർവ്വകലാശാല ബില്ലിലെ 2(13) വകുപ്പുകൾ പ്രകാരം ഇന്ത്യൻ ഭരണഘടനാ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഇതിൽ "കമ്മ്യൂണിറ്റി കോളേജ്" എന്നതിന് നിർവ്വചനം നൽകിയിട്ടുണ്ട്. "കമ്മ്യൂണിറ്റി കോളേജ്" എന്നാൽ ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങളുടെ സവിശേഷമായ സാമൂഹിക-സാമ്പത്തിക ആവശ്യങ്ങളും മറ്റ് ആവശ്യങ്ങളും നിറവേറ്റുന്നതിന് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തർക്കങ്ങളൊന്നും നിലനിൽക്കുന്നതല്ല.

നിയമനിർമ്മാണകാര്യം (തുടർച്ച)

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇതിനകം വളരെയധികം ചർച്ച ചെയ്യപ്പെട്ട ഒരു ബില്ലാണിത്. മാത്രമല്ല, ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഇതിന്റെ അവതരണത്തെ കുറിച്ച്, ഈ ബിൽ എപ്പോൾ പാസ്സാക്കണം, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കക്ഷിനേതാക്കന്മാർ വിശദമായി ചർച്ച ചെയ്തതാണ്. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കഴിഞ്ഞ ദിവസം ഗവൺമെന്റിന്റെ ഒരു അപ്രോച്ച് നിയമസഭയിൽ പറയുകയുണ്ടായി. കേരളത്തിലെ പ്രതിപക്ഷ പാർട്ടികൾ വളരെയധികം അഭിപ്രായ വ്യത്യാസത്തോടുകൂടി കൊണ്ടുവന്ന ഒരു ബില്ലാണ്. ഈ ബിൽ ഇപ്പോൾ എടുക്കരുത്, എടുക്കുകയാണെങ്കിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള തരത്തിലൊക്കെ പറയുകയുണ്ടായി. ആ പശ്ചാത്തലത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലാകാലങ്ങളിലായി ആവശ്യപ്പെട്ട ചരിത്രപരമായ ഒരു മാറ്റം, പത്തിരുപതു കൊല്ലത്തെ ഗ്യാപ്പുള്ള നമ്മുടെ ഉന്നത വിദ്യാഭ്യാസ നിലവാരത്തെ അങ്ങേയറ്റം ബാധിച്ചിരിക്കുന്ന ഒരു പ്രശ്നം അവഗണിക്കുക വയ്യ എന്നുള്ള സത്യം മനസ്സിലാക്കിക്കൊണ്ട് പ്രതിപക്ഷ സഹകരണം, കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ജനവിഭാഗങ്ങളുടേയും സഹകരണം അനിവാര്യമാണെന്നുള്ളതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റിക്ക് ഈ ബിൽ അയയ്ക്കുന്നത്. എങ്കിലും ഈ സഭയിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്ന സഭാ സമ്മേളനകാലത്തുതന്നെ ധൃതിപിടിച്ച് കൊണ്ടുവന്ന് പാസ്സാക്കണമെന്നില്ല. അൽപ്പം ചർച്ചയ്ക്കൊക്കെ സമയം ലഭിക്കുന്ന വിധത്തിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നുവെങ്കിലും സമയമെടുത്ത് പോകാം. സബ്ജക്ട് കമ്മിറ്റിയിൽ നമുക്ക് വിശദമായി ചർച്ച ചെയ്തുപോകാം. പ്രത്യേക സമ്മേളനം ഇതിനുവേണ്ടി വിളിക്കാം. ആ ഒരു അണ്ടർസ്റ്റാൻഡിംഗിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ ഈ ബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുകയും ചെയ്തു. ഈ ബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ച് വളരെ അടിസ്ഥാനപരമായി ചിന്തിക്കണമെന്നാണ് എനിക്ക് പ്രതിപക്ഷ നേതാക്കന്മാരോടും നിയമസഭയിലെ മറ്റ് അംഗങ്ങളോടും പറയാനുള്ളത്. കാലാകാലങ്ങളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട

LIBRARY ARCHIVES Kerala Legislative Assembly

മാറ്റത്തെക്കുറിച്ച് പഠനങ്ങളും റിപ്പോർട്ടുകളും പരാമർശങ്ങളുമൊക്കെ വന്നുകൊണ്ടിരുന്ന ഒരു വിഷയമാണ്. വിദ്യാഭ്യാസ രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന ഒരു സ്റ്റേറ്റ് എന്നുള്ള ഖ്യാതി കേരളത്തിനുണ്ടായിരുന്നു. സാക്ഷരതയുടെ കാര്യവും മറ്റ് കാര്യങ്ങളും വച്ചുകൊണ്ട് ഇപ്പോഴും അങ്ങനെ നമ്മൾ അവകാശപ്പെടുന്നുണ്ട്. ലോകമെമ്പാടും ഇത് അറിയപ്പെട്ടതാണ്. ലോക സംഘടനകളിലൊക്കെ ഇത് പരാമർശ വിഷയമാണ്. കേരളീയർ എപ്പോഴും അഭിമാനം കൊള്ളുന്ന വിഷയമാണ്. അതിന്റെ ഫലം ഈ സ്റ്റേറ്റിലെ ജനങ്ങൾ അനുഭവിച്ചിട്ടുണ്ട്. വിദേശത്തൊക്കെ പോയി ജോലി ചെയ്യാനും പ്രശംസനീയമായ പദവികളിൽ ഇരിക്കാനും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളമാണ് വിദ്യാഭ്യാസരംഗത്ത് മുന്നിലുള്ളത് എന്നുള്ള അഭിമാനകരമായ സ്ഥാനം കേരളീയർക്കുണ്ടായിരുന്നു. പക്ഷേ മാറി വന്ന സാഹചര്യത്തിൽ കഴിഞ്ഞ പത്തിരുപതു വർഷക്കാലമായി ലോകത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റത്തിന്റെ കാലഘട്ടത്തിൽ ഒരിഞ്ചുപോലും ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാരത്തിന്റെ കാര്യത്തിൽ മുന്നോട്ടു പോകാതെ നമ്മൾ നിന്നതുകൊണ്ട് നമുക്ക് ആ സ്ഥാനം പതുക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ളത് ഐകകണ്ഠ്യേന എല്ലാ വിദഗ്ദ്ധരായിട്ടുള്ള ആളുകളും പറയുന്ന വിഷയമാണ്. മാത്രമല്ല, വളരെ ഗൗരവമുള്ള വിഷയമെന്നു പറയുന്നത്, ഇപ്പോൾ ഇന്ത്യയിൽ നിലവാരമുള്ള സ്ഥാപനങ്ങളുടെ, ഈയടുത്ത കാലത്ത് 'ഇന്ത്യാ ടുഡേ' പബ്ലിഷ് ചെയ്ത പഠന റിപ്പോർട്ടുണ്ട്. അതുപോലെ പല ഏജൻസികളും നടത്തുന്ന പഠന റിപ്പോർട്ടുകൾ ഉണ്ട്. നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും അതിനെത്തുടർന്ന് വന്നിട്ടുള്ള പഠനങ്ങളിലും നിലവാരത്തിന്റെ കാര്യത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം വളരെ പുറകോട്ടുപോയിരിക്കുകയാണ്. ഇത് വളരെ ഗൗരവമുള്ള ഒരുവിഷയമാണ്. ഉന്നത വിദ്യാഭ്യാസമെന്നു പറഞ്ഞാൽ, രാജ്യത്തിന്റെ പുരോഗതിക്കാവശ്യമായ എല്ലാ അടിസ്ഥാന വിഷയങ്ങളും ഫണ്ടമെന്റലായിട്ട് കൃത്യമായിൽ നിന്നാണ് ഉടലെടുക്കുന്നത്. സിവിക്കോൺ വാലി ആരംഭിച്ചത് എവിടെ നിന്നാണ്? ലോകത്ത് വ്യവസായ വിപ്ലവം എവിടെ നിന്നാണ് ഉണ്ടായത്? ഇന്നു സംഭവിച്ചിരിക്കുന്ന ഇൻഫൊർമേഷൻസ്, ഇനോവേറ്റീവ് ഐഡിയാസ്, ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് എല്ലാം കൃത്യമായിൽ നിന്ന് ഉടലെടുത്തതാണ്. വ്യവസായ രംഗത്തും മറ്റും നമുക്ക് മുന്നാട്ടുപോകാൻ കഴിയുന്നില്ലായെന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. ഐ.ടി., ബയോ ടെക്നോളജി എന്നീ പുതിയ ടെക്നോളജിയിലൊന്നും മുന്നാട്ടുപോകാൻ കഴിയുന്നില്ലായെന്ന് പറഞ്ഞ് ഇവിടെ നിസംഗതയോടുകൂടി നിൽക്കുന്ന അഡ്മിനിസ്ട്രേറ്റീവ് വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്ന ഏതാനും ഡിഗ്രികൾ, ബ്രിട്ടീഷ് ഹിസ്റ്ററിയും, ഇന്ത്യൻ ഹിസ്റ്ററിയും പഠിച്ച് കുറച്ച് ഡിഗ്രികൾ സംഭാവന ചെയ്താൽ ആർക്കും പ്രയോജനമില്ലാത്ത രീതിയിൽ പോകുന്ന ഒരു സമിതിവിശേഷം നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുകയാണ്. സ്റ്റാഗ്നേഷൻ ഉണ്ടാകുക എന്നു പറഞ്ഞാൽ അങ്ങേയറ്റം സങ്കടകരമായ ഒരു കാര്യമാണ്. നമ്മുടെ പഴയ കാലത്തെ യൂണിവേഴ്സിറ്റികൾക്കുണ്ടായിരുന്ന നിലവാരം പോലും ഇന്നില്ല. ഈ നിലവാരത്തകർച്ച എന്തുകൊണ്ട് സംഭവിച്ചു എന്നുള്ളത് നമ്മൾ പരിശോധിക്കേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്ന തരത്തിലുള്ള വിശാലമായ വീക്ഷണങ്ങളാണ് ഈ ബില്ലിൽ ഉദ്ദേശിക്കുന്നതെങ്കിൽ ഇതു സംബന്ധിച്ച് ഇതിനകം പ്രസിദ്ധി നേടിക്കഴിഞ്ഞിട്ടുള്ള ഇതുപോലുള്ള കോളേജുകളെപ്പറ്റി പഠിക്കുകയും അതുസംബന്ധിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുകയും ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടതുകൊണ്ട് സാധിക്കില്ല. അതുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് വിട്ടുകൊണ്ട്, ഇതിന്റെ എല്ലാ വശങ്ങളും വിശദമായി പഠിച്ചുകൊണ്ട്, ഇവിടെ ഒരു പഠനത്തിനുവേണ്ടി ഗവൺമെന്റ് എന്തുകൊണ്ടാണ് തയ്യാറാകാത്തത്? ചുളുവിൽ ഇത് പാസ്സാക്കിയെടുക്കുന്ന രീതി, ഇത്തരത്തിലൊരു വിശാല വീക്ഷ്യം നേടുന്നത് സഹായകരമാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇതിൽ രണ്ട് സമീപനമാണുള്ളത്. ഗവൺമെന്റിന്റെ സമീപനം വളരെ വ്യക്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. ആവശ്യമായ സമയമെടുത്ത്, ആവശ്യമായത്ര വിശദീകരണങ്ങളിലേക്ക് പോയി പോസിറ്റീവായിട്ടുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന കാര്യത്തിൽ ഗവൺമെന്റിന് മടിയില്ല. സെലക്ട് കമ്മിറ്റി എന്നു പറയുമ്പോൾ ഇത് കോൾഡ് സ്റ്റോറേജിൽ വയ്ക്കാനുള്ള പരിപാടിയായിക്കളയുമെന്നുള്ള ആശങ്കയാണ് ഗവൺമെന്റിനുള്ളത്. പിന്നെ ടൂർ ആയി, 20 വർഷം വൈകിയ ഒരു ബിൽ ഇനി വീണ്ടും കോൾഡ് സ്റ്റോറേജിൽ, എത്രയോ തവണ കോൾഡ് സ്റ്റോറേജിലേക്കുപോയ ഒരു നിയമത്തിന് വീണ്ടും ആ ദുരവസ്ഥയുണ്ടാകരുതെന്നുള്ളതുകൊണ്ടാണ്. സെലക്ട് കമ്മിറ്റി വേണ്ടെന്നു പറഞ്ഞത്. പക്ഷേ സബ്ജക്ട് കമ്മിറ്റി ആയാലും ശരി പോസിറ്റീവായിട്ടുള്ള ഒരു consensus-ന്റെ അടിസ്ഥാനത്തിൽ കഴിയുന്നതും പോകേണ്ടതാണ്. ഇതിന് ഒറ്റ അഭിപ്രായമാണുള്ളത്. എന്തിനാണ് ഇത്തരമൊരു dividing line? അത് വളരെ narrow ആണെന്നാണ് എന്റെ അഭിപ്രായം. Political representation തുടങ്ങിയ കാര്യങ്ങളിൽ മാത്രമാണ് ഭരണകക്ഷിക്കും പ്രതിപക്ഷത്തിനും തമ്മിലുള്ള അഭിപ്രായ വ്യത്യാസം വരുന്നത്. ഇവിടെ ഇലക്ഷൻ വേണമെന്നു പറഞ്ഞു, ഇലക്ഷനെ സംബന്ധിച്ചിടത്തോളം വന്നിരിക്കുന്ന വിഷയം എന്നു പറയുന്നത് ഇലക്ഷ നിലൂടെ കടന്നുവരുന്ന ആളുകൾ, യൂണിവേഴ്സിറ്റികളിൽ ഈ പറയുന്ന നിലവാരം ഉയർത്താൻ വേണ്ടി പ്രയോജനമായി വരുന്നില്ല എന്നുള്ളതുകൊണ്ടാണ്, അല്ലാതെ നോമിനേഷൻ നിർബന്ധമുള്ളതുകൊണ്ടല്ലല്ലോ.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇതിൽ അദ്ധ്യായം II(3)-ൽ പറഞ്ഞിരിക്കുന്നത് ഇന്ന് നിലവിലുള്ള നാല് യൂണിവേഴ്സിറ്റികളും രൂപീകരിച്ചിരിക്കുന്നത് കേരള നിയമസഭ നിയമനിർമ്മാണം നടത്തിയാണ്. എന്നാൽ ഇതിൽ 3(2)-ൽ ഗസറ്റ് വിജ്ഞാപനംമൂലം സർക്കാരിന്---(എ) ഏത് സർവ്വകലാശാല പ്രദേശത്തിന്റെയും പരിധി മാറ്റുകയോ, (ബി) നിലവിലുള്ള സർവ്വകലാശാല പ്രദേശങ്ങളുടെ പരിധികളിൽ മാറ്റം വരുത്തി പുതിയ സർവ്വകലാശാലയോ.....

മി. സ്പീക്കർ: ഇതിന്റെ ഡീറ്റെയിൽസ് പിന്നെ ഡിസ്ക്കസ് ചെയ്യാം. ഇതിപ്പോൾ ഉന്നയിക്കുന്നതെന്തിനാണ്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതൊക്കെ ജനറലായിട്ട് പറയാം. ശ്രീ. ടി. കെ.ദേവകുമാർ ഒരു ഒബ്ജക്ഷൻ തന്നിരുന്നു. അതിൽ ഇക്കാര്യം എഴുതിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇവിടെ ഉന്നയിക്കാത്തതുകൊണ്ട് മറുപടി പറഞ്ഞില്ല എന്നേയുള്ളൂ. അതിന് നിയമസഭയുടെ പ്രമേയം വേണം. അതിനൊക്കെ നിബന്ധനകളുണ്ട്. എളുപ്പം അങ്ങനെ ചെയ്യാവുന്ന കാര്യങ്ങളല്ല. ജനാധിപത്യവും സോഷ്യൽ കൺട്രോളും ഗവൺമെന്റ് കൺട്രോളുമൊക്കെ ഇതിൽ കൂടുതലായി വരികയാണ്. എന്റെ വിഷയം അതല്ല, നമുക്ക് ഒരു consensus-നു ശ്രമിക്കാം. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് വിരോധമില്ല. ഒരു consensus ഉണ്ടാകുമെങ്കിൽ അതാണ് നല്ലത്. കാലാകാലങ്ങളിൽ എല്ലാവരും ആവശ്യപ്പെട്ട ഉന്നത വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്ന സർവ്വകലാശാലകളിലെ ശോചനീയമായ സ്ഥിതിവിശേഷം മാറ്റുന്ന ഒരു approach എടുക്കാൻ നമുക്കെല്ലാവർക്കും കൂടി ആലോചിച്ച് സാധിക്കുമെങ്കിൽ അത് വളരെ നല്ലതാണ്. സബ്ജക്ട് കമ്മിറ്റി എന്ന് പറഞ്ഞതുകൊണ്ട് അത് ഇല്ലാതാകേണ്ട കാര്യമില്ല. നമുക്കത് ആലോചിക്കാം. അപ്പോൾ ഇതിനകത്ത് സദുദ്ദേശത്തോടുകൂടിയാണ് എക്സിക്യൂട്ടീവ് കൗൺസിലും മറ്റ് സമിതികളുമൊക്കെ കൊണ്ടുവന്നിരിക്കുന്നത്. അപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യം ഇന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. യൂണിവേഴ്സിറ്റികളിൽ ഇപ്പോൾ എന്താണ് നടക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ അങ്ങ് വളരെ liberal approach ആണ് എടുത്തിരിക്കുന്നത്. ഇവിടെ സെലക്ട് കമ്മിറ്റിയുടെ കാര്യം പറഞ്ഞു. ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ മന്ത്രിയായിരുന്ന സമയത്ത് ഇതുപോലൊരു ബിൽ അവതരിപ്പിച്ചു. അത് സെലക്ട് കമ്മിറ്റിക്കു പോയി. ഞാൻ ആ കമ്മിറ്റിയിൽ ഒരംഗമായിരുന്നു. ഞങ്ങൾ അഖിലേന്ത്യാ പര്യടനവേളയിൽ പല യൂണിവേഴ്സിറ്റികളിലും പോയി. ഇപ്പോഴും ആ ബിൽ കോൾഡ് സ്റ്റോറേജിലാണ്. ദയവായി ആ ദുരവസ്ഥയുണ്ടാകാതെ സബ്ജക്ട് കമ്മിറ്റി ഇക്കാര്യം പഠിച്ച് വൈകാതെയെങ്കിലും ഇത് പാസ്സാക്കാൻവേണ്ടി ശ്രമിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഒരു കാര്യം വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ 10-20 വർഷക്കാലമായി, 1992-നുശേഷം ആലോചിച്ചിരുന്ന ഈ നിയമനിർമ്മാണം പല കാരണങ്ങളാൽ ഇങ്ങനെ കോൾഡ് സ്റ്റോറേജിൽ പോയിരുന്ന ചരിത്രമാണ്. ഇനി അങ്ങനെ സംഭവിക്കാൻ പാടില്ലെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. അതേയവസരത്തിൽ പ്രതിപക്ഷവുമായി ആരോഗ്യകരമായ ഒരു ചർച്ച നടത്താൻ സമയം കൊടുക്കണമെന്നുള്ളതുകൊണ്ടാണ് ബിൽ ഈ നിയമ സഭയിൽ പാസ്സാക്കണ്ട, പ്രത്യേകമായി സമ്മേളനം വച്ച് പാസ്സാക്കിയാൽ മതിയെന്ന് തീരുമാനിച്ചത്. ആരോഗ്യകരമായ ഒരു ചർച്ചയ്ക്ക് എല്ലാവരും തയ്യാറാവുകയാണ് വേണ്ടത്. ഞാൻ പറഞ്ഞല്ലോ, dividing line, നമ്മൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തിന്റെ രേഖ എന്നു പറഞ്ഞാൽ വളരെ ചെറുതാണ്. ഇവിടെയുള്ള അടിസ്ഥാനപരമായ പ്രശ്നമെന്നു പറയുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാരത്തകർച്ച ഇല്ലാതാക്കാൻ വേണ്ടി നമ്മൾ കൂട്ടായി ശ്രമിക്കണമെന്നതാണ്. ഒരു സ്റ്റഡിയിൽ പറഞ്ഞിരിക്കുന്നത് കേരളം നേരിടുന്ന ഏറ്റവും വലിയ single largest problem എന്നു പറയുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരള സംസ്ഥാനം നിലവാരത്തിന്റെ കാര്യത്തിൽ പുറകോട്ടു പോയതാണെന്നാണ്. ആദ്യമുണ്ടായിരുന്ന അതേ നിലവാരത്തോടുകൂടി നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇവിടെയുള്ള യൂണിവേഴ്സിറ്റികൾ, ക്യാമ്പസുകൾ, സ്റ്റേറ്റിന്റെ നിർമ്മാണത്തിൽ, ഡെവലപ്മെന്റിൽ, വ്യവസായവൽക്കരണത്തിൽ, റിസർച്ചിൽ, എത്രയോ വലിയ പങ്ക് വഹിച്ചേനേ. എത്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളാണ് ഇവിടെയുള്ളത്? സാങ്കേതിക സർവ്വകലാശാലകളുണ്ട്, ഇവരൊക്കെ ഉദ്ദേശിച്ചിരുന്ന ജോലി ചെയ്യുന്നുണ്ടോ? നമ്മൾ വിഭാവന ചെയ്തിരിക്കുന്ന ഒരു സംഭാവന ഇന്ന് അവരിൽ നിന്നും ഉണ്ടാകുന്നുണ്ടോ? സിൻഡിക്കേറ്റും സെനറ്റുമൊക്കെ ചേരുമ്പോൾ ബഹളവും ബാക്കിയുള്ളതുമൊക്കെയാണ്. ഈ സ്ഥിതിവിശേഷം നമുക്ക് അഭികാമ്യമാണോ? Single largest problem കേരളം അഭിമുഖീകരിക്കുന്നത് ഇതാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

പഠന റിപ്പോർട്ടുകൾ പറഞ്ഞാൽ നമ്മൾ എവിടെ പോകും? കേരളത്തിലെ ജനങ്ങൾ എവിടെയെങ്കിലും പോയി ജീവിച്ചുകൊള്ളുമായിരുന്നു; ഇവിടെ എന്തെങ്കിലും ചെയ്യുമായിരുന്നു; സർവ്വീസ് രംഗത്തും ബാക്കിയുള്ള രംഗത്തുമൊക്കെ മുന്നോട്ടുപോയി കൊള്ളുമായിരുന്നു. പക്ഷേ ഈ നിലവാരത്തകർച്ച നമ്മൾ കാണുന്നില്ല. ഈ നിലവാരത്തകർച്ച പരിഹരിക്കാൻവേണ്ടി 20 കൊല്ലത്തെ ഗ്യാപ് മാറ്റി ഇനിയെങ്കിലും ശ്രമിക്കുന്നില്ലെങ്കിൽ നമുക്ക് ഈ ഉള്ളതൊക്കെ മതി. 19-ാം നൂറ്റാണ്ടിലെ പ്രാക്ടീസുമായി കഴിഞ്ഞുപോകുക എന്നുള്ളത് സങ്കടകരമാണ്. അതുകൊണ്ട് നമുക്ക് ആലോചിക്കാം. വെറും രാഷ്ട്രീയമല്ല, quality improve ചെയ്യാനാണല്ലോ. ഈ ബിൽലിൽ quality improve ചെയ്യുകയില്ല. വീണ്ടും ആശ്രിതരേയും അതുപോലെ തന്നെ political consideration-ഉം ബാക്കിയുള്ളതുമൊക്കെ വരുമെന്ന് നിങ്ങൾ ന്യായമായി ശങ്കിക്കുന്ന വിഷയങ്ങളുണ്ടെങ്കിൽ അത് മെറിറ്റിൽ നമുക്ക് ചർച്ച ചെയ്യാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത് തെരഞ്ഞെടുക്കപ്പെടുന്ന സിൻഡിക്കേറ്റാകുമ്പോൾ രാഷ്ട്രീയക്കാർ വരുന്നു. മറ്റുള്ളവരൊക്കെ കടന്നുവരുന്നു എന്നാണ്. നോമിനേറ്റഡ് ആയിട്ടുള്ള സിൻഡിക്കേറ്റാകുമ്പോൾ ഇത്തരക്കാർ അല്ലാത്തവർ വരും എന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ? ഇപ്പോൾ നിങ്ങൾ നോമിനേറ്റു ചെയ്തിരിക്കുന്ന എല്ലാവരും ഇങ്ങനെയാണല്ലോ. കണ്ണൂർ യൂണിവേഴ്സിറ്റി തുടങ്ങിയ യൂണിവേഴ്സിറ്റികളിലൊക്കെ നിങ്ങൾ രാഷ്ട്രീയക്കാരെയാണ് നോമിനേറ്റ് ചെയ്തിരിക്കുന്നത്. അതിൽ നിന്നും വ്യത്യസ്തമായി എന്തു മാറ്റമാണ് ഇതിൽ നിങ്ങൾ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി. കെ. കുഞ്ഞാലിക്കുട്ടി:</u> ഇത് നമുക്ക് ചർച്ച ചെയ്യാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഞാൻ അപ്രീഷ്യേറ്റ് ചെയ്യുന്നു. ഈ ബിൽലിനെതിരായി പറയുന്ന ഒരു വിമർശനം ഇതാണ്. അത് മെറിറ്റിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്തിട്ട് ഇങ്ങനെ വീണ്ടും ഗവൺമെന്റുകൾ ഇതൊക്കെ ഡയല്യൂട്ട് ചെയ്യാനുള്ള സാധ്യതയുണ്ടെന്നുള്ള ഒരു വിമർശനം വരാതിരിക്കാനുള്ള വിഷയം നമുക്ക് ചർച്ച ചെയ്യാം. മെറിറ്റിൽ ഡയല്യൂഷൻ വരാതിരിക്കാൻ വൈസ് ചാൻസലർ അങ്ങേയറ്റം ക്വാളിഫൈഡായിരിക്കണം, എക്സിക്യൂട്ടീവ് കൗൺസിൽ പെർഫെക്ടായിരിക്കണം. ഭരണം പെർഫക്ടായ, നിഷ്പക്ഷമായ ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്താണ് പ്രതീക്ഷിക്കുന്നത്? ലോകത്തൊക്കെ എന്താണ് കൺസിഡർ ചെയ്യുന്നത്? ലോകത്തെ യൂണിവേഴ്സിറ്റികളിലൊക്കെ ഗവൺമെന്റ് തിരിഞ്ഞു നോക്കാനേ പാടില്ല. അക്കാഡമിക് സ്വാതന്ത്ര്യമെന്നു പറയുന്നത് വേൾഡ് അംഗീകരിച്ചിട്ടുള്ള വന്നിച്ച ഒരു കൺസെപ്റ്റാണ്. അത് എങ്ങനെ പോയി എന്ന് നമ്മൾ നോക്കണം. അത്തരത്തിലുള്ള ഒരു ചർച്ചയ്ക്ക് ആരോഗ്യകരമായ political decision എടുത്ത് നിങ്ങൾ വരികയാണെങ്കിൽ, ഞാനിപ്പോൾ മുഖ്യമന്ത്രിയോട് ചോദിച്ചു നമുക്ക് ആലോചിക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇപ്പോൾ പറയുന്നത്. നിങ്ങൾ political decision എടുത്തു വരണം, ഇനി നമ്മുടെ ആശ്രിതന്മാരെ യൂണിവേഴ്സിറ്റികളിൽ ഇരുത്തണ്ട മെറിറ്റിൽ വന്നാൽ മതിയെന്നുള്ള ഒരു തീരുമാനം നിങ്ങൾ എടുക്കുമോ? ഇപ്പോൾ ഗവൺമെന്റിലാണ് ഞങ്ങൾ, അത് നമുക്ക് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങ് പറഞ്ഞ ആദ്യത്തെ പ്രശ്നത്തിൽ, ഏകീകൃത സർവ്വകലാശാലാ നിയമം നടപ്പിലാക്കിയ മഹാരാഷ്ട്ര, ഒറീസ്സാ, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ആ നിയമം നടപ്പിലാക്കിയിട്ട് അക്കാഡമിക് നിലവാരം ഉയർത്താത്ത എക്സ്പീരിയൻസ്, ഏകീകൃത സർവ്വകലാശാലാ നിയമമൊന്നും നടപ്പാക്കാത്ത അക്കാഡമിക് നിലവാരം ഉയർത്താൻ കഴിഞ്ഞ എക്സ്പീരിയൻസ് ഇതുരണ്ടും നമ്മുടെ മുന്നിലുണ്ട്. ഈ രണ്ട് എക്സ്പീരിയൻസിൽനിന്നും ശരി ഉൾക്കൊണ്ടുകൊണ്ട് ഒരു നിയമം നടപ്പിലാക്കാൻ തയ്യാറാകുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഇതെല്ലാം നമുക്ക് ബില്ലിൽ ചർച്ച ചെയ്യാവുന്നതാണ്. ഇതെല്ലാം ആദ്യമേ ചർച്ച ചെയ്യണമെന്നു വച്ചാൽ പ്രയാസമല്ലേ? ഈ ബില്ലിനെ സംബന്ധിച്ച് പ്രസംഗിക്കുമ്പോൾ ഇതെല്ലാം പറയാവുന്നതാണ്. അതല്ലാതെ ഇപ്പോൾ ചർച്ച ചെയ്യുന്നത് ശരിയല്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മെറിറ്റിൽ കൺസിഡർ ചെയ്യാൻ തയ്യാറാണ് എന്നുള്ള ഒരു അപ്രോച്ച് വ്യക്തമാക്കാനാണ് ഞാൻ ആമുഖമായി എന്റെ പ്രസംഗത്തിൽ ഇത്രയും പറഞ്ഞത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്താൻവേണ്ടി ഈ നിയമ സഭയ്ക്ക് കിട്ടിയിരിക്കുന്ന ഏറ്റവും നല്ല ചാൻസാണ്, ഏറ്റവും വലിയ അനർഘ നിമിഷമാണ് ഈ ബിൽ എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട് ഈ ഒരു സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഈ ബില്ലിനെ സമീപിച്ചാൽ അതനുസരിച്ചുള്ള, വളരെ പ്രോഗ്രസീവായിട്ടുള്ള ഒരു സമീപനമെടുത്ത് മെറിറ്റടിസ്ഥാനത്തിൽ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ഈ ബിൽ ചർച്ചയ്ക്ക് എടുക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സാധാരണ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അത് അംഗങ്ങളുടെ റൈറ്റ് ആണെന്നുള്ള രീതിയിൽ പോകുകയാണ്. അനിശ്ചിതമായി പ്രസംഗങ്ങൾ നീളുന്നു. ഈ ചർച്ചയിൽ പല അംഗങ്ങൾക്കും നറുക്കു വീഴുമെങ്കിലും അവർക്കൊന്നും പലപ്പോഴും പങ്കെടുക്കാൻ കഴിയാതെ വരികയാണ്. രണ്ട് ദിവസത്തേക്ക് ഈ ചർച്ച വച്ചിട്ടുണ്ടെങ്കിലും രണ്ടു ദിവസങ്ങളിലും ചർച്ചയ്ക്കായി മൂന്നു മണിക്കൂർ മാത്രമാണ് മാറ്റി വച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ ഈ ബില്ലിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ സംഖ്യ വളരെ കുറവായിരിക്കും. കേരളം വളരെയധികം കാതോർത്തു നിൽക്കുന്ന സുപ്രധാനമായ ഈ ബില്ലിൽ പരമാവധി ആളുകൾക്ക് പങ്കെടുക്കാൻ അവസരം നൽകത്തക്ക വിധത്തിൽ ഒരു ക്രമീകരണം ഉണ്ടാക്കാൻ അങ്ങ് ശ്രമിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: മൂന്നു ദിവസത്തെ ചർച്ചയാക്കാം. ബി.എ.സി. ഇപ്പോൾ കൂടുന്നുണ്ട്. മുഖ്യമന്ത്രിയുമായി സംസാരിച്ച് മൂന്ന് ദിവസമാക്കുന്നതിനുള്ള ഒരു തീരുമാനമെടുക്കാം.

[അദ്ധ്യക്ഷ വേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. എസ്. സുപാൽ: സർ, 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-8-2003 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇതൊരു കറുത്ത ദിനമാണ്. നമ്മൾ പവിത്രമെന്നു കരുതിയ നമ്മുടെ സർവ്വകലാശാലകളെ സർക്കാർ വകുപ്പാക്കി അധഃപതിപ്പിക്കുവാൻ,

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഒരു കാലിച്ചന്തയാക്കി മാറ്റുവാൻ, കച്ചവട മേഖലയാക്കി മാറ്റുവാനാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. ഇന്ന് നമ്മുടെ നാട്ടിലെ എല്ലാവരും തന്നെ ഈ ബില്ലിന് എതിരായി സംസാരിക്കുന്നവരാണ്. ഇത്രയേറെ പ്രതിഷേധം എന്തുകൊണ്ടാണ് ഈ ബില്ലിന് എതിരായി വരുന്നത് എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചിട്ടില്ല, പരിശോധിച്ചിട്ടില്ല എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. നമ്മുടെ വിദ്യാഭ്യാസ രംഗത്ത് പണ്ഡിതന്മാരായിട്ടുള്ള ധാരാളം ആളുകളുണ്ട്. അവരെല്ലാം പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് എന്റെ കയ്യിലിരിക്കുന്നത്. എല്ലാ വിദ്യാഭ്യാസ വിചക്ഷണന്മാരും വിദ്യാഭ്യാസ പണ്ഡിതന്മാരും വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന പ്രമുഖരായിട്ടുള്ള എല്ലാവരും പറയുന്നത് ഇത്തരമൊരു നിയമത്തിന്റെ ആവശ്യം ഇല്ലെന്നാണ്. ഇത്തരമൊരു നിയമം കൊണ്ടുവരുന്നത് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടിയല്ല മറിച്ച് കേരളത്തിലെ സർവ്വകലാശാലകളെ തങ്ങളുടെ പരിധിയിലാക്കികൊണ്ട് അവിടെ ഗവൺമെന്റിന് അനാവശ്യമായി ഇടപെടുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് എന്നാണ് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രമുഖരായിട്ടുള്ള എല്ലവരും സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ ഇങ്ങോട്ട് വരുന്ന അവസരത്തിൽ, നിയമസഭാ കവാടത്തിൽ വൻ പോലീസ് സന്നാഹത്തെയാണ് കണ്ടത്. നമുക്ക് സമന്വയത്തിന്റെ പാത സ്വീകരിക്കാം, നമുക്ക് ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാം, ഭേദഗതികളെ സംബന്ധിച്ച് ആലോചിക്കാമെന്നാണ് ബിൽ അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത്. ഗവൺമെന്റിന് യാതൊന്നും ഭയക്കുവാനില്ല; യാതൊന്നും പേടിക്കാനുമില്ല എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. സമന്വയത്തിന്റെ പാത സ്വീകരിക്കുന്ന ഒരു ഗവൺമെന്റ്; ഞാൻ ഈ നിയമസഭയിലേക്കു കടന്നുവരുന്ന അവസരത്തിൽ മുമ്പൊരിക്കലും കാണാത്ത തരത്തിലുള്ള പോലീസ് ബന്തവസ്സാണ് ഈ നിയമസഭാ കവാടത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ആരെയാണ് ഗവൺമെന്റ് ഭയപ്പെടുന്നത്; എന്തിനെയാണ് ഗവൺമെന്റ് ഭയപ്പെടുന്നത്? മുമ്പ് പല ബില്ലുകളും ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അന്നൊന്നും ഇല്ലാത്ത തരത്തിൽ വൻ പോലീസ് സന്നാഹം നമ്മുടെ നിയമസഭാ കവാടത്തിൽ ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ സമീപനം അതാണ്. കേരളത്തിന് ആവശ്യമുള്ള ബിൽ അല്ല ഇത്. ഈ ബിൽ കേരളത്തിൽ പാസ്സാക്കാൻ പാടില്ല. കേരളത്തിന്റെ വിദ്യാഭ്യാസപരമായ എല്ലാ നേട്ടങ്ങളേയും തകർക്കുന്ന ബില്ലാണിത്. അതുകൊണ്ടാണ് കേരളത്തിലെ വിദ്യാർത്ഥി സമൂഹം ഒന്നടങ്കം സേവ് എഡ്യൂക്കേഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ, വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ ഒക്കെ കേരളത്തെ ഒരു കറുത്ത അധ്യായത്തിലേക്ക് തിരിച്ചുവിടുന്ന ഈ ബിൽ കോളേജ് കാമ്പസ്സുകളിൽ കത്തിക്കണമെന്ന് തീരുമാനമെടുത്തത്. അത്രയും പ്രതിഷേധം ഈ ബില്ലിനെതിരായി കേരളീയ സമൂഹത്തിൽ ഉയർന്നുവന്നു കഴിഞ്ഞു. 1974-ലാണ് നമ്മുടെ സംസ്ഥാനത്ത് യൂണിവേഴ്സിറ്റി ബിൽ നിയമമായത്. എത്ര ചർച്ചകൾക്കുശേഷമാണ് നിയമമായത്. ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് മന്ത്രി പറഞ്ഞു നമുക്ക് ചർച്ചയാകാം എന്ന്. അങ്ങനെയാണെങ്കിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കാൻ വേണ്ടി ചർച്ചകൾ നടത്തുകയല്ലേ വേണ്ടത്? ധാരാളം ചർച്ചകൾ നടത്താമല്ലോ. 1974-ൽ കേരള യൂണിവേഴ്സിറ്റി നിയമം ധാരാളം ചർച്ചകൾക്കുശേഷമാണ് നിയമമായത്. സമൂഹത്തിലെ എല്ലാ ആളുകളോടും ഇതിന്റെ വിശദീകരണം ചോദിച്ചു; അവരുടെ അഭിപ്രായം ആരാഞ്ഞു. അതിനുശേഷമുണ്ടായ നിയമമാണ് 1974-ലെ കേരള സർവ്വകലാശാല നിയമം. കർഷകർ, കർഷകത്തൊഴിലാളികൾ, വിദ്യാഭ്യാസവിചക്ഷണർ, അധ്യാപകർ, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന പണ്ഡിതർ അങ്ങനെ സമൂഹത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരേയും ബന്ധപ്പെടുത്തിക്കൊണ്ട് 1974-ൽ പാസ്സാക്കിയ ഈ നിയമം വിശദമായ ചർച്ചകൾ നടത്തിയാണ് പാസ്സാക്കിയത്. ഇവരെയെല്ലാം ബന്ധപ്പെടുത്താനുള്ള കാരണമെന്താണ്? ഇവരെല്ലാം സമൂഹത്തിന്റെ ഭാഗമാണ്. ഇവരെല്ലാം അടങ്ങുന്നതാണ് സമൂഹം. അങ്ങനെ സമൂഹത്തിന്റെ ഒരു പരിഛേദമായി ആ ബില്ലിനെ മാറ്റുന്നതിനുവേണ്ടി കുറ്റമറ്റ നിലയിൽ ഒരു ബില്ലാക്കുന്നതിനുവേണ്ടി വളരെ ശ്രമകരമായിട്ടുള്ള പ്രവർത്തനമാണ് ഉണ്ടായിട്ടുള്ളത്. ഈ നിയമത്തെ മാതൃകയായി സ്വീകരിച്ചുകൊണ്ടാണ് ഇന്ത്യാ രാജ്യത്ത് പല സർവ്വകലാശാലകളും രൂപീകരിച്ചിട്ടുള്ളത്. നമുക്ക് അഭിമാനം നൽകുന്ന കാര്യമാണ്. 1974-ലെ കേരളാ സർവ്വകലാശാല നിയമത്തെ മാനദണ്ഡമാക്കി ഇന്ത്യയിൽ പല സർവ്വകലാശാലകളും നിയമമുണ്ടാക്കി എന്നു പറയുമ്പോൾ മലയാളികളായ കേരളീയർക്ക് അഭിമാനമുണ്ടാക്കുന്ന കാര്യമല്ലേ? ഇപ്പോൾ നമുക്ക് അപമാനഭാരത്താൽ പുറത്തിറങ്ങി നടക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇത് ഒരു മാനദണ്ഡമാക്കി വച്ചുകൊണ്ടാണ് ഇന്ത്യയിലെ പല സർവ്വകലാശാലകളും നിയമമുണ്ടാക്കിയത്. അത് നമുക്ക് അഭിമാനം പകരുന്ന കാര്യമാണ്. ഒരു കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ, 1974-ൽ കേരളത്തിനും ഇന്ത്യക്കും മാതൃകയായി ഇത്തരമൊരു സർവ്വകലാശാലാ നിയമം കേരള നിയമസഭ പാസ്സാക്കിയപ്പോൾ അന്ന് അതിന് നേതൃത്വം നൽകിയത് മുസ്ലീംലീഗുകാരനായ ഒരു മന്ത്രിയായിരുന്നു, സി. എച്ച്. മുഹമ്മദ് കോയ. വിധിവൈപരീത്യമെന്നു പറയട്ടെ, ഇന്നു സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം തകർക്കുന്ന സർവ്വകലാശാലകളുടെ എല്ലാ തരത്തിലുമുള്ള അന്തസ്സ് തകർക്കുന്ന ഈ ബിൽ ഇന്ന് കേരള നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ ഈ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നത് മുസ്ലീംലീഗുകാരനായ ഒരു മന്ത്രിയാണ്. അദ്ദേഹമാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. വിധിവൈപരീത്യമെന്നല്ലാതെ എന്താണ് അതിനെക്കുറിച്ച് പറയാൻ കഴിയുക?

ശ്രീ. സാജു പോൾ: ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി ഇവിടെ എസ്.എഫ്. ഐ. നിയമനിർമ്മാണം നടത്താൻ വേണ്ടി സമരം ചെയ്യുകയാണ് എന്നു പറഞ്ഞു. എസ്.എഫ്. ഐ. സമരം ചെയ്യുന്നത് സർക്കാരിനെ കബളിപ്പിക്കുന്നതിന് അല്ലെങ്കിൽ ജനങ്ങൾക്ക് ഗുണകരമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനത്തിന് സീറ്റ് നിർണ്ണയിക്കുന്നതിനും മെഡിക്കൽ കോളേജുകളിൽ ഫീസ് അമിതമായി വർദ്ധിപ്പിക്കുന്നതിനുമുള്ള നിയമനിർമ്മാണത്തിന് എതിരായിട്ടാണ്. ആ നിയമം നിർമ്മിക്കുവാൻ ധൈര്യപ്പെടാത്ത സർക്കാർ ഇവിടത്തെ സർവ്വകലാശാലകളിലെ ജനാധിപത്യ സ്വഭാവത്തെ കൊലചെയ്യുകയാണ് എന്നുള്ളത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: ഞാൻ അതിലേക്കാണ് വരുന്നത്. എസ്.എഫ്. ഐ.-യും, എ. ഐ.എസ്.എഫ്.-ഉം അടക്കമുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ സമരം നടത്തുന്നത് ആ ഒരൊറ്റ ലക്ഷ്യം വച്ചുകൊണ്ടാണ്. ഈ ബില്ലിലെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് സർക്കാരിന്റെ വാദമെന്താണ്? സർക്കാർ പറയുന്നത് ഉന്നത വിദ്യാഭ്യാസത്തിനും സാമ്പത്തിക അച്ചടക്കത്തിനും അക്കാഡമിക് സമൂഹത്തിനും കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നുള്ള ലക്ഷ്യമാണ് ബില്ലിനാധാരമായിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് സർക്കാർ വ്യക്തമാക്കുന്നത്. ഇതു പറയുമ്പോൾ ഈ നിയമനിർമ്മാണങ്ങളൊക്കെ, ഈ ഉദ്ദേശ്യലക്ഷ്യങ്ങളൊക്കെ ഇപ്പോൾ നിലവിലുള്ള സർവ്വകലാശാലാ നിയമത്തിലുമുണ്ട്. ബില്ലിൽ പറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിന് നിലവിലുള്ള നിയമങ്ങൾ ഒന്നും തടസ്സമില്ല. കുറച്ചുകൂടി ശ്രദ്ധിച്ച് കൈകാര്യം ചെയ്താൽ ഗവൺമെന്റ് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്ന കാര്യങ്ങൾ എല്ലാം തന്നെ നിലവിലുള്ള സർവ്വകലാശാലാ നിയമം കൊണ്ടുതന്നെ നമുക്ക് പരിഹരിക്കപ്പെടാൻ കഴിയും. അതുകൊണ്ട് പ്രത്യേകിച്ച് ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി നേരത്തേ തടസ്സവാദമുന്നയിച്ചുകൊണ്ട് ഞങ്ങൾ സംസാരിച്ചതിന് മറുപടിയായിട്ട് പറഞ്ഞത് സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന് മുമ്പാകെ ഈ കേസിന്റെ വാദം കഴിഞ്ഞ് വിധിവരാനിരിക്കുന്ന നിലയ്ക്ക്, സുപ്രീംകോടതി ഭരണഘടനാ ബഞ്ച് ഇതു പരിശോധിക്കുന്നതുകൊണ്ട് ഈ നിയമം കൊണ്ടുവരാൻ പ്രത്യേകമായ ഒരു തടസ്സവുമില്ലായെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയും ഈ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞത് ഈ ബിൽ കൊണ്ടു വരുന്നതിന് പ്രത്യേകമായ നിയമതടസ്സമുണ്ടെന്നാണ്. സുപ്രീംകോടതി ഈ കേസ് പരിഗണിക്കുന്നതുകൊണ്ട് പ്രത്യേകമായ ഒരു നിയമനിർമ്മാണം സുപ്രീംകോടതിയുടെ വിധിക്കുമുമ്പ് നടത്താൻ കഴിയില്ല എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. ഇത് ഈ ഗവൺമെന്റിന്റെ ഇരട്ടത്താപ്പ് നയമല്ലേ? ഇത് മാനേജുമെന്റുകളുടെ വിദ്യാഭ്യാസ കച്ചവടത്തെ സഹായിക്കാനുള്ളതാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഗവൺമെന്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതേയുള്ളൂ. വയനാട്ടിൽ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് പരിഗണനയിലിരിക്കുമ്പോഴാണ് ഇവിടെ ബിൽ കൊണ്ടുവന്ന് അതിനെ മറികടന്നത്. അങ്ങനെയുള്ള ഈ ഗവൺമെന്റ്, വിദ്യാഭ്യാസ രംഗത്ത് ഗുരുതരമായ പ്രശ്നമുണ്ടാക്കുന്ന ഈ വിഷയത്തെ സംബന്ധിച്ച് കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയമെന്നുള്ള രീതിയിൽ പറഞ്ഞുകൊണ്ട് നിയമമുണ്ടാക്കാതെ പോകുന്ന ഇരട്ടത്താപ്പ് നയംതന്നെയാണ് ഇത്. വിദ്യാഭ്യാസ നയം കുറ്റമറ്റതാക്കുമെന്ന പ്രചരണം പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ്. അതുപോലെ തന്നെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ യാതൊരു മാറ്റവും പുതിയ സർവ്വകലാശാലാ ബില്ലിൽ ഉണ്ടാകാൻ പോകുന്നില്ല. നമ്മുടെ സർവ്വകലാശാലകളുടെ സ്വയംഭരണവും ജനാധിപത്യ സ്വഭാവവും ഇല്ലാതാക്കുന്നതിനു മാത്രമേ ഈ ബിൽ ഉപകരിക്കുകയുള്ളൂ. ഇവിടെ സർവ്വകലാശാലകളുടെ ലക്ഷ്യങ്ങൾ സൂചിപ്പിക്കുന്ന ആറാം വകുപ്പു മുതൽ.....

ശ്രീ. എം. വി. ജയരാജൻ: കേരള സർവ്വകലാശാല വിദ്യാഭ്യാസ മേഖലയിൽ കൊണ്ടു വന്ന സമഗ്രമായ ആദ്യത്തെ നിയമം 1957-ലെ വിദ്യാഭ്യാസ നിയമമായിരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർവ്വകലാശാലകളെ സംബന്ധിച്ച ആദ്യത്തെ നിയമം കേരള സർവ്വകലാശാലാ നിയമമായിരുന്നു. ഇത് രണ്ടും കേരള നിയമസഭ പാസ്സാക്കിയത് സെലക്ട് കമ്മിറ്റിക്ക് വിട്ട് ആവശ്യമായ പഠനം നടത്തി വിദ്യാഭ്യാസ വിദഗ്ദ്ധൻമാരടക്കമുള്ളവരുടെ അഭിപ്രായം തേടിയശേഷമാണ് എന്ന കാര്യം അങ്ങേക്കറിയാമോ?

ശ്രീ. പി. എസ്. സുപാൽ: ഞാൻ ഈ ബില്ലിനുള്ള ഭേദഗതി അവതരിപ്പിച്ചതുതന്നെ ഈ കാര്യം പറഞ്ഞുകൊണ്ടാണ്. അങ്ങ് പറഞ്ഞത് ശരിയാണ്. സർവ്വകലാശാലകളുടെ ലക്ഷ്യങ്ങൾ സൂചിപ്പിക്കുന്ന 6-ാം വകുപ്പു മുതൽ 107-ാം വകുപ്പുവരെയുള്ള എല്ലാ വകുപ്പുകളിലും സർക്കാരിന്റെ നിയന്ത്രണം വ്യക്തമാണ്. സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങിയേ ഭരണപരവും സാങ്കേതികപരവുമായ തസ്തികകൾ സൃഷ്ടിക്കാവൂ എന്നുപറയുന്നു. അതുപോലെത്തന്നെ അദ്ധ്യാപക നിയമനത്തിന് ഇതൊന്നും

LIBRARY ARCHIVES Kerala Legislative Assembly

ബാധകമല്ലെന്ന് തോന്നും, പക്ഷേ അതിനും സർക്കാരിന്റെ അനുമതി ആവശ്യമാണ്. ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചത്, അദ്ദേഹം തന്നെ ഒരു യാഥാർത്ഥ്യം പറയുകയുണ്ടായി. അദ്ദേഹം അറിയാതെ പറഞ്ഞതാണോയെന്ന് എനിക്കറിയില്ല, എല്ലായിടത്തും ഗവൺമെന്റുകളെ സർവ്വകലാശാലകൾ അകറ്റി നിർത്തിയിരിക്കുകയാണെന്നാണ്. അദ്ദേഹം അറിയാതെ പറഞ്ഞുപോയതായിരിക്കാം. പക്ഷേ അങ്ങനെയാണ് മന്ത്രി പറഞ്ഞത്. കേരളത്തിൽ നിലവിലുണ്ടായിരുന്ന ആ സംവിധാനത്തെ തകർത്തുകൊണ്ടാണ് നമ്മുടെ സർവ്വകലാശാലകളെ പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിൽ പ്രൊ-വൈസ് ചാൻസലർക്ക് നൽകുന്ന വിപുലമായ അധികാരങ്ങളെ സംബന്ധിച്ച് മന്ത്രി ഇവിടെ സൂചിപ്പിച്ചു. കേരള, കോഴിക്കോട് സർവ്വകലാശാലാ നിയമങ്ങളിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊ-വൈസ് ചാൻസലറായിരിക്കുമെന്നും വൈസ് ചാൻസലറുടെ അഭാവത്തിൽ സിൻഡിക്കേറ്റ് യോഗത്തിലും സെനറ്റ് യോഗത്തിലും ബിരുദദാന യോഗത്തിലും അദ്ദേഹം അദ്ധ്യക്ഷത വഹിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. മഹാത്മാഗാന്ധി സർവ്വകലാശാലയിലാണെങ്കിൽ പ്രൊ-വൈസ് ചാൻസലർ തസ്തികയേ ഇല്ല. സർവ്വകലാശാലകളുടെ ഏതൊരു കാര്യവുമായി ബന്ധപ്പെട്ട വിഷയവും റിക്കാർഡും അദ്ദേഹത്തിന് എത്തിച്ചുകൊടുക്കണമെന്നാണ് ഈ ബില്ലിൽ നിഷ്ക്കർഷിച്ചിരിക്കുന്നത്. അതിൽനിന്നും നമുക്ക് എന്താണ് മനസ്സിലാക്കാൻ കഴിയുന്നത്? എല്ലാ കാര്യങ്ങളും ഗവൺമെന്റ് തീരുമാനിക്കും, എല്ലാ കാര്യങ്ങളും വിദ്യാഭ്യാസ വകുപ്പുമന്ത്രി തീരുമാനിക്കുമെന്നാണ്. അതുപോലെ അദ്ധ്യാപകരുടെ കൺസൾട്ടേറ്റീവ് കമ്മിറ്റി, വിദ്യാർത്ഥികളുടെ കൺസൾട്ടേറ്റീവ് കമ്മിറ്റി, വിദ്യാഭ്യാസ കൗൺസിൽ തുടങ്ങിയ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള മിക്ക കമ്മിറ്റികളുടേയും ചെയർമാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരിക്കുമെന്നാണ് ഈ ഏകീകൃത സർവ്വകലാശാലാ ബില്ലിൽ വ്യക്തമായി പറഞ്ഞിരിക്കുന്നത്. ഇത് സർവ്വകലാശാലകളുടെ സ്വയം ഭരണത്തിനേല്പുള്ള നഗ്നമായ കൈകടത്തൽ അല്ലെങ്കിൽ പിന്നെ മറ്റെന്താണ്? ഇത് സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം ഇല്ലാതാക്കുന്നു. നമ്മുടെ സർവ്വകലാശാലകൾ ജനാധിപത്യ വേദികളാണ്. എല്ലാപേരുടെയും പ്രതിനിധികൾ അതിൽ ഉണ്ട്. നേരത്തെ ശ്രീ. എം. വി. ജയരാജൻ സൂചിപ്പിച്ചതുപോലെ 1957-ലേയും 1974-ലേയും മാതൃകാപരമായ നിയമങ്ങളാണ്. ഒരുപാട് ചർച്ചകൾ നടത്തി, എല്ലാപേരിൽ നിന്നും തെളിവെടുപ്പുകൾ നടത്തി രൂപീകരിച്ചിട്ടുള്ള നിയമങ്ങളാണ്. നമ്മുടെ സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം നിലനിർത്തുന്നതിൽ പ്രത്യേകമായ ഊന്നൽ കൊടുത്ത നിയമങ്ങളായിരുന്നു 1957-ലും 1974-ലും പാസ്സാക്കിയ നിയമങ്ങൾ.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട പി. എസ്. സുപാൽ ജനാധിപത്യ സ്വഭാവത്തെക്കുറിച്ചും സ്വയംഭരണാവകാശത്തെക്കുറിച്ചും പ്രാതിനിധ്യ സ്വഭാവത്തെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞുവെന്നു മാത്രമല്ല വിദ്യാർത്ഥി പ്രാതിനിധ്യമടക്കമുള്ള, ജനാധിപത്യ സ്വഭാവമടക്കമുള്ള പലതും കണ്ണൂർ സർവ്വകലാശാലയിലും കൊലചെയ്യപ്പെട്ടിരിക്കുകയാണ്. നമുക്ക് ഇതിനെക്കുറിച്ചൊക്കെ വാദിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നടത്തിയ നിയമനിർമ്മാണത്തിലും കണ്ണൂർ സർവ്വകലാശാലയിൽ വിദ്യാർത്ഥി പ്രതിനിധി ഇല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട അംഗം ഈ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ആദ്യം കൊണ്ടുവന്ന യൂണിവേഴ്സിറ്റി ആക്ട് നോമിനേറ്റഡ് ആക്ടാണ്. പിന്നീട് നമ്മൾ പാസ്സാക്കിയ നിയമത്തിൽ വിദ്യാർത്ഥി പ്രതിനിധികൾ തെരഞ്ഞെടുപ്പിൽക്കൂടി വരുന്നതാണ്. സെനറ്റ് തെരഞ്ഞെടുക്കപ്പെട്ടതാണ്. സിൻഡിക്കേറ്റ് തെരഞ്ഞെടുക്കപ്പെട്ടതാണ്. അത് മുഴുവൻ മാറ്റി നോമിനേറ്റഡ് സമിതികളാക്കിയത് നിങ്ങൾ അധികാരത്തിൽ വന്നപ്പോഴാണ്. അതിനെയെന്തിനാണ് വളച്ചൊടിച്ച് അവതരിപ്പിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: ശ്രീ. കെ. സി. വേണുഗോപാൽ ഒരു തെറ്റിദ്ധാരണമൂലം പറഞ്ഞതാണ്. 11-ാം കേരള നിയമസഭ കാർഷിക സർവ്വകലാശാലാ നിയമം ഭേദഗതി ചെയ്തുകൊണ്ട് ഇവിടെ പാസ്സാക്കി. വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പും പഞ്ചായത്ത് പ്രസിഡന്റുമാരുടെ തെരഞ്ഞെടുപ്പും അതിനകത്തുള്ള ജനാധിപത്യപര മായിട്ടുള്ള എല്ലാ തെരഞ്ഞെടുപ്പുകളും ഈ സഭ പാസ്സാക്കിയ കാർഷിക സർവ്വകലാശാലാ ബില്ലിൽ ഉണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് തെറ്റിദ്ധരിപ്പിച്ചു കൊണ്ട് പറഞ്ഞതാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: ബഹുമാനപ്പെട്ട കെ. സി. വേണുഗോപാലിന് അറിഞ്ഞുകൂടാത്തതു കൊണ്ടല്ല, അദ്ദേഹം ഈ ബില്ലിന് എതിരാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: റഷ്യൻ വിപ്ലവ കാലഘട്ടത്തിൽ ലെനിനോട് വിദ്യാർത്ഥികൾ പഠിപ്പുമുടക്കി വിപ്ലവത്തിനോട് ചേരണമോയെന്ന് ചോദിച്ചപ്പോൾ ലെനിൻ പറഞ്ഞ മറുപടി 'നിങ്ങൾ അതിനുവേണ്ടി യോജിക്കേണ്ടതില്ല വിദ്യാർത്ഥികളുടെ ആദ്യത്തെ ചുമതല പഠിത്തമാണ്, രണ്ടാമത്തെ ചുമതല പഠിത്തമാണ്, അവസാനത്തെ ചുമതലയും പഠിത്തമാണ്' എന്നുള്ള കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. പി. എസ്. സുപാൽ: ശ്രീ. എ. എൻ. രാജൻ ബാബു ജെ.എസ്.എസ്.-ൽ ആയതി നുശേഷം അദ്ദേഹത്തിന് ലെനിൻ അങ്ങാടി മരുന്നോ പച്ച മരുന്നോയെന്ന് അറിയാത്ത സ്ഥിതിയാണ്. നമ്മുടെ കണ്ണൂർ സർവ്വകലാശാലാ ബില്ലിൽ എല്ലാ പേരുടെയും പ്രതിനിധികൾ ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകരുടെ പ്രതിനിധികൾ ഉണ്ട്, വിദ്യാർത്ഥികളുടെ പ്രതിനിധികളുണ്ട്. കർഷകരുടെ പ്രതിനിധികളുണ്ട്, തദ്ദേശ സ്വയംഭരണ സമിതികളുടെ പ്രതിനിധികളുണ്ട്. അവരെല്ലാം തന്നെ സെനറ്റിലും സിൻഡിക്കേറ്റിലുമൊക്കെ ജനാധിപത്യപരമായ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടാണ് ഈ സർവ്വകലാശാലകളുടെ വേദികളിൽ പ്രവർത്തിക്കുന്നത്. ഈ പുതിയ ബില്ലിൽ എല്ലാം നാമനിർദ്ദേശമാണ്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്നില്ല, എല്ലാം നോമിനേഷനാണ്. ഇതിൽ പറഞ്ഞിരിക്കുന്നത് സിൻഡിക്കേറ്റിന് പകരമുള്ള എക്സിക്യൂട്ടീവ് കൗൺസിലിലുള്ള 15 അംഗങ്ങളിൽ 9 പേരെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവരാണ് ബാക്കിയുള്ള 6 പേർ വി.സി., പി.വി.സി. ഉൾപ്പെടെയുള്ള എക്സ്-ഒഫിഷ്യോ മെമ്പർമാരാണ്. ഇത് പൂർണ്ണമായും നാമനിർദ്ദേശമാണ്. അതുപോലെത്തന്നെ പകരമുള്ള ജനറൽ കൗൺസിലിന്റെ ചുമതലയും വ്യത്യസ്തമല്ല. സെനറ്റിന് പകരമുള്ള ജനറൽ കൗൺസിലിൽ മുക്കാൽ ഭാഗവും നോമിനേഷനാണ്. അവർക്ക് സൗകര്യമുള്ള ആളുകളെ തിരുകിക്കയറ്റുവാൻ ശ്രമിക്കുന്നു. അക്കാഡമിക് കൗൺസിലിലും എക്സ്-ഒഫിഷ്യോ അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ മാത്രം ഉൾപ്പെട്ടതാണ്. ഇവിടെ ഈ ബിൽ ചർച്ചയ്ക്കുവന്ന അവസരത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. അതായത് നിങ്ങളുടെ ഉദ്ദേശം ശരിയാണെങ്കിൽ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം നോമിനേഷൻ ചെയ്യപ്പെടുന്ന ആളുകൾ രാഷ്ട്രീയത്തിനതീതമായി അക്കാഡമിക് സ്വഭാവം പുലർത്തുന്ന ആളുകളായിരിക്കുമെന്ന കാര്യത്തിൽ ഉറപ്പുപറയാൻ സാധിക്കുമോയെന്നുള്ള

11.00 A. M.] ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഉത്തരമില്ലായിരുന്നു. സിൻഡിക്കേറ്റിന് പകരമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം എടുത്തുകളഞ്ഞിരിക്കുന്നു. ഒരു കാര്യം മനസ്സിലാക്കണം. യൂറോപ്പിലെ ആദ്യത്തെ സർവ്വകലാശാല എന്നു പറയുന്നത് വിദ്യാർത്ഥികൾ സ്ഥാപിച്ച കൊളോക്ക്യൽ

സർവ്വകലാശാലയാണ്. അങ്ങനെ പാരമ്പര്യമുള്ള ഈ സംസ്ഥാനത്ത്, ഈ രാജ്യത്ത്, ഈ ലോകത്ത് ഇത്തരത്തിൽ ഈ പാരമ്പര്യമെല്ലാം അടിച്ചമർത്തിക്കൊണ്ട് വിദ്യാർത്ഥികളുടെ പ്രാതിനിധ്യംപോലും എടുത്തുകളഞ്ഞുകൊണ്ട് തികച്ചും ജനാധിപത്യവിരുദ്ധമായ ഒരു ബില്ലാണ് നിങ്ങൾ ഇവിടെ അവതരിപ്പിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: അങ്ങ് ഇവിടെ പറഞ്ഞു ഞങ്ങളുടെ ഗവൺമെന്റ് നോമിനേഷനിലൂടെ രാഷ്ട്രീയക്കാരെ തിരുകിക്കയറ്റുകയുണ്ടായി എന്ന്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇവിടെ വൈസ് ചാൻസലർമാരെ വച്ചു. പ്രകടമായും രാഷ്ട്രീയക്കാരായുള്ള സി.പി.എം. ഫെലോ ട്രാവലേഴ്സ് ആയ ഡോ. ഇക്ബാൽ, ശ്രീ. പി. കെ. രാജൻ, കോഴിക്കോട് ശ്രീ. കുറുപ്പ് എന്നിവരെ വൈസ് ചാൻസലർ ആക്കിയ നിങ്ങൾ ഇവിടെ വന്ന് പ്രസംഗിക്കുന്നത് മനസ്സാക്ഷിക്ക് നിരക്കുന്നതാണോ?

ശ്രീ. പി. എസ്. സുപാൽ: മഞ്ഞപ്പിത്തം പിടിച്ചവന്റെ കണ്ണിൽക്കൂടി നോക്കിയാൽ എല്ലാം മഞ്ഞയായിട്ടേ തോന്നുകയുള്ളൂ. ഞാൻ ശ്രീ. കെ. സി. ജോസഫിനെ കുറ്റം പറയുന്നതല്ല. എനിക്ക് ശ്രീ. കെ.സി. ജോസഫിനോട് ചോദിക്കാനുള്ളത്, ഈ വിദ്യാർത്ഥി പ്രവേശനവുമായി ബന്ധപ്പെട്ട്, അതായത് ഈ സിൻഡിക്കേറ്റിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഇല്ലാത്തതിനെ സംബന്ധിച്ച് ഏറ്റവും ആധികാരികമായി പറഞ്ഞിട്ടുള്ള ഒരു നേതാവാണ് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. മുരളീധരൻ. അദ്ദേഹം പറഞ്ഞു. വിദ്യാർത്ഥികളുടെ പ്രാതിനിധ്യം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉണ്ടാകണം. അതില്ലാതെ ഒരു ബിൽ അവതരിപ്പിക്കാൻ ഞങ്ങൾ അനുവദിക്കില്ലായെന്ന്. അദ്ദേഹത്തിനെ ഇപ്പോൾ നിങ്ങൾക്ക് വലിയ വിലയൊന്നുമില്ല. അതുകൊണ്ടായിരിക്കാം ഇപ്പോൾ നിങ്ങൾ അതെല്ലാം അവഗണിച്ച് വിദ്യാർത്ഥികളുടെ പ്രാതിനിധ്യംപോലും ഇല്ലാതെ ഇത്തരം ഒരു ബിൽ ഇവിടെ അവതരിപ്പിക്കുന്നത്.

ശ്രീ. എം. വി. ജയരാജൻ: നിലവിലുള്ള സിൻഡിക്കേറ്റോ സെനറ്റോ ഒക്കെ പിരിച്ചു വിടണം. എല്ലാ സമിതികളും പിരിച്ചുവിടണം. നോമിനേഷൻ എന്നു പറഞ്ഞാൽ കേരളത്തിൽ ഇതുവരെ ഇല്ലാത്ത വിധത്തിലാണ് ഈ ബില്ലിന്റെ 11-ാം ക്ലോസ്സിൽ തന്നെ പറയുന്നത്. അങ്ങനെ പിരിച്ചുവിട്ട് നോമിനേറ്റ് ചെയ്യുകയാണെങ്കിൽ 2,500 ആളുകളെ വിവിധ സമിതികളിലേക്ക് ഈ ഗവൺമെന്റിന് നോമിനേറ്റ് ചെയ്യാൻ കഴിയും. ആ 2,500 ആളുകളെ നോമിനേറ്റ് ചെയ്യാൻ വേണ്ടിയാണ് ഇത്തരം ഒരു നിയമനിർമ്മാണം നടത്തുന്നത് എന്ന കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. പി. എസ്. സുപാൽ: ഞാൻ അതിലേക്കാണ് വരുന്നത്. നോമിനേഷൻ വലിയ അപകടമാണ്. ഗോലികളി അറിയാത്തവർ സ്പോർട്ട്സ് പ്രതിനിധികളായി കൗൺസിലിലേക്ക് വരാൻ പോവുകയാണ്. അതുപോലെ കോടതി വരാന്തയിൽപോലും കയറിയിട്ടില്ലാത്തവൻ അഭിഭാഷക പ്രതിനിധിയായി വരാൻപോവുകയാണ്. അതുപോലെ അക്ഷരം എന്തെന്ന് അറിയാത്ത ആളുകൾ സാഹിത്യകാരൻമാരുടെ പ്രതിനിധികളായി വരാൻ പോവുകയാണ്. ഞാൻ പറയുന്നത് തെറ്റാണ് എന്ന തരത്തിൽ നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ല. കാരണം ഈ ഗവൺമെന്റ് വന്നതിനുശേഷം വിവിധ സർവ്വകലാശാലകൾക്ക് നോമിനേഷൻ നടത്തിയിട്ടുള്ള ആളുകളെ പരിശോധിച്ചാൽ അവരാരും തന്നെ യോഗ്യരല്ല എന്നതിനെ സംബന്ധിച്ച് വളരെ വ്യക്തമായി എല്ലാ മാധ്യമങ്ങളും വിദ്യാഭ്യാസ പണ്ഡിതൻമാരും ചൂണ്ടിക്കാണിച്ച കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി: ബഹുമാനപ്പെട്ട അംഗം സംസാരിക്കുമ്പോൾ കോടതിയിൽ പോകുന്ന അഭിഭാഷകരുടെ പട്ടികയും, അക്ഷരം അറിയാത്തവർ സാഹിത്യകാരന്മാരുടെ വിഭാഗത്തിലും വരും എന്നതിനെ സംബന്ധിച്ച് സൂചിപ്പിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഭരണസമിതി പിരിച്ചുവിട്ട് ശ്രീ. പൂച്ചാലി ഗോപാലനെ അഡ്മിനിസ്ട്രേറ്ററാക്കി വച്ച അനുഭവം മനസ്സിൽ വച്ചുകൊണ്ടാണ് ഇത് പറയുന്നത്.

ശ്രീ. പി. എസ്. സുപാൽ: അതിനെക്കുറിച്ചൊന്നും ഞാൻ കൂടുതൽ പറയുന്നില്ല. നോമിനേഷൻ ചെയ്യപ്പെട്ടവർ ഈ സെനറ്റ് യോഗങ്ങളിൽ പങ്കെടുക്കുന്നില്ല. സർക്കാരിനു വേണ്ടി വോട്ട് ചെയ്യാൻ കൈപൊക്കാൻ വേണ്ടി മാത്രമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾ സിൻഡിക്കേറ്റിലും സെനറ്റിലും ഒക്കെ പോകുന്നത്. ഇവിടെ ശ്രീ. ജയരാജൻ ഒരു കാര്യം സൂചിപ്പിച്ചു. പുതിയ ബിൽ ആകുമ്പോൾ, ഇത് പാസ്സാകുമ്പോൾ ഏതാണ്ട് 4,000 ത്തോളം ഒഴിവുകളാണ് വരാൻ പോകുന്നത്. ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാഡമിക് കൗൺസിൽ അടക്കം പി.വി.സി. മാരായി അങ്ങനെ നാമനിർദ്ദേശം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ 4,000 ത്തോളം പേരാണ് പുതിയതായി വരാൻ പോകുന്നത്. നല്ല കച്ചവടമായിരിക്കും. അല്ലാതെ ഇതിനെക്കുറിച്ച് എന്താണ് പറയാൻ കഴിയുക? അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ് എനിക്ക് പറയാനുള്ളത്. സ്വാശ്രയ കോളേജുകൾക്ക് യാതൊരു നിയന്ത്രണവും ഇതിൽ ഏർപ്പെടുത്തിയിട്ടില്ല.

ശ്രീ. എം. മുരളി: ഞാൻ ഉൾപ്പെട്ട നിയമസഭാ സബ്ജക്ട് കമ്മിറ്റിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കണ്ണൂർ യൂണിവേഴ്സിറ്റി നിയമത്തെക്കുറിച്ച് ചർച്ച നടത്തിയത്. ആ നിയമം ഇവിടെ കൊണ്ടുവന്ന് പാസ്സാക്കിയത് സെലക്ട് കമ്മിറ്റിയല്ല സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിച്ചതിനുശേഷമാണ് വന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഈ സഭയെ ഇപ്പോൾ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ഇപ്പോൾ ഇവിടെ അവതരിപ്പിക്കുന്ന ഈ നിർദ്ദിഷ്ട ബില്ലിലെ അതേ ചട്ടങ്ങളാണ്, അതേ മാനദണ്ഡങ്ങളാണ് കണ്ണൂർ സർവ്വകലാശാലയുടെ കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ ബില്ലിന് ഒരു ഭേദഗതിയും ഈ നിയമസഭയിൽ കൊണ്ടു വന്നിട്ടില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പി. എസ്. സുപാൽ: അങ്ങ് ആടിനെ പട്ടിയാക്കുന്ന ഒരു നയസമീപനം എടുക്കുന്നത് ശരിയല്ല. സ്വാശ്രയ കോളേജുകൾക്ക് യാതൊരു നിയന്ത്രണവുമില്ല. ഈ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമായി ഞാൻ അതിനെ കാണുകയാണ്. ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയം എന്താണ്? ഏറ്റവും ചർച്ച ചെയ്യപ്പെടേണ്ട വിഷയം എന്താണ്? ഈ ഗവൺമെന്റ് എന്താണ് പറഞ്ഞത്? ഇപ്പോൾ ബന്ധപ്പെട്ട ആളുകൾ അത് ഓർക്കുന്നുണ്ടാവില്ല. അതായത് സ്വാശ്രയ കോളേജുകൾ ഇവിടെ ധാരാളം അനുവദിച്ചപ്പോൾ, വിമർശനം ഉണ്ടായപ്പോൾ ഗവൺമെന്റ് പറഞ്ഞത് രണ്ട് സ്വാശ്രയ കോളേജ്=ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. എന്നുപറഞ്ഞാൽ 50 ശതമാനം സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കൊടുക്കുകയും ആ മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും ഉള്ള അതേ ഫീസ് കൊടുത്തുകൊണ്ട് ഇവിടെ പഠിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക എന്നുള്ളതാണ്. യു.ജി.സി.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതാണ് ഈ ബില്ലിൽ എന്ന് നിങ്ങൾ പറയുന്നു. 85 ശതമാനം മെറിറ്റ് സീറ്റാണ് യു.ജി.സി.-യുടെ നിർദ്ദേശം, അത് അംഗീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഈ ബില്ലിന് ആധാരമായി നിങ്ങൾ യു.ജി.സി.-യെ കൂട്ടുപിടിക്കുന്നല്ലോ. 85 ശതമാനം മെറിറ്റ് സീറ്റിൽ അഡ്മിഷൻ കൊടുക്കുന്ന നിർദ്ദേശം അംഗീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? കർണ്ണാടകയിൽ 75 ശതമാനം ആണ് മെറിറ്റ് സീറ്റ്. ഇവിടെ മറ്റു സംസ്ഥാനങ്ങളേക്കാൾ ഫീസ് കൂടുതലാണ്. വിമർശനങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങൾ എന്താണ് പറയുന്നത്? നിയമം കൊണ്ടുവരുമെന്ന് നിങ്ങൾ പറഞ്ഞു. നിയമം കൊണ്ടുവന്നില്ല, പിന്നീട് സുപ്രീംകോടതി വിധി കൊണ്ടുവരുമെന്ന് പറഞ്ഞു. വിധി വന്നില്ല. അവസാനം ഏകീകൃത സർവ്വകലാശാലാ ബില്ലിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് അതിശക്തമായ നിയമം കൊണ്ടുവരുമെന്ന് പറഞ്ഞു. പക്ഷേ നിങ്ങൾ കൊണ്ടുവന്ന നിയമം എന്താണ്? സ്വാശ്രയ സ്ഥാപനങ്ങൾ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിയാൽ പിഴ ചുമത്തും എന്നുള്ള ദുർബ്ബലമായ ഒരു നിയമമാണ് നിങ്ങൾ കൊണ്ടുവന്നത്. ഇതാണോ ശക്തമായ നിയമം? ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കോളേജുകളുടെ അംഗീകാരം റദ്ദാക്കാൻ നിങ്ങൾക്ക് കഴിയുമോ? അതിന് ആവശ്യമായിട്ടുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ നിങ്ങൾക്ക് ഉൾപ്പെടുത്താൻ കഴിയുമോ? ഇതിന്റെ ഫലമായി ഇപ്പോൾ കേരളത്തിലെ സാഹചര്യം എന്താണ്? ഇപ്പോൾ വീണ്ടും സ്വാശ്രയ സ്ഥാപനങ്ങൾക്ക് നിയന്ത്രണമില്ലാത്തതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നു. അതിനെതിരായി കേരളത്തിലെ വിദ്യാർത്ഥി സമൂഹം വലിയ സമരങ്ങൾ നടത്തുന്നു. വിദ്യാർത്ഥികൾ തല്ലുകൊള്ളുന്നു. ഞാൻ അടക്കമുള്ള ആളുകളെ പോലീസ് മർദ്ദിച്ചു. അതുകൊണ്ട് ഈ വിദ്യാർത്ഥികളെ ചർച്ചയ്ക്ക് വിളിച്ചുകൊണ്ട് അവരുമായി സംസാരിച്ച് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാൻ ആവശ്യമായിട്ടുള്ള നിയമം കൊണ്ടുവരാൻ എന്തുകൊണ്ട് നിങ്ങൾക്ക് കഴിയുന്നില്ല? കേരളത്തിലെ വിദ്യാഭ്യാസ പാരമ്പര്യം അങ്ങേക്ക് അറിയാം. കേരളത്തിലെ വിദ്യാഭ്യാസ പാരമ്പര്യമെന്താണ്? ഇവിടെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വിദ്യാഭ്യാസ മേഖലയെ സമ്പൂർണ്ണമായും കച്ചവടമേഖലയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. നമുക്ക് ഒരു കാലത്ത് കോത്താരി കമ്മീഷനായിരുന്നു. ഇപ്പോൾ അമ്പാനി-ബിർള കമ്മീഷനാണ്. അതിൽ പറയുന്നു ഉന്നത വിദ്യാഭ്യാസ മേഖല പൂർണ്ണമായും സ്വകാര്യ മേഖലയ്ക്ക് കൊടുക്കണമെന്ന് കേരളത്തിലെ ഗവൺമെന്റും പറയുന്നു ഉന്നത വിദ്യാഭ്യാസ മേഖല മാത്രമല്ല, പ്രൈമറി വിദ്യാഭ്യാസ മേഖലയും സെക്കന്ററി വിദ്യാഭ്യാസ മേഖലയും അടക്കം സ്വകാര്യ മേഖലയ്ക്ക് കൊടുക്കണമെന്ന്.

മി. ഡെ. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. എസ്. സുപാൽ: സർ ഞാൻ ഒരു പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കുന്നു. കർഷകന്റെയും കശുവണ്ടി തൊഴിലാളികളുടേയും മക്കൾക്ക് ഡോക്ടറും എഞ്ചിനീയറും ഒക്കെ ആകാൻ കഴിയുന്ന സാഹചര്യമായിരുന്നു കേരളത്തിൽ ഇതുവരെ ഉണ്ടായിരുന്നത് എങ്കിൽ, നമ്മുടെ വിദ്യാഭ്യാസമേഖല അതായിരുന്നുവെങ്കിൽ യൂണിഫോം ധരിക്കാനും ഫീസ് കൊടുക്കാനും കഴിയാതെ ആത്മഹത്യ ചെയ്യുന്ന വേളാങ്കണ്ണിമാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ നയമാണ് ഇന്ന് കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിനോട് യോജിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി പറഞ്ഞത് എന്താണ്? ഉന്നത വിദ്യാഭ്യാസ മേഖലയെ രക്ഷിക്കുന്നതിനുവേണ്ടിയാണ് എന്ന് സൂചിപ്പിച്ചു. അത് ഞാൻ അംഗീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെ. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. എസ്. സുപാൽ: അതുകൊണ്ട് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസത്തെ തകർക്കുന്ന, ജനാധിപത്യ സ്വഭാവം ഇല്ലാതാക്കുന്ന, കേരളത്തിന്റെ എല്ലാ വിദ്യാഭ്യാസ മൂല്യങ്ങളും തകർക്കുന്ന ഈ ബിൽ പിൻവലിച്ചുകൊണ്ട് യഥാർത്ഥത്തിൽ കേരള ജനതയോട് മാപ്പുപറയുകയാണ് ബഹുമാനപ്പെട്ട മന്ത്രി ചെയ്യേണ്ടത് എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. ജോർജ്: 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിനെ ഞാൻ പിൻതാങ്ങുന്നു. ഈ നിയമം ആവശ്യമാണെന്ന് പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. ഈ നിയമം അനിവാര്യമാണ് എന്നുള്ളത് സംബന്ധിച്ച് ചില കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. ഇവിടെ ഈ ബില്ലിന്റെ ചർച്ചയുടെ തുടക്കം നന്നായി, well begun എന്ന് സാധാരണ പറയാറുണ്ട്. ബഹുമാനപ്പെട്ട കോടിയേരിയുടെ ചോദ്യം ഉജ്ജ്വലമായിരുന്നു. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിയുടെ മറുപടി മനോഹരമായിരുന്നു. ബഹുമാനപ്പെട്ട കോടിയേരി സെലക്ട് കമ്മിറ്റിയുടെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി പറഞ്ഞു കോൾഡ് സ്റ്റോറേജ് ശരിയാകില്ല. അങ്ങനെ നല്ല ഒരു അന്തരീക്ഷത്തിൽ ഇതിന്റെ ചർച്ച ആരംഭിച്ചിരിക്കുകയാണ്. ഗവൺമെന്റിന്റെ സമീപനം വളരെ പോസിറ്റീവായി എനിക്ക് തോന്നുന്നു. അത് എന്തായാലും നന്നായി. ഇത് വേണമെന്നുള്ളത് ഒരു പുതിയ കാര്യമല്ല, പത്ത് കൊല്ലം മുമ്പ് ഈ നിയമം വന്നതാണ്. അത് വന്നപ്പോൾ എതിർപ്പുകൾ ഉണ്ടായി; സ്വാഭാവികമാണ്. എതിർപ്പ് രണ്ട് കാര്യത്തിനായിരുന്നു. ഒന്ന്, ഇത് യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശം ഇല്ലാതാക്കും, രണ്ട്, അക്കാഡമിക് മൗലികത നശിപ്പിക്കും. ഇങ്ങനെ രണ്ട് കാര്യങ്ങളെ സംബന്ധിച്ചാണ് അന്ന് എതിർപ്പ് ഉണ്ടായത്. ഇന്നും അത് തന്നെയാണ് എതിർപ്പ്. പക്ഷേ മറ്റ് സ്റ്റേറ്റുകൾ പലതും ഇത് നടപ്പാക്കി. കർണ്ണാടകത്തിലും തമിഴ്നാട്ടിലുമൊക്കെ പുതിയ നിയമം വന്നു അതുകൊണ്ട് ഈ നിയമം നമുക്കും ആവശ്യമുണ്ട് എന്നുള്ളതിന്റെ കാരണം പ്രധാനമായി ഞാൻ പറയാം. ഇന്ത്യാ രാജ്യത്ത് കേരളത്തിലും ഹയർ എഡ്യൂക്കേഷൻ മേഖലയിലെ അർഹതയെക്കുറിച്ച് ഒരു കണക്കുണ്ട്. Ministry of Human Resources പുറത്തിറക്കിയ കണക്ക് എന്താണെന്നറിയാമോ? നമ്മുടെ ഹയർ എഡ്യൂക്കേഷൻ മേഖലയിലെ അർഹത 12 ശതമാനം മാത്രമാണ്. 88 ശതമാനത്തിന് അർഹതയില്ല എന്നുള്ളത് വന്നിരിക്കുകയാണ്. എന്നാൽ മറ്റ് രാജ്യങ്ങളിൽ 60 ശതമാനത്തിനും 80 ശതമാനത്തിനും ഇടയ്ക്ക് ഹയർ എഡ്യൂക്കേഷന് അർഹത വന്നിരിക്കുകയാണ്. അതുകൊണ്ട് നമുക്ക് ആവശ്യം ഈ ഒരു planned കാലഘട്ടത്തിൽ ഈ അഞ്ച് കൊല്ലംകൊണ്ട് 12 ശതമാനം എന്നുള്ളത് 40 ശതമാനത്തിന്റെ ഒരു അർഹതയിലേക്ക് കൊണ്ടുവരാൻ പരിശ്രമിക്കുക എന്നുള്ളതാണ്. ഇത് ചെറുതല്ല, പ്രയാസമേറിയ ഒരു ലക്ഷ്യമാണ് എന്നുള്ളതിന് യാതൊരു സംശയവുമില്ല. കാരണം 50 വർഷംകൊണ്ട് ഉണ്ടാക്കിയെടുത്തത് അഞ്ച് വർഷം കൊണ്ട് മൂന്നിരട്ടിയാക്കാനാണ് ഉദ്ദേശം. അതുകൊണ്ട് വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. നമ്മുടെ യു.ജി.സി.-യുടെ കണക്കുകളിലും മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കണക്കുകളിലും എല്ലാം ഇത് പറയുന്നുണ്ട്. അതുകൊണ്ട് ഇത് ഒരു വെല്ലുവിളിയായി

LIBRARY ARCHIVES Kerala Legislative Assembly

എടുത്താലേ പറ്റൂ. ഇതിന് ഒരു യോജിച്ച ഭരണസംവിധാനം വേണം. ഈ ഭരണ സംവിധാനം വന്നാൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മുടന്ത് മാറ്റാൻ പറ്റും. ഈ പുതിയ ഭരണ സംവിധാനം വന്നാൽ ഉന്നത വിദ്യാഭ്യാസ മേഖലയെ ഉറക്കത്തിൽ നിന്ന് ഉണർത്താൻ സാധിക്കും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇപ്പോഴത്തെ സംവിധാനം ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ പരാജയപ്പെട്ടു എന്നുള്ളത് വ്യക്തമാക്കുന്ന റിപ്പോർട്ടുകൾ നമ്മുടെ മുമ്പാകെയുണ്ട്. ഇവിടെ പത്മാ രാമചന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടുണ്ട്. അതു പോലെതന്നെ വൈസ് ചാൻസലർ ആയിരുന്ന അബ്ദു റഹ്മാൻ കമ്മീഷന്റെ റിപ്പോർട്ടുണ്ട്. പത്മാ രാമചന്ദ്രനും കുറേനാൾ വൈസ് ചാൻസലർ ആയിരുന്നു. വിദ്യാഭ്യാസ മേഖലയിലും സാമ്പത്തിക രംഗത്തും പ്രഗത്ഭനാണെന്ന് പറയപ്പെട്ടിട്ടുള്ള ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടുണ്ട്. ഈ റിപ്പോർട്ടുകളിലൊക്കെ പറയുന്നത് എന്താണെന്നറിയാമോ? ഈ ഒരു സംവിധാനം പരാജയപ്പെട്ടിരിക്കുന്നു എന്ന്, ആദിശേഷയ്യാ റിപ്പോർട്ടിനെ എതിർത്ത പലരും പിന്നീട് അത് ശരിയാണെന്ന് സമ്മതിക്കുകയുണ്ടായി. ആദിശേഷയ്യാ റിപ്പോർട്ട് നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ദുരവസ്ഥ വരച്ചു കാട്ടിയിട്ടുള്ളത് അവഗണിക്കാൻ സാധ്യമല്ല. അതൊന്നും കാണാതെ മുന്നോട്ടുപോയതുകൊണ്ടാണ് നമുക്ക് വളരെ പിന്നോക്കം പോകേണ്ടി വന്നത് എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇന്ത്യാ രാജ്യത്തെ സ്റ്റേറ്റുകളിൽ കേരളം ഉന്നത വിദ്യാഭ്യാസ മേഖലയുടെ കാര്യത്തിൽ 22-ാം സ്ഥാനത്താണ്. ഇന്ത്യയിലെ 240 യൂണിവേഴ്സിറ്റികളിൽ ആദ്യത്തെ 100 യൂണിവേഴ്സിറ്റികൾ എടുത്താൽ അതിൽ കേരളത്തിൽ നിന്ന് ഒരു യൂണിവേഴ്സിറ്റിപോലും ഇല്ല എന്നുള്ളത് നാം ഓർക്കേണ്ടതായിട്ടുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റിക്ക് അംഗീകാരം ഇല്ല. സംസ്കൃത സർവ്വകലാശാലയ്ക്ക് അംഗീകാരം കിട്ടിയിട്ടില്ല. ഈ യാഥാർത്ഥ്യങ്ങൾ നമുക്ക് മാറ്റിവയ്ക്കാൻ സാദ്ധ്യമല്ല. ഈ കുത്തഴിഞ്ഞ സാഹചര്യം എങ്ങനെയുണ്ടായി? ഈ അവസ്ഥയ്ക്ക് പരിഹാരം കാണണ്ടേ? യൂണിവേഴ്സിറ്റിയുടെ ഭരണ വൈകല്യം, യൂണിവേഴ്സിറ്റികളുടെ സാമ്പത്തികമായിട്ടുള്ള പ്രതിസന്ധി, യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് ലക്ഷ്യത്തിന്റെ അഭാവം, ചില ഘട്ടങ്ങളിലുള്ള രാഷ്ട്രീയവൽക്കരണം അല്ലെങ്കിൽ പാർട്ടിവൽക്കരണം ഇങ്ങനെ യൂണിവേഴ്സിറ്റിയുടെ കുത്തഴിഞ്ഞ അവസ്ഥയുടെ കാരണങ്ങൾ നിരവധിയാണ്. പക്ഷേ നമുക്കിന്ന് ആവശ്യമായിട്ടുള്ളത് ഈ നിയമം പാസ്സാക്കി ഉന്നത വിദ്യാഭ്യാസ മേഖലയെ, യൂണിവേഴ്സിറ്റികളെ പുനഃസൃഷ്ടിച്ച് എടുക്കുകയാണ്. അതിന് ഒരു പ്രൊഫഷണൽ മാനേജ്മെന്റ് സമീപനം കൂടിയേ തീരൂ എന്നുള്ളതാണ്. അഡ്മിനിസ്ട്രേഷൻ മാത്രമായിട്ട് ഉണ്ടായാൽ പോരാ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നു പറയുമ്പോൾ അതിലെ പ്ലാനിംഗ്, അതിലെ ആക്ഷൻ, അതിൽ നിന്നുണ്ടാകുന്ന ഔട്ട് കം ഇതെല്ലാം വച്ചുകൊണ്ടുള്ള പ്രൊഫഷണൽ മാനേജ്മെന്റ് സമീപനം ഉണ്ടാകുകയും യൂണിവേഴ്സിറ്റിക്ക് ഒരു പുതിയ മുഖം പ്രദാനം ചെയ്യാൻ കഴിയുകയും വേണമെന്നുള്ളതിൽ സംശയമില്ല. യൂണിവേഴ്സിറ്റിയുടെ മൂല്യങ്ങൾ കൈയാളുന്ന ലക്ഷ്യങ്ങൾ മാത്രം പോരാ, മാർഗ്ഗങ്ങളും ശരിയായിട്ടുള്ള രീതിയിൽ ആകണം എന്നുള്ളത് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇവിടെ നമുക്ക് മറ്റൊന്ന് ചിന്തിക്കാനുള്ളത് നമ്മുടെ ദേശീയ ലക്ഷ്യങ്ങളും നേടിയെടുക്കാൻ സാധിക്കണം. ജവഹർലാൽ നെഹ്റു പറഞ്ഞു "If all is well with the Universities, all is well with the State" എന്ന്. എന്താണെന്നറിയാമോ ജവഹർലാൽ നെഹ്റു ഉദ്ദേശിച്ചത്? നമ്മൾ വിഭാവനം ചെയ്യുന്ന ഉജ്ജ്വലമായ, അതായത് യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം ആട്ടോണമി

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചുകൊണ്ട്തന്നെ നിയമം പാകപ്പെടുത്തി എടുക്കാൻ നമുക്ക് സാധിക്കണം എന്നുള്ളതാണ് പ്രഗൽഭൻമാരൊക്കെ പറഞ്ഞിട്ടുള്ളത്. ജവഹർലാൽ നെഹ്റു പറഞ്ഞതുപോലെതന്നെ ശാസ്ത്ര ഗവേഷണ രംഗത്ത് ഔന്നിദ്ധ്യത്തിൽ എത്താൻ നമുക്ക് കഴിയണം. യഥാർത്ഥ പ്രതിഭകളെ കണ്ടെത്താൻ സാധിക്കണം. യഥാർത്ഥ പ്രതിഭകൾക്ക് കൂടുതൽ അവസരങ്ങളും ഉണ്ടാകണം. അവരുടെ സമീപനങ്ങൾ, അവരുടെ ഭാവനകൾ സമൂഹത്തിന് പ്രയോജനകരമാകണം. അതുകൊണ്ട് യൂണിവേഴ്സിറ്റിയും സൊസൈറ്റിയും തമ്മിലുള്ള ഒരു direct interaction ഉണ്ടായാൽ ഈ മേഖലയെ വിജയിപ്പിച്ചെടുക്കാൻ നമുക്ക് കഴിയും. ഈ വക കാര്യങ്ങളൊക്കെ ഈ സഭ പൂർണ്ണമായും അംഗീകരിക്കുന്നതാണ് എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഒരു പുതിയ ചുവടുവയ്പ് ഈ രംഗത്ത് ഉണ്ടാക്കാനും യൂണിവേഴ്സിറ്റികളുടെ സ്വതന്ത്രമായ നിലനിൽപ്പ് യാഥാർത്ഥ്യമാക്കാനും നമുക്ക് കഴിയണം. അമിതമായ ഇടപെടലിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അതിൽ ഗവൺമെന്റ് അതെല്ലാം പരിശോധിക്കാമെന്നുള്ള സമീപനവും നന്നായി. ഈ കാര്യം തീർച്ചയാണ്. "Healthy Government by the healthly societies is the existence of good education. It should be equipped with social relevant and technological development" എന്നുപറയുന്നത് യാഥാർത്ഥ്യമാക്കിക്കൊണ്ട് അറിവ് വീട്ടുമുറ്റത്ത് വന്നുനിൽക്കുന്ന ഈ സാഹചര്യത്തിൽ virtual യൂണിവേഴ്സിറ്റിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ നിയമത്തിന്റെ പ്രസക്തി അംഗീകരിക്കാൻ തയ്യാറാകുകയാണ് വേണ്ടത്. ഇവിടെ ഇന്റർനെറ്റ് സംവിധാനവും അതുപോലെതന്നെ ഇൻഫർമേഷൻ റെവല്യൂഷന്റേയും കാലം വന്നപ്പോൾ പഴഞ്ചൻ സമ്പ്രദായങ്ങളെ മാറ്റിവയ്ക്കാൻ നാം തയ്യാറായേ തീരൂ. Most people are other people, their lives a mimicry എന്നുപറഞ്ഞതുപോലെയല്ലാതെ പുതിയ കാൽവയ്പ് നമുക്ക് ഈ രംഗത്ത് ഉണ്ടായേ തീരൂ. മറ്റൊന്ന് ഇവിടെ അൺഎയ്ഡഡ് കോളേജുകളെപ്പറ്റിയല്ലേ ഏറ്റവും കൂടുതൽ വിമർശനം ഉള്ളത്? ഗവൺമെന്റ് വളരെ മുന്നോട്ടുപോയിരിക്കുന്നു എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അൺഎയ്ഡഡ് കോളേജുകളെപ്പറ്റി ചാപ്റ്റർ XIII, ക്ലാസ് 80-ൽ വ്യക്തമായി പറയുന്നുണ്ട്. ഇനി എന്തെല്ലാം നിർദ്ദേശങ്ങളുണ്ടോ അത് സ്വീകരിക്കണം അതിനെ നിഷേധാത്മകമായ രീതിയിൽ അല്ലാതെ കാണാനും ഗവൺമെന്റ് തയ്യാറാണ് എന്ന് ഇവിടെ പറഞ്ഞു കഴിഞ്ഞു. അതിൽ പറയുന്നു അൺ എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനം ക്രമീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്ന കാര്യം കൂടുതൽ ചർച്ചയ്ക്ക് അവസരം ഉണ്ടാകുമെന്നുള്ളതിന് സംശയമില്ല. ചില കാര്യങ്ങളൊക്കെ അപ്പുറത്തുനിന്ന് പറഞ്ഞത് പരിഗണിക്കേണ്ടതായിട്ടുണ്ട് എന്നുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുകയാണ്. ടീച്ചേഴ്സിന്റെ നിയമനം, യൂണിവേഴ്സിറ്റി ടീച്ചേഴ്സിന്റെ നിയമനം, വൈസ്ചാൻസലർക്കുള്ള അധികാരം ചാപ്റ്റർ IX -ൽ പറയുന്നുണ്ട്. സർ ഇപ്പോൾ നിയമനം സിൻഡിക്കേറ്റിനാണ്. അത് വി.സി.-ക്ക് കൊടുക്കുകയാണ്. അതിലുള്ള ഒരു controversy എന്താണെന്നാ, വൈസ്ചാൻസലർ ആണ് ഇതിലേയ്ക്കുള്ള കമ്മിറ്റിയിലെ എക്സ്പെർട്ട്സിനെ നോമിനേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുക. വൈസ്ചാൻസലർ ആണ് ഇതിലേയ്ക്കുള്ള എക്സിക്യൂട്ടീവ് കൗൺസിലിൽ നിന്നുള്ള മെമ്പറെ നോമിനേറ്റ് ചെയ്യുന്നത്. ഈ കമ്മിറ്റിയുടെ ചെയർമാൻ വൈസ്ചാൻസലർ ആണ്. പിന്നെ ഈ എക്സിക്യൂട്ടീവ് കൗൺസിലിന് തന്നെ ഈ അധികാരം കൊടുക്കുന്നതുകൊണ്ട് വിരോധമൊന്നുമില്ല. എന്റെ അഭിപ്രായം ഞാൻ പറയുകയാണ്. വൈസ്ചാൻസലർക്ക് പരമാധികാരം നൽകുന്നു എന്നുള്ള തോന്നൽ ഉണ്ടാകേണ്ടതായിട്ടുള്ള കാര്യമില്ല. വിദ്യാർത്ഥി പ്രാതിനിധ്യത്തെപ്പറ്റി ഇവിടെ വളരെയധികം പറഞ്ഞുകഴിഞ്ഞു. എനിക്ക് ഓർമ്മയുണ്ട്. 1967-ൽ കോഴിക്കോട് സർവ്വകലാശാലാ നിയമം വന്നപ്പോൾ സി.എച്ച്. മുഹമ്മദ്കോയ അത് അവതരിപ്പിച്ച അന്ന് സെലക്ട് കമ്മിറ്റിക്ക് പോയി. സെലക്ട് കമ്മിറ്റി എല്ലാ സ്ഥലങ്ങളിലും പോയി. ഞാൻ അതിൽ ഒരു മെമ്പർ ആയിരുന്നു. സെലക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ധാരാളമായി നമ്മൾ അനുഭവിച്ച് അറിഞ്ഞവരാണ്. അതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥി പ്രാതിനിധ്യത്തെപ്പറ്റി അന്ന് ശ്രീ. കെ. സി. വേണുഗോപാലിന്റെ മുൻതലമുറയിൽപ്പെട്ട നേതാക്കൾ പറഞ്ഞിട്ട് അന്ന് വിദ്യാർത്ഥി പ്രാതിനിധ്യത്തിനുവേണ്ടി അന്നത്തെ ബില്ലിൽ ഭേദഗതി മൂവ് ചെയ്ത ആളാണ് ഞാൻ. ആ ഭേദഗതി സ്വീകരിച്ചത് സി.എച്ച് മുഹമ്മദ്കോയ ആയിരുന്നു. വിദ്യാർത്ഥികൾ ഇപ്പോൾ ധാരാളം പരിചയസമ്പന്നരായിക്കഴിഞ്ഞു.

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> അന്ന് കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേറ്റിൽ വളരെ ദീർഘകാലം അംഗമായിരുന്ന അങ്ങ്, കേരളത്തിലെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് വളരെ മനോഹരമായിട്ടാണ് പറഞ്ഞിരിക്കുന്നത്. ശ്രദ്ധിക്കേണ്ട ഒരു കാര്യം, വിദ്യാർത്ഥി പ്രാതിനിധ്യത്തെക്കുറിച്ച് ശ്രീ. സുധാൽ സംസാരിച്ചപ്പോൾ പറഞ്ഞ കാര്യം കണ്ണൂർ യൂണിവേഴ്സിറ്റി മാത്രമല്ല യൂണിവേഴ്സിറ്റിയും സിൻഡിക്കേറ്റും സെനറ്റുമൊക്കെ രൂപീകരിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഉണ്ടായിരുന്നപ്പോഴാണ്. യു.ജി.സി. നിർബന്ധമാണെന്ന് പറഞ്ഞ് വിദ്യാർത്ഥി പ്രാതിനിധ്യം ഒഴിവാക്കിയുള്ള തുടക്കം കുറിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുമ്പോഴാണ്. എം. ജി. യൂണിവേഴ്സിറ്റിയുടെ ചരിത്രം അത് വ്യക്തമാക്കുന്നുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. പി. ജോർജ്ജ്:</u> ഇപ്പോൾ ശ്രീ. വേണുഗോപാൽ ഇടപെട്ടപ്പോൾ അത് ക്ലിയർ ആയി. വേറൊന്നും കൊണ്ടല്ല.

<u>ശ്രീ. എം. വി. ജയരാജൻ:</u> സെലക്ട് കമ്മിറ്റിയെപ്പറ്റിയുള്ള അങ്ങയുടെ അഭിപ്രായം കേൾക്കാൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. 1957-ൽ കേരള വിദ്യാഭ്യാസ നിയമം സെലക്ട് കമ്മിറ്റിക്ക് അയച്ചു. വൈകില്ല എന്നുള്ളതിന്റെ ഒരു ഉദാഹരണമാണ്. 20-7-1957-ലാണ് അയച്ചത്. റിപ്പോർട്ട് 23-8-1957-ൽ വന്നു.എന്നിട്ട് 2-9-1957-ൽ പാസ്സാക്കി. കേരളാ യൂണിവേഴ്സിറ്റി ബിൽ 2-8-1967-ന് നമ്മൾ അയച്ചു. അടുത്ത മാസം തന്നെ സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു. സെലക്ട് കമ്മിറ്റി യഥാർത്ഥത്തിൽ നീണ്ടുപോകാതെ തന്നെ ഈ പഠനം നടത്തിയിട്ടുണ്ട്. ഈ നിയമസഭയുടെ മുമ്പാകെ കൊണ്ടുവരാൻ കഴിയുകയില്ലേ? ഒരുപാട് അനുഭവങ്ങൾ ഇല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ ഇതുപറയാൻ വളരെ അർഹനായ ഒരാൾ തുടങ്ങിയ തുതന്നെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസരംഗത്തുള്ള സ്ഥാനത്തെ സംബന്ധിച്ച് പറഞ്ഞിട്ടാണ്. കഴിഞ്ഞ രണ്ടു കൊല്ലമായി സാധാരണക്കാരന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിക്കുക പ്രത്യേകിച്ച് ഗവൺമെന്റ് കോളേജിലാണല്ലോ, നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് കോളേജുകളിൽ പുതിയതായി ഒരു കോഴ്സിനും അനുവാദം കൊടുത്തിട്ടില്ല. ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ, വടകര ഗവൺമെന്റ് കോളേജിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാ വർഷവും പുതിയ ഗ്രാഡ്യുവേറ്റ് കോഴ്സുകൾ കൊടുത്തു കഴിഞ്ഞ രണ്ടു കൊല്ലമായി ഒരു കോളേജിലും പുതിയ കോഴ്സുകൾ കൊടുത്തിട്ടില്ല. അപ്പോൾ സാധാരണക്കാരന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നേടണമെങ്കിൽ സ്വാശ്രയ കോളേജുകളെ ആശ്രയിക്കണം. ഇപ്പോൾ സ്വാശ്രയ കോളേജുകളിൽ പാവപ്പെട്ടവരുടെ മക്കൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ കുറവാണ്. പണ്ട് വിദ്യാഭ്യാസ രംഗത്ത് ഈ പ്രവണതയുണ്ടായിരുന്നു. കേരളത്തിലും ഇന്ത്യയിലും പണക്കാരുടെയും വലിയ ഉദ്യോഗസ്ഥരുടെയും ഉയർന്ന ജാതിക്കാരുടെയും മക്കൾക്കുമാത്രം ഉന്നത വിദ്യാഭ്യാസം റിസർവ്വ് ചെയ്യപ്പെട്ട കാലഘട്ടം ഉണ്ടായിരുന്നു. കഴിഞ്ഞ പത്തമ്പത് കൊല്ലത്തിനിടയ്ക്ക് ആ അടിത്തട്ടിൽ കിടക്കുന്ന വിഭാഗത്തിലെ ചെറിയ ശതമാനത്തിന്.....

ശ്രീ. പി. പി. ജോർജ്ജ്: അങ്ങ് പറഞ്ഞത് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി നോട്ട് ചെയ്തു. ഇനി ഒരു പ്രശ്നവും ഉണ്ടാകില്ല. പിന്നെ ശ്രീ. ജയരാജൻ പറഞ്ഞ സെലക്ട് കമ്മിറ്റിയുടെ കാര്യം. സെലക്ട് കമ്മിറ്റിയുടെ ഇഫക്ട് ഇപ്പോൾ ഗവൺമെന്റ് പ്ലാൻ ചെയ്യുന്നത് അനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിക്ക് വിട്ടുകൊണ്ടുള്ള ഈ സംവിധാനം അതിന്റെ പ്രയോജനം ചെയ്യും. ഇനി ആവർത്തിക്കേണ്ട. ഇവിടെ ഒരു കാര്യം ഞാൻ പറയുകയാണ്. കോളേജുകളുടെ അഫിലിയേഷൻ.....

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ശ്രീ. നാണുവേട്ടൻ ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ പാർട്ടിയുടെ നേതാവ് ശ്രീ. ചന്ദ്രശേഖരൻ കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന അഞ്ച് കൊല്ലം ഒറ്റ കോഴ്സും കൊടുത്തിട്ടില്ലായെന്ന് ഞാൻ പറയുന്നു. എനിക്ക് ഓർമ്മയുണ്ട്.

ശ്രീ. പി. പി. ജോർജ്ജ്: അതുകൊണ്ടാണ് ബഹുമാനപ്പെട്ട ബഷീർ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ ഈ ആവശ്യവുമായി ഞാൻ അങ്ങയെ സമീപിച്ചത്. പിന്നെ ബഹുമാനപ്പെട്ട ബഷീർ പ്രഗൽഭനായ ഒരു വിദ്യാഭ്യാസ മന്ത്രിയായിരുന്നു എന്ന് എനിക്ക് പറയാൻ വളരെ സന്തോഷമുണ്ട്. ഞാൻ ഇനി അധികം പറയുന്നില്ല. ഒന്നു രണ്ടു കാര്യങ്ങൾ കൂടി പറയാം. കോളേജുകൾക്ക് അഫിലിയേഷൻ കൊടുക്കാൻ ഒരു പരിശോധനാ കമ്മിഷനെ വി.സി. വയ്ക്കുന്നു എന്ന് പറയുന്നു. അതൊന്നും ആവശ്യമില്ല. എക്സിക്യൂട്ടീവ് കൗൺസിലിനൊക്കെ അധികാരം ഇന്ന് ഉള്ളതുപോലെതന്നെ കൊടുക്കുന്നത് വളരെ ഗുണം ചെയ്യും. ഇനി ഒരു കാര്യംകൂടി, വി.സി.-യെ നിയമിക്കേണ്ട കാര്യം പറയാതിരിക്കാൻ വയ്യ. വി.സി.യെ നിയമിക്കാൻ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമത്തിൽ ചാൻസലറുടെ ഒരു പ്രതിനിധി, യു.ജി.സി.-യുടെ ഒരു പ്രതിനിധി, ഗവൺമെന്റിന്റെ ഒരു പ്രതിനിധി, എക്സിക്യൂട്ടീവിന്റെ ഒരു പ്രതിനിധി, നാലു പേരാക്കി, അത് ഒരു ആവശ്യവും ഇല്ല.

തെറ്റായ കാര്യങ്ങൾ മനസ്സിൽ ഉദ്ദേശിച്ചുകൊണ്ട് ആരൊക്കെയോ അതിൽ കൂട്ടുചേർത്തതാണ്. കാരണം അത് പാനലിൽ നിന്ന് ചാൻസലർ ആണ് തീരുമാനിക്കുന്നത്. പിന്നെ അദ്ദേഹത്തിന്റെ ഒരു നോമിനി ഇതിൽ ആവശ്യമില്ല. അത് മുമ്പുണ്ടായിരുന്നില്ല. അതുമാത്രമല്ല, ഇതിലുള്ള എക്സിക്യൂട്ടീവ് കൗൺസിലിന്റെ പ്രതിനിധിയെക്കുറിച്ചുള്ള ക്വാളിഫിക്കേഷൻ പറയുന്നുണ്ട്. ജീവനക്കാരൻ പാടില്ല, വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ഉള്ളവർ പാടില്ല. നോമിനേറ്റ് ചെയ്തിട്ടുള്ളവർ പാടില്ല എന്നൊക്കെ പറയുന്നുണ്ട്. അതിന്റെ അർത്ഥം എക്സ്-ഒഫിഷ്യോ മാത്രമേ പാടുള്ളൂ. അങ്ങനെയുള്ള കാര്യങ്ങളിൽ ഒന്ന് ശ്രദ്ധിക്കുന്നത് നല്ലതാണ്. മറ്റൊന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോൾ ഉള്ളവർ വളരെ പരിചയ സമ്പന്നരായ പ്രഗൽഭമതികളാണല്ലോ, എന്നാൽ ഒരു കാര്യം ഇതിനകത്ത് എങ്ങനെ കടന്നുകൂടി എന്ന് ഞാൻ ചോദിക്കുകയാണ്. ചാപ്റ്റർ IV -ൽ 19-ാം വകുപ്പിൽ പറയുകയാണ്. ജനറൽ കൗൺസിലിൽ എല്ലാ ഡീൻമാരും മെമ്പർമാർ ആണെന്ന്, അപ്പോൾ ഇതിന്റെ എണ്ണം കുറയ്ക്കമെന്ന് പറയുന്ന വാദഗതി എവിടെപ്പോയി? ഇതിന്റെ എണ്ണം കുറയ്ക്കണമെന്നുള്ളതാണ് ഉദ്ദേശ്യമെങ്കിൽ കേരളാ യൂണിവേഴ്സിറ്റിയിലുള്ള ഡീൻമാർ-19, എം. ജി. യൂണിവേഴ്സിറ്റിയിലുള്ള ഡീൻമാർ-12, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഡീൻമാർ-16, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഡീൻമാർ-11. എല്ലാ ഡീൻമാരും കൂടി 60 പേരുണ്ട്. അത് ഉണ്ടാകണമെന്നുള്ളതാണെങ്കിൽ എനിക്ക് വിരോധമില്ല. എനിക്ക് ഡീൻമാരെയൊക്കെ ഇഷ്ടമാണ്. ഡീൻമാർ ഇത്രയധികം വരുന്നത്, എന്നാൽ പിന്നെ ഡീൻമാരെ റൊട്ടേഷനിൽ വയ്ക്കാം. അതിനെക്കുറിച്ച് ആലോചിക്കണമെന്നു പറയാൻ ഉദ്ദേശിക്കുകയാണ്. ഒറ്റക്കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇവിടെ ന്യൂനപക്ഷ സമുദായ കോളേജ് എന്ന് പറഞ്ഞുള്ള പുതിയ നിർവ്വചനത്തിൽ ഒരു പുതിയ ക്ലാസ് ഇതിൽ എഴുതിച്ചേർക്കണം. കാരണം സുപ്രീംകോടതി നിശ്ചയിച്ചത് അനുസരിച്ച് ഭരണഘടനയുടെ ആർട്ടിക്കിൾ 30 പ്രകാരം മൈനോറിറ്റി റൈറ്റ്സിനെ സംബന്ധിച്ചുള്ള പ്രശ്നങ്ങളെക്കുറിച്ച് ഇത് കണ്ടില്ലായെന്ന് നടിക്കുന്നത് അതാണ്. അതുകൊണ്ട് ഇതിന് നിർവ്വചനങ്ങൾ കൊടുത്തിട്ടുള്ളതിൽ "ന്യൂനപക്ഷ സമുദായങ്ങൾക്ക് കോളേജ്" എന്നുള്ള ഒരു നിർവ്വചനം കൂടി ചേർക്കണമെന്നുപറഞ്ഞുകൊണ്ട് ഇതിന്റെ കൂടുതലുള്ള ചർച്ചാവേളയിൽ കൂടുതൽ പ്രയോജനകരമായ വകുപ്പുകൾകൂടി ചേർത്തുകൊണ്ട്..... ഞാൻ നല്ല അഭിപ്രായമാണ് നിങ്ങളെപ്പറ്റി പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് മിനിട്ടുകൂടി നീട്ടണം. ഒരു ആൾ വരാനുണ്ട്.

ശ്രീ. പി. പി. ജോർജ്: I am a teacher. അതുകൊണ്ട് കൃത്യമായ സമയം ശീലിച്ചിട്ടുള്ള ആൾ ആണ്. അതുകൊണ്ട് അതിൽ ആവശ്യമായ ഭേദഗതികൾ സ്വീകരിച്ചുകൊണ്ട് ഈ നിയമം കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ ഉയർച്ചയ്ക്ക് പ്രയോജനപ്പെടുത്തുന്ന ഒരു നിയമമാക്കി മാറ്റിയെടുക്കണം എന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഏകീകൃത സർവ്വകലാശാല ബിൽ ശക്തമായ എതിർപ്പിന് വിധേയമാകുന്ന ഒന്നാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇതിന്റെ സവിശേഷതകളെ സംബന്ധിച്ച് എല്ലാംതന്നെ ഇവിടെ വിവരിക്കുന്നത് കേട്ടു. അദ്ദേഹം ഈ വിശദീകരണം നടത്തുമ്പോൾത്തന്നെ സെലക്ട് കമ്മിറ്റിയിലേക്ക് അയയ്ക്കുന്നതു സംബന്ധിച്ചും, സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് ഇപ്പോൾത്തന്നെ അയച്ചിരിക്കുന്നതിനെക്കുറിച്ചും ചില ന്യായീകരണങ്ങൾ നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ ന്യായീകരണത്തിന് സഹായകരമായ നിലയിൽ, സെലക്ട് കമ്മിറ്റി എന്ന് പറയുന്നതുതന്നെ ബിൽ കോൾഡ് സ്റ്റോറേജിൽ വയ്ക്കുന്നതിന് സഹായിക്കത്തക്കവിധത്തിൽ ചില മാന്യന്മാരായ അംഗങ്ങൾ ഇടയ്ക്ക് ഇടപെട്ടുകൊണ്ട് അദ്ദേഹത്തെ സഹായിക്കുകയുംചെയ്തു. അങ്ങനെ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള എല്ലാ ബില്ലുകളും, സെലക്ട് കമ്മിറ്റിക്ക് അയച്ചിട്ടുള്ളത് നല്ലതുപോലെ പഠനം നടത്തിയിട്ട് തിരിച്ചു വന്ന് പാസ്സാക്കിയിട്ടുള്ളതുമാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ സി.എച്ച്. മുഹമ്മദ് കോയ വിദ്യാഭ്യാസവകുപ്പുമന്ത്രിയായിരുന്നപ്പോൾ പാസ്സാക്കിയ ബില്ലും അതുപോലെ ഉള്ളതാണെന്ന് ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കട്ടെ! നിർഭാഗ്യവശാൽ സി. എച്ച്. മുഹമ്മദ് കോയയുടെ സ്ഥാനത്ത് ഇപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരിക്കുന്ന ബഹുമാനപ്പെട്ട നാലകത്ത് സൂപ്പിക്കുവേണ്ടി എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ചിരിക്കുന്ന ബില്ലും തമ്മിൽ താരതമ്യം ചെയ്താൽ എനിക്ക് ഓർമ്മ വരുന്നത്, നരസിംഹ റാവുവിനെയാണ്, ഇന്ത്യയുടെ അന്നത്തെ പ്രധാനമന്ത്രി ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് അടിത്തറ പാകാൻ സഹായകരമായനിലയിൽ പൊതുമേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് അന്തർദേശീയമായ സോഷ്യലിസ്റ്റ് രാജ്യങ്ങൾ അടക്കമുള്ള രാജ്യങ്ങളുമായി ബന്ധപ്പെട്ട് അവിടെയുള്ള ഭരണമാറ്റങ്ങളെ സംബന്ധിച്ചെല്ലാം മനസ്സിലാക്കി, പൊതുമേഖല വഹിക്കുന്ന പങ്ക് ശരിക്കും മനസ്സിലാക്കിക്കൊണ്ടാണ് അത് ഇന്ത്യയിൽ ഒരു പരിധിവരെ നടപ്പിലാക്കാൻ ശ്രമം നടത്തിയത്. എന്നാൽ അവസാനത്തെ കോൺഗ്രസ് പ്രധാനമന്ത്രിയായ നരസിംഹ റാവുവാകട്ടെ, ആദ്യത്തെ പ്രധാനമന്ത്രിയുടെ അടിസ്ഥാനപരമായ ലക്ഷ്യങ്ങളെ തകിടം മറിച്ചുകൊണ്ട് International Monetary Fund ലോക വ്യാപാര സംഘടനയും, ഗാട്ട് കരാറും എല്ലാം ഒപ്പിട്ട് അതിനെ തകിടം മറിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരുന്നത്. അതേ സമീപനം തന്നെയാണ് ആ പാർട്ടിയിലെ രണ്ടു മന്ത്രിമാർ അപ്പോഴും ഇപ്പോഴും സ്വീകരിച്ചുപോരുന്നതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. യൂണിവേഴ്സിറ്റിയുടെ ജനാധിപത്യ പരമായിട്ടുള്ള സ്വഭാവം, യൂണിവേഴ്സിറ്റിയുടെ ആട്ടോണമി പരമാവധി നിലനിർത്തുന്നതിനു വേണ്ടി 1974-ൽ സി. എച്ച്. മുഹമ്മദ് കോയ എന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രമിച്ചെങ്കിൽ ആ ആട്ടോണമി തകർക്കുന്നതിന് അതേ പാർട്ടിയുടെ തന്നെ, എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രമിക്കുന്നു എന്നുള്ളതാണ് അതിന്റെ ദൗർഭാഗ്യകരമായ സ്ഥിതി. യൂണിവേഴ്സിറ്റിയെ വെറും ഒരു ഡിപ്പാർട്ടുമെന്റാക്കി അധഃപതിപ്പിക്കുന്നതിന്, സർവ്വകലാശാല എന്ന അതിന്റെ അന്തസ്സത്ത എന്നെന്നേക്കുമായി ഇല്ലായ്മ ചെയ്യുന്നതിന്, എല്ലാം കാട്ട് ചെയ്യപ്പെടുന്ന മന്ത്രിമാർ നിർദ്ദേശിക്കുന്നതനുസരിച്ചും നിശ്ചയിക്കുന്നതിന് അനുസരിച്ചും വിദ്യാഭ്യാസ മേഖലയെ വളയ്ക്കാനും ഒടിക്കാനും സഹായകരമായ നിലയിൽ ഈ നിയമം കൊണ്ടുവന്ന് നമ്മുടെ സാംസ്കാരിക മേഖലയുടെ അത്യുന്നതമായിരിക്കേണ്ട ഈ സ്ഥാപനത്തെ തകിടം മറിക്കാൻ ശ്രമിക്കുന്നു. ഇതുകൊണ്ടുതന്നെയാണ് ഈ ബിൽ സംബന്ധിച്ചും നമ്മുടെ സംസ്ഥാനത്താകെ, വിദ്യാഭ്യാസ രംഗത്ത് വളരെ ശക്തവും സജീവവുമായിട്ടുള്ള നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്നുകൊണ്ടിരിക്കുന്നത്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇതിനെതിരായിട്ടുള്ള പ്രതിഷേധം വ്യാപകമായ നിലയിൽ ഉയർന്നുവരികയാണ്. ഇതിനെയെല്ലാംതന്നെ affiliating യൂണിവേഴ്സിറ്റി ആക്കുന്നതുകൊണ്ട്—നാല് സർവ്വകലാശാലകളുണ്ട്—അതിനെയെല്ലാം ഏകീകരിക്കുന്ന തരത്തിൽ ഒരു നിയമമുണ്ടായാലേ ഒക്കൂ എന്ന ന്യായവാദങ്ങളൊന്നും നിലനിൽക്കുന്നതല്ല. വ്യത്യസ്തമായി നിലനിൽക്കുന്ന സർവ്വകലാശാലകൾ, അതിന്റെ ആട്ടോണമി, അതിന്റെ പ്രവർത്തനം അതിന്റെ തനതായ പ്രവർത്തനങ്ങൾ പരസ്പരം മൽസരത്തോടുകൂടി ജനങ്ങൾക്ക് കാഴ്ച വയ്ക്കുന്നതിന് ഇതുവരെ യാതൊരു തടസ്സവും ഉണ്ടായിട്ടില്ല. അത് ഇങ്ങനെ മോശത്തരമുണ്ടാക്കി, ഇനി കുഴപ്പമുണ്ടാക്കി എന്ന് ഈ യൂണിവേഴ്സിറ്റി നിയമത്തിൽ പറയാനും സാധിക്കുന്നില്ല. ദേശീയ തലത്തിൽ ഇതു പോലെയുള്ള സ്ഥാപനങ്ങളെ നയിക്കുന്ന, നിർദ്ദേശിക്കുന്ന U.G.C. ആകട്ടെ, ഇതുപോലെ ഒരു ഏകീകൃത നിയമം വേണമെന്ന് ആവശ്യപ്പെടുന്നുമില്ല. ഈ സാഹചര്യത്തിൽ നമ്മുടെ സാംസ്കാരിക മേഖലയെ നശിപ്പിച്ചുകൊണ്ട് ഇത്തരത്തിൽ ഇതിനെ നിയന്ത്രിച്ചു നിറുത്താൻ ശ്രമിക്കുന്നു എന്നത് അത്ഭുതകരമാണ്. അതുപോലെതന്നെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ട്രേഡ് യൂണിയൻ പ്രതിനിധികൾക്കും വിവിധ മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഇതിനെ ഉൾക്കൊള്ളാനുള്ള സാമാന്യ മര്യാദ ഈ ബില്ലിൽ നിങ്ങൾ കാണിക്കുന്നില്ല. നിങ്ങൾ നിശ്ചയിച്ചതനുസരിച്ചുള്ള ആളുകളെ എടുക്കാനാണ് തുനിയുന്നത്. അത് പറയുമ്പോൾ, ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ ഇരുന്നപ്പോൾ വച്ച വി.സി.-മാർ ഇങ്ങനെയല്ലേ അങ്ങനെയല്ലേ എന്ന് ന്യായം പറഞ്ഞുകൊണ്ട്, നിങ്ങൾ അങ്ങനെ ചെയ്തിട്ടുള്ളതുകൊണ്ട് ഞങ്ങൾക്ക് ഇങ്ങനെ ചെയ്യാനുള്ള അവകാശം ഉണ്ടെന്നാണ് ബഹുമാന്യനായ എന്റെ സ്നേഹിതൻ ശ്രീ. കെ. സി. ജോസഫ് പറയുന്നത്, ഭരണകക്ഷി അവതരിപ്പിച്ച ബില്ലായതുകൊണ്ട് താൻ അങ്ങനെ അപ്പുറത്തിരിക്കുമ്പോൾ എന്തെങ്കിലും ന്യായം പറഞ്ഞ് അതിനെ സഹായിച്ചില്ലെങ്കിൽ മോശമാണെന്നോ മറ്റോ ഉള്ള ധാരണയിൽ അദ്ദേഹം ഈ നിലയിൽ പറഞ്ഞത് വളരെ കഷ്ടമായിപ്പോയി. ഇതിനൊന്നുംതന്നെ ശരിയായ ന്യായങ്ങൾ പറഞ്ഞുകൊണ്ട്, എന്നു പറഞ്ഞാൽ മുട്ടാപോക്കല്ലാതെ ശരിയായ ജനാധിപത്യപരമായ കാര്യങ്ങൾ പറഞ്ഞ് നിങ്ങൾക്ക് അതിനെ ന്യായീകരിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് സത്യം. ഇതിന് മുമ്പ് എന്റെ സ്നേഹിതൻ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ കൊണ്ടുവന്ന നിയമവും സെലക്ട് കമ്മിറ്റിയുടെ ചർച്ചകൾക്കെല്ലാം വിധേയമായ ഒന്നാണ്. ഞാൻ അതും ഇതും തമ്മിൽ നോക്കിയപ്പോൾ കാണാൻ കഴിയുന്നത് ഈ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന് എന്റെ ബഹുമാന്യ സ്നേഹിതൻ ബഷീറിന്റെ ആ നിയമത്തിൽ പറഞ്ഞിട്ടുള്ളതായിട്ടാണ്. സംവരണതത്വം ശരിയായ രീതിയിൽ പാലിക്കണമെന്ന് വാദിച്ച് പോരുന്ന ഒരു കക്ഷിയുടെ മന്ത്രി അവതരിപ്പിച്ചിട്ടുള്ള ഈ നിയമത്തിൽ മുമ്പത്തെ മന്ത്രി പറഞ്ഞതും ഇപ്പോഴത്തെ മന്ത്രി പറഞ്ഞിട്ടുള്ളതും തമ്മിലുള്ള വ്യത്യാസം കണിശമായിട്ടും പരിശോധിക്കാവുന്നതാണല്ലോ? ഒരു യാദൃശ്ചികമായ സംഭവമെന്നുള്ള നിലയിൽ അത് ഉണ്ടായിട്ടുള്ളതായിരിക്കാൻ ഇടയില്ലല്ലോ? എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ബഷീർ അടക്കമുള്ള ആളുകളിരുന്ന് ഇപ്പോഴത്തെ മന്ത്രിസഭയുടെ പരുവത്തിന് അനുയോജ്യമായിട്ടുള്ള നിലയിൽ വരുമ്പോൾ മിസ്റ്റർ ബഷീർ, നിങ്ങൾ അത് വിഴുങ്ങണം. ഇപ്പോൾ നിങ്ങൾ ഞങ്ങളുടെ കൂടെ നിൽക്കണമെന്നുള്ള അടിസ്ഥാനത്തിലോ മറ്റോ വന്നതുകൊണ്ടാണോ ഇങ്ങനെ സംഭവിച്ചതെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ഏതായാലും അങ്ങനെയൊന്ന് ഞാൻ ഈ രണ്ട് ബില്ലുകളും തമ്മിൽ നോക്കുമ്പോൾ കാണാൻ കഴിയുന്നുണ്ട്. എന്റെ പരാമർശം ശരിയാണോ ഇല്ലയോ

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് നിങ്ങൾക്കും പരിശോധിക്കാവുന്നതാണ്. ഈ നിലയിൽ വളരെ മൗലിക മായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ചെല്ലാം തന്നെ നിങ്ങൾ ഈ നിയമത്തിൽ മാറ്റങ്ങൾ വരുത്തിയിരിക്കുകയാണ്. പിന്നെ ഞാൻ ചിന്തിക്കുന്നത്, ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടാതെ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടിരിക്കുന്നത് കഴിയുന്നത്ര വേഗം ഇതൊന്ന് പാസ്സാക്കുക എന്ന അഭിലാഷത്തിന്റെ അടിസ്ഥാനത്തിലാണെന്നാണ്. നല്ലത്. ഇപ്പുറത്തിരിക്കുന്നവർ നീട്ടി നീട്ടി കോണ്ടുപോയി കോൾഡ് സ്റ്റോറേജിൽ ഇടുക, അപ്പുറത്തിരിക്കുന്നവരാകട്ടെ കഴിയുന്നത്ര വേഗം അത് പെട്ടെന്ന് പാസ്സാക്കുക എന്നുള്ളത് ഇവിടെത്തന്നെ നമ്മൾ കണ്ടതാണല്ലോ. അപ്പോൾ എത്ര അങ്ങോട്ടും ഇങ്ങോട്ടും പോകുന്നുവെന്നുള്ളത് നമ്മൾ പരസ്പരം പറയേണ്ട കാര്യമില്ല. 'വാറ്റ്' ബില്ലിന്റെ കാര്യം പറയുകയായിരുന്നു. ഞാൻ പറഞ്ഞു വന്നത്, നിയമ ത്തിൽ സബ്ജക്ട് കമ്മിറ്റിയും സെലക്ട് കമ്മിറ്റിയും എന്നു പറയുമ്പോൾ നമുക്കെല്ലാം അറിയാവുന്നതുപോലെ കുറച്ച് സമയമെടുത്ത് കാര്യമായ പഠനങ്ങൾ നടത്തി ഇതു സംബന്ധിച്ച് വൈദഗ്ദ്ധ്യമുള്ളവരുമായി ചർച്ച ചെയ്ത് കൂടുതൽ നന്നായിട്ട് നടത്തുവാൻ സഹായിക്കുന്ന ഒന്നാണ് സെലക്ട് കമ്മിറ്റി എന്നാണ് നമ്മുടെയെല്ലാം ധാരണ. നിങ്ങൾ ഇപ്പോൾ പറയുന്നത്, ആ സെലക്ട് കമ്മിറ്റിയുടെ അതേ സ്വഭാവത്തിൽത്തന്നെ നമുക്ക് സബ്ജക്ട് കമ്മിറ്റി ഉപയോഗിക്കാം. ഞങ്ങളതല്ലേ ഈ സഭ കഴിഞ്ഞതിനുശേഷം പാസ്സാക്കിയാൽ മതിയെന്ന് തീരുമാനിച്ചിരിക്കുന്നതെന്ന് നിങ്ങളുടെ നല്ല ഉദ്ദേശം പ്രകടമാക്കാൻ വേണ്ട ഒന്ന് എന്നുള്ള നിലയിൽ സൂചിപ്പിച്ചു. അതേസമയംതന്നെ നമ്മൾ എല്ലാവരും ഒന്നിച്ചു നിൽക്കുന്നു എന്നുള്ള നിലയിൽ ധാരണ പരത്തിയിട്ടുള്ള ഒന്നാണല്ലോ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളെ നിയന്ത്രിക്കുക എന്നുള്ളത്. നിങ്ങൾ വിളിച്ച സമ്മേളനത്തിൽത്തന്നെ നിങ്ങൾക്ക് മുട്ടു കാണിച്ചിട്ട് ഇറങ്ങിപോയിട്ടുള്ള സ്വാശ്രയ മെഡിക്കൽ കോളേജിന്റെ മാനേജർമാരുടെ ധിക്കാര ത്തിന് കടിഞ്ഞാൺ ഇടാൻ തക്കവിധത്തിൽ അടിയന്തിര സ്വഭാവത്തോടുകൂടി നമുക്ക് നിയമം കൊണ്ടുവരാമെന്ന് പറയുകയും, അങ്ങനെ ഒരു നിയമം പ്രത്യേകമായിട്ട് അവരെ നിയന്ത്രി ക്കാൻവേണ്ടി, ഒരു ചെറിയ ബിൽ ഈ പ്രത്യേക പരിതസ്ഥിതി അനുസരിച്ച് പാസ്സാക്കാം എന്നു പറഞ്ഞതിൽ നിന്ന് നിങ്ങൾ മാറി, ഈ ഏകീകൃത യൂണിവേഴ്സിറ്റി നിയമത്തിൽ ഒരു ഏടായിട്ട് നിങ്ങൾ തുന്നിച്ചേർത്തിരിക്കുകയാണ്. അത് അടുത്ത സഭയിലേ വയ്ക്കൂ. അടുത്ത സഭയിൽ വയ്ക്കുമെന്ന് പറയുമ്പോൾ അതിന്റെ ഫലം എന്താണ് വരുന്നത്? അതിന്റെ ഫലം, ഇക്കൊല്ലം കൂടി പുഷ്പഗിരി അടക്കമുള്ള കോളേജുകൾക്ക് കഴിഞ്ഞ കൊല്ലം വാങ്ങിയതു പോലുള്ള കോഴപ്പണം വാങ്ങാനുള്ള അവസരം നൽകുന്നുവെന്ന് ആരെങ്കിലും തെറ്റിദ്ധരിച്ചാൽ കുറ്റം പറയാൻ കഴിയുമോ? കുറ്റം പറയാൻ കഴിയില്ല. അങ്ങനെ നിങ്ങളുടെ ഓരോ നടപടിയും അവസാനം എത്തുന്നത്, സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്നതിനും അവർക്ക് വൻകോഴകൾ പിടുങ്ങുന്നതിനും നമ്മുടെ കുട്ടികളേയും രക്ഷകർത്താക്കളേയും പരമാവധി പിഴിയുന്നതിനും സഹായിക്കുന്ന നിലയിലാ വുകയാണ്. ഇത് രണ്ടും രണ്ടു ബിൽ എന്നുള്ള അടിസ്ഥാനത്തിൽത്തന്നെ കൈകാര്യം ചെയ്യുകയായിരുന്നില്ല വേണ്ടിയിരുന്നത്. അതല്ലേ ഞങ്ങൾ സൂചിപ്പിച്ചത്? നിങ്ങൾ അത് ആദ്യം സമ്മതിക്കുകയും ചെയ്തിരുന്നതാണ്. പിന്നീട് അത്ഭുതകരമായി അത് മാറി. ഒന്നിൽത്തന്നെ മറ്റൊന്നുകൂടി ചേർക്കുകയാണ്. അങ്ങനെ ചേർക്കുന്നതിന്റെ ഫലമായി നീക്കി വയ്ക്കാം എന്ന് നിങ്ങൾ സമ്മതിച്ചത് ചർച്ചകൾക്ക് സബ്ജക്ട് കമ്മിറ്റിയെ സെലക്ട് കമ്മിറ്റിയുടെ രൂപത്തിൽ തന്നെ സമയമെടുത്ത് ചർച്ച ചെയ്യാൻ വേണ്ടിയിട്ട് നീക്കിവെയ്ക്കുന്നു എന്നുള്ള നിങ്ങളുടെ അഭിപ്രായം ശരിയാണെങ്കിൽ കണിശമായിട്ടും സ്വാശ്രയ കോളേജ് മാനേജർമാരെ നിയന്ത്രിക്കുന്നതിന് സഹായകരമായിട്ടുള്ള നിയമം ഇപ്പോൾതന്നെ അടിയന്തിരമായി കൊണ്ടു വരണ്ടേ? നിങ്ങൾ പറഞ്ഞിരിക്കുന്ന സുപ്രീംകോടതിയുടെ ഇതു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് കേസ് കേട്ടുകൊണ്ടിരുന്ന സന്ദർഭത്തിൽ കോടതിയെ പ്രകോപിപ്പിക്കാതിരിക്കാൻ ഇപ്പോൾ നിയമം കൊണ്ടുവരേണ്ടതല്ലേ എന്ന് നിങ്ങൾ പറഞ്ഞതിന്റെ സാധൂകരണം ശരിയായിരുന്നില്ല. എന്തുകൊണ്ടെന്നാൽ കർണ്ണാടക ഗവൺമെന്റ് അതിൽനിന്ന് വ്യത്യസ്തമായി നിങ്ങളെ ചലഞ്ച് ചെയ്തിരിക്കുകയാണ്. സുപ്രീംകോടതിയിൽ ഈ പ്രശ്നം കൈകാര്യം ചെയ്യുന്ന അവസരത്തിൽത്തന്നെ കർണ്ണാടക ഗവൺമെന്റ് ഇതുസംബന്ധിച്ചുള്ള നിയമമോ ഗൈഡ്ലൈനോ എന്ത് തന്നെയാകട്ടെ കൊണ്ടുവന്നു. അവിടുത്തെ സ്വാശ്രയ മാനേജർമാരുടെ ധിക്കാരത്തിന് കടിഞ്ഞാണിടാൻ അവർക്ക് കഴിഞ്ഞു. നിങ്ങൾക്ക് കഴിഞ്ഞില്ല. യുജി.സി. 15 ശതമാനം പറയുമ്പോൾ കർണ്ണാടകം 25 ശതമാനം, സ്വാശ്രയ മാനേജ്മെന്റിന് പറയുമ്പോൾ നിങ്ങൾ 50ആണ് പറഞ്ഞിട്ടുള്ളത്. അതുപോലും മാനേജർമാർ കേൾക്കുന്നുണ്ടോ? പോടാപോ എന്നു പറഞ്ഞ് തള്ളിക്കളയുകയാണ്. എന്നിട്ടും നിങ്ങൾക്ക് അതിന് ഒരു രോഷമുണ്ടോ? നമ്മുടെ കുട്ടികൾ നമ്മളോട് പിണങ്ങി സംസാരിക്കുന്ന രൂപത്തിലാണ് അവർ നിങ്ങളോട് കാണിക്കുന്ന ഈ രോഷപ്രകടത്തെ നിങ്ങൾ എടുക്കുന്നത്. നിങ്ങൾ അവരോട് തെല്ലും രോഷാകുലരല്ല എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ് ഈ അമിതമായ ഫീസിനെതിരായി, വിദ്യാഭ്യാസ കച്ചവടത്തിനെതിരായി പോരാടുന്ന കുട്ടികളെ നിങ്ങൾ പേപ്പട്ടിയെ തല്ലുന്നപോലെ തല്ലുന്നത്. നിങ്ങളുടെ ഈ ഹീനമായ സമീപനത്തിന് മാറ്റം വേണമെന്ന് ആഗ്രഹിക്കുന്നത് നിങ്ങളുടേയുംകൂടി ഗുണത്തിന് വേണ്ടിയാണ്. നിങ്ങളുടെ.....

ശ്രീ. കെ. സി. ജോസഫ്: അങ്ങയോടുള്ള എല്ലാ ബഹുമാനത്തോടുകൂടിയും ചോദിക്കുകയാണ്, കർണ്ണാടക ഗവൺമെന്റ് നിയമം പാസ്സാക്കിയെങ്കിലും അതിൽ സുപ്രീംകോടതി ഭരണഘടനാ ബഞ്ചിൽ പറഞ്ഞിരിക്കുന്നത്, ബഞ്ചിന്റെ വിധിവരെ ആ നിയമം നടപ്പിലാക്കുന്നില്ല എന്നാണ്. അതിന്റെ അർത്ഥം കോൺസ്റ്റിറ്റ്യൂഷൻ ബഞ്ചിന്റെ വിധി മറിച്ചാണെങ്കിൽ ഈ ബില്ലിന്റെ സാധുത പോയി. കർണ്ണാടക നിയമമുണ്ടെങ്കിലും കേരളത്തിൽ ഇല്ലെങ്കിലും വലിയ വ്യത്യാസം ഉണ്ടാകാൻ പോകുന്നില്ല എന്നുള്ള കാര്യം അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, കണിശമായിട്ടും. അങ്ങ് ഇത് സംബന്ധിച്ച് ബില്ലിന്റെ ഭാഗത്തുനിന്നും അതിനെ ന്യായീകരിക്കാൻ നേരത്തെ കാണിച്ച ബാധ്യതയുടെ ഒരു തുടർച്ച എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഈ പറഞ്ഞ കാര്യവും ഞാൻ ആ നിലയിലേ എടുക്കുന്നുള്ളൂ. പിന്നെ അങ്ങ് പറഞ്ഞത് ന്യായമാണെങ്കിൽ അത് സുപ്രീംകോടതിയെ പിണക്കാതിരിക്കാൻവേണ്ടി നിങ്ങൾ പറഞ്ഞിട്ടുള്ള അതേ ന്യായമാണെന്നും കരുതിക്കൂടെ? അങ്ങനെ കൊണ്ടുവന്നതിന്റെ ഫലമായി അവർക്ക് ഒരു നിയന്ത്രണം നടത്താൻ കഴിഞ്ഞുയെന്നുള്ളത് മറക്കാൻ കഴിയുമോ? ആ നിലയിലെങ്കിലും നിങ്ങൾക്ക് കൊണ്ടുവരാൻ കഴിഞ്ഞില്ല. നിങ്ങളോ, പ്രഖ്യാപിച്ചിരിക്കുന്നത് എന്താണ്? രണ്ട് സ്വാശ്രയ കോളേജുകൾ=ഒരു ഗവൺമെന്റ് കോളേജ് എന്ന് ലോകത്തെയാകെ കൊട്ടിഘോഷിച്ച് പ്രചരണം നടത്തിയതിന് എതിരായിട്ടാണ് ഈ പഹയൻമാർ, സ്വാശ്രയ കോളേജ് മാനേജർമാർ നീങ്ങുന്നത് എന്ന് മനസ്സിലാക്കിയിട്ട് ആ വെല്ലുവിളിയെ നേരിടണമെന്ന ഒരു സാമാന്യ ചിന്തപോലും നിങ്ങളുടെ മന്ത്രിമാർക്ക് ഉണ്ടായോ? ബഹുമാനപ്പെട്ട കെ. സി. ജോസഫ് എം.എൽ.എ. അവർകളെ! ഞാൻ ചോദിക്കുകയാണ്. ഇക്കാര്യത്തിലുള്ള ഒളിച്ചുകളി വളരെ മോശമാണ്. അതുകൊണ്ട് ഈ ഏകീകൃത യൂണിവേഴ്സിറ്റി എന്നു പറയുന്ന, നമ്മുടെ കേരളത്തിന്റെ സാംസ്ക്കാരിക രീതിയാകെ തകിടം മറിക്കുന്ന ഈ നിയമത്തിലെ ഒട്ടേറെ വ്യവസ്ഥകൾ ഒരു തരത്തിലും കേരളത്തിലെ ജനങ്ങളുടെ, സാംസ്കാരിക കേരളത്തിന്റെ പിടലിക്ക് നിങ്ങൾ വച്ച് കെട്ടരുത് എന്ന് ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള സെനറ്റ്, സിൻഡിക്കേറ്റ്, അക്കാഡമിക്ക് കൗൺസിലിൽ, ഇതെല്ലാംതന്നെ പൊതുവായ തെരഞ്ഞെടുപ്പിൽക്കൂടി വിദ്യാർത്ഥികളെ തെരഞ്ഞെടുത്തയയ്ക്കുന്ന പ്രതിനിധികളാണ്. ഇപ്പോൾ നിങ്ങളുടെ ഈ നിയമത്തിലോ? നിങ്ങളുടെ നിയമത്തിൽ ഒരു കൗൺസിലും എക്സിക്യൂട്ടീവുമാണ്. എക്സിക്യൂട്ടീവ് എന്നു പറയുന്നത് ഉദ്യോഗസ്ഥ മേധാവികളും നിങ്ങൾ സെലക്ട് ചെയ്തിരിക്കുന്ന ആളുകളുംകൂടി ചേർന്ന് ഒരു സംവിധാനം. എന്റെ സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള ആളുകൾക്ക് ഈ സംവിധാനം എങ്ങനെ ഇത്തരത്തിൽ ഇഷ്ടപ്പെട്ടുയെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. ഇപ്പോഴത്തെ സ്ഥിതിയിൽ നമ്മുടെ ഭരണത്തിന്റെ കൈയിലാണല്ലോ ഈ നിയമം വരുന്നത് അപ്പോൾ നമ്മൾ എല്ലാം ശുപാർശ ചെയ്യുന്നതും നിർദ്ദേശിക്കുന്നതുമൊക്കെയനുസരിച്ച് കാര്യങ്ങൾ പോകുമെന്നോ മറ്റോ ചിന്തിച്ചിട്ടാണോ ഇതിന് അംഗീകാരം നൽകാൻ പോകുന്നതെന്ന് മനസ്സിലാകുന്നില്ല. ഒരുതരത്തിലും ഒരു ജനാധിപത്യ സംവിധാനത്തെ ഇഷ്ടപ്പെടുന്നവർക്ക് ഇത്തരം പോക്ക് അനുവദിച്ചുകൊടുക്കാൻ കഴിയുകയില്ല. അതുപോലെത്തന്നെ അദ്ധ്യാപകരുടെ നിയമനത്തിനും വ്യക്തമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾക്കൊള്ളിക്കുന്നില്ല. കണിശമായും യൂണിവേഴ്സിറ്റിയെന്ന നിലയിൽ നാം ചിന്തിക്കുമ്പോൾ അദ്ധ്യാപകർ, പ്രൊഫസർമാർ, വിദ്യാർത്ഥികൾ, സാംസ്കാരിക രംഗത്തെ പ്രമുഖരായിട്ടുള്ള ആളുകൾ അവരെയെല്ലാം പരമാവധി ഉൾക്കൊള്ളിച്ചുകൊണ്ട് അവരുടെ വോയിസിന് പരമാവധി പരിഗണന നൽകിക്കൊണ്ട് നമ്മുടെ സാംസ്കാരിക കേരളത്തിന്റെ അന്തസ് ഉയർത്തിപ്പിടിക്കാൻ സഹായകമായിട്ടുള്ള നിലയിൽ കൈകാര്യം ചെയ്യേണ്ട ഒരു നിയമം എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അങ്ങനെ നിങ്ങൾ ചിന്തിക്കുന്നില്ല എന്നു മാത്രമല്ല, വളരെ സങ്കുചിതമായ നിലയിൽ നിങ്ങൾ ഇത് കൈകാര്യം ചെയ്ത് കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയെ ആകെ തകിടം മറിക്കാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് നിങ്ങളുടെ ഈ അപകടകരമായ പോക്ക് തിരുത്തണമെന്നും അങ്ങനെ നിങ്ങൾ തിരുത്താൻ കൂട്ടാക്കുന്നില്ലെങ്കിൽ നിങ്ങളുടെ ഈ സമീപനത്തിനെതിരായി എത്ര ശക്തമായിട്ടുള്ള നിലയിൽ പ്രതിഷേധം ഈ നാട്ടിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയുമോ അത്തരത്തിലുള്ള പ്രതിഷേധം ഉയർത്തിക്കൊണ്ടുവരുന്നതിന് ഞങ്ങൾ നിർബന്ധിതരാകുമെന്ന് ഈ അവസരത്തിൽ നിങ്ങളെ അനുസ്മരിപ്പിക്കട്ടെ. ഞാൻ ഇനിയും കൂടുതൽദീർഘിപ്പിക്കുന്നില്ല. ഞാൻ നിർത്തുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ ബില്ലിനെ സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ള ആളുകൾ സംസാരിച്ചു. ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സമീപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കാരണം കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ മൗലികമായി ബാധിക്കുന്ന നിയമത്തെ സംബന്ധിച്ച് എല്ലാ ഭാഗത്തു നിന്നുമുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്തുകൊണ്ട് മുൻവിധിയില്ലാതെ ഇക്കാര്യത്തിൽ സമീപനമെടുക്കുമെന്ന് പറഞ്ഞു. രണ്ടാമത്തേത് വളരെ പ്രസക്തമായ ഒരു കാര്യമാണ്, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇപ്പോൾ പറഞ്ഞതുപോലെ ഓരോരുത്തർക്ക് അവരുടെ രാഷ്ട്രീയ താൽപ്പര്യത്തിനനുസരിച്ച് യൂണിവേഴ്സിറ്റിയിൽ ആളുകളെ കയറ്റാൻ പറ്റാത്തവിധം ഓരോ നോമിനേഷന്റെ കമ്പോണന്റിൽ ഓരോ രംഗത്തും മെറിറ്റ് മാനദണ്ഡമാക്കിക്കൊണ്ട് ഇന്ന ഇന്ന യോഗ്യതകൾ വേണമെന്ന് സ്പെസിഫൈ ചെയ്യാനുള്ള ഒരു സമീപനം അദ്ദേഹം ഇവിടെ കാണിച്ചു. രണ്ടും ഈ ബില്ലിനോടൊട്ടുത്ത മൗലികമായ സമീപനമാണ്. പ്രതിപക്ഷം അടക്കം ആ സമീപനം ഉൾക്കൊള്ളുന്നുവെന്ന് ഞാൻ വിചാരിക്കുകയാണ്. ഞാൻ ഈ ബില്ലിനെ

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് ആംഗിളിലൂടെയാണ് നോക്കിക്കാണുന്നത്. ഇങ്ങനെയൊരു നിയമം വേണമോയെന്നുള്ളതാണ് ഒന്നാമത്തേത്. രണ്ടാമത്തേത് ഈ നിയമത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞുകേൾക്കുന്ന വിമർശനങ്ങളുടെ നിജസ്ഥിതി എന്താണ്? ഈ രണ്ട് ആംഗിളും ഞാൻ വിശദമാക്കാൻ ശ്രമിക്കുകയാണ്. ഒന്നാമത്തെ കാര്യം ഇങ്ങനെ നിയമം വേണമോ എന്നുള്ളതാണ്. ഇവിടെ എല്ലാവർക്കും അംഗീകരിക്കാൻ കഴിയുന്ന ഒരു കാര്യമുണ്ട്. നമ്മുടെ യൂണിവേഴ്സിറ്റികൾക്ക് ഒരു ക്രഡിബിലിറ്റി ക്രൈസിസ് വേണം. കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ മൊത്തത്തിൽ യൂണിവേഴ്സിറ്റികൾ വമ്പിച്ച തോതിലുള്ള ഒരു പ്രതിസന്ധിയെ നേരിടുകയാണ്. ബംഗാളിൽ അശോക്മേത്ത കമ്മീഷൻ യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് പറഞ്ഞ ഒരു കാര്യമുണ്ട്. 'University has been degraded as degree giving departmental stores' എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഡിഗ്രി കൊടുക്കുന്ന ഡിപ്പാർട്ട്മെന്റൽ സ്റ്റോർസിന്റെ പതനത്തിലേക്ക് നമ്മുടെ നാട്ടിലെ യൂണിവേഴ്സിറ്റികൾ പോയിരിക്കുന്നു എന്നാണ് അശോക്മേത്ത കമ്മീഷൻ പറയുന്നത്. ഹയർ എഡ്യൂക്കേഷൻ സെക്ടറിനെ സംബന്ധിച്ചുള്ള അവസാനത്തെ പഠനമായിട്ടുള്ള Challenges of Higher Education എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് Immobile colossus-ആയിട്ട് നമ്മുടെ യൂണിവേഴ്സിറ്റി മാറി, വളരെ ശ്രദ്ധേയമായ വ്യാഖ്യാനം. അനക്കമില്ലാത്ത ഭീമാകാരമായ പ്രതിമ എന്നാണ് ഇവിടെ ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച് ഏറ്റവും പുതിയ പുസ്തകത്തിൽ ഒരു ഉന്നതനായ വിദ്യാഭ്യാസ വിദഗ്ദ്ധൻ വിശേഷിപ്പിച്ചിട്ടുള്ളത്. ആ സ്വഭാവത്തിൽ നമ്മുടെ യൂണിവേഴ്സിറ്റികൾ ഒരു ക്രഡിബിലിറ്റി ക്രൈസിസിൽ പോകുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സിൻഡിക്കേറ്റ് യോഗങ്ങൾ മിക്കവാറും പോലീസ് സംരക്ഷണയോടുകൂടിയാണ് ഇപ്പോൾ കൂടുന്നത്. അടിപിടിയാണ് എല്ലായിടത്തും. അവിടെ എത്ര അക്കാഡമിക് കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ടെന്ന് ഇവിടെ ഇരിക്കുന്ന എല്ലാവർക്കും അറിയാം, സിൻഡിക്കേറ്റ് മെമ്പർമാരായിരിക്കുന്നവർക്കറിയാം. അങ്ങനെ നോക്കുന്ന സമയത്ത് നമ്മുടെ യൂണിവേഴ്സിറ്റികളിൽ വരുന്ന ഈ ഒരു സ്ഥിതിയിൽ കേരളത്തിന്റെ ഒരു ഡ്യൂട്ടിയുണ്ട്. അത് ഇന്ത്യക്ക് മാതൃക കാണിക്കലാണ്. ഇന്ത്യൻ യൂണിവേഴ്സിറ്റിയിൽ ആകെ വന്നിട്ടുള്ള പതനത്തിൽനിന്നും രക്ഷിക്കാനുള്ള ദിശാബോധം നടത്താൻ ബാധ്യസ്ഥമായ സ്റ്റേറ്റാണ് കേരളമെന്ന് പറയുന്നത് അത്രയ്ക്ക് അധികം ഇന്ത്യക്ക് മാതൃക കാണിക്കുന്ന രാജ്യമാണ്. മാത്രമല്ല 21-ാം നൂറ്റാണ്ടിന്റേത് നോളജ് ബേയ്സ്ഡ് എക്കോണമിയാണ്. Knowledge based economy ലോകത്തിന് മാതൃക കാണിക്കാൻ കഴിയുന്ന രാജ്യമല്ലേ? ഒരു കാലത്ത് കാർഷിക സമ്പത്താണ് ലോകത്തെ നിയന്ത്രിച്ചിരുന്നതെങ്കിൽ ഇരുപത്തിയൊന്നാം സെഞ്ചുറിയോടെ ഡിപ്പാർട്ട്മെന്റ് ഓപ്ഷൻ എന്ന് പറയുന്ന സമ്പദ്ഘടനയെ നിയന്ത്രിക്കുന്നതും knowledge ആണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇപ്പോഴത്തെ സിൻഡിക്കേറ്റ് യോഗങ്ങളിൽ പ്രക്ഷോഭം വരുമ്പോൾ പോലീസിനെ വിളിക്കേണ്ടി വരുന്നു
12 Noon] എന്നാണ്. അതുകൊണ്ട് മറ്റൊരു വോയിസും ഉണ്ടാകാത്ത വിധത്തിലുള്ള ഒന്നാകണം എന്നതാണോ അങ്ങ് ഉദ്ദേശിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ]

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സമയ പരിധി വച്ചുകൊണ്ട് വസ്തുതാപരമായിട്ടാണ് ഞാൻ അത് അഭ്യർത്ഥിക്കുന്നത് knowledge based economy നിലനിൽക്കുന്ന രാജ്യത്ത് നമുക്ക് വലിയ തോതിൽ പങ്ക് വഹിക്കുവാൻ കഴിയും. ആ നിലയിൽ നോക്കുന്ന സമയത്തും

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ വളരെ മാതൃകാപരമായ ഒരു നിയമത്തിന് നേതൃത്വം കൊടുക്കുവാൻ കഴിയും. കേരളത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്ന ഒരു കാര്യം ഇവിടെ പറഞ്ഞു. Quantitative development വമ്പിച്ച തോതിൽ വരുത്താൻ കേരളത്തിന് ഇതിന് മുമ്പ് ഒരിക്കലും ഉണ്ടാകാത്ത വിധത്തിലാണ് സ്ഥാപനങ്ങളുടെ എണ്ണം വരുന്നത്. Quantitative development should be coupled with qualitative development. ഒരു ഭാഗത്ത് സ്ഥാപനങ്ങൾ ഉയർന്നുവരുന്ന സമയത്ത് അതിന്റെ ക്വാളിറ്റികൂടി അതോടൊപ്പം ഉയരുന്നില്ലായെങ്കിൽ ഒരു mushroom growth, കൂൺ അടുക്കുന്നതുപോലെയുള്ള സ്ഥാപനങ്ങളുടെ വളർച്ച നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പുറകോട്ടടിപ്പിക്കും എന്നുള്ള കാര്യത്തിൽ തർക്കമില്ല. Qualitative development എന്നു പറയുന്നതാണ് വളരെ പ്രധാനമായിട്ടുള്ള കാര്യം. ഈ realities വച്ചുകൊണ്ട് ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇങ്ങനെ ഒരു നിയമത്തിന്റെ ആവശ്യകതയെപ്പറ്റി ചർച്ച ചെയ്യുന്ന സമയത്ത് ആദ്യത്തെ ആവശ്യം എന്താണ്? ഇവിടെ പറഞ്ഞിരിക്കുന്ന നിയമംതന്നെ നമുക്ക് ആവശ്യമില്ല. യൂണിവേഴ്സിറ്റി എന്നു പറയുന്നതാണ് ഈ നാടിന്റെ ഭാവി തീരുമാനിക്കുന്നത്. ഒരു രാജ്യത്തിന് ഭാവിയിൽ എങ്ങനെ പോകണമെന്ന് ദിശാബോധം കൊടുക്കേണ്ട ഉത്തരവാദിത്വം ഉള്ളത് യൂണിവേഴ്സിറ്റികൾക്കാണ്. ഇന്ന് അത് ഇവിടെ നടത്തുന്നുണ്ടോ? കാലിക്കറ്റ് യൂണിവേഴ്സിറ്റി, എം. ജി. യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി എന്നിവ ഒരു തുരുത്തുപോലെ ചെറിയ ചെറിയ സംവിധാനങ്ങളുമായി കഴിഞ്ഞുകൂടുന്നു എന്നുള്ളതല്ലാതെ ഞാൻ ഈ പറഞ്ഞതുപോലെ ഈ പുതിയ നൂറ്റാണ്ടിൽ കേരളത്തിലെ യുവതലമുറയ്ക്ക് ആ നൂറ്റാണ്ടിലെ ചലഞ്ചസിനെ നേരിടാൻ പറ്റുന്ന വിധത്തിൽ ഇവിടുത്തെ യൂണിവേഴ്സിറ്റികൾ എങ്ങനെയാകണമെന്ന് ഒരു മാർഗ്ഗനിർദ്ദേശം നടത്തുവാനുള്ള ഒരു പൊതുസംവിധാനം ഇന്നുണ്ടോ? ആ പൊതു സംവിധാനമാണ് ഈ നിയമത്തിലെ ഏറ്റവും മൗലികമായ കാര്യം എന്നു പറയുന്നത്. രണ്ടാമത് യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രധാനമായതാണ്. Generation of knowledge through research and (2) Extention programmes. ഇത് രണ്ടും യൂണിവേഴ്സിറ്റികളിൽ ഫലപ്രദമായി നടക്കുന്നില്ല. Generation of knowledge programme-ന്റെ കാര്യം ആകട്ടെ എക്സ്റ്റൻഷൻ പരിപാടിയാകട്ടെ, എക്സ്റ്റൻഷൻ പരിപാടിയൊന്നും ഇല്ല എന്നു മാത്രമല്ല, ഈ കാലംവരെ academic community നാട്ടുകാരിൽനിന്ന് എത്രയും ഒറ്റപ്പെട്ട ഒരു കാലം ഉണ്ടായിരുന്നു. Extention programme-ന്റെ പ്രസക്തി ഉണ്ട്. Accountability-യുടെ കാര്യം പറഞ്ഞു. മുഖ്യമന്ത്രിക്ക് രാജ്യത്തോട് accountability ഉണ്ട്. ആർക്കും accountability ഉണ്ട്. പക്ഷേ യൂണിവേഴ്സിറ്റിക്ക് accountability വേണ്ടേ? എന്റെ സ്നേഹിതൻമാരൊക്കെ autonomy-യെപ്പറ്റി ഇവിടെ പറഞ്ഞു. Autonomy coupled with accountability ആണ്. ആ accountability ensure ചെയ്യണം. ഇത്തരം ഒരു നിയമത്തിൽ ധാരാളം വകുപ്പുണ്ട്. ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. വി. എസ്. പറഞ്ഞത് വളരെ പ്രധാനമായ ഒരു കാര്യമാണ്. അൺ എയ്ഡഡ് കോളേജ് വരുന്നു. അൺ എയ്ഡഡ് കോളേജുകളെ സംബന്ധിച്ചിടത്തോളം അവരുടെ നിയന്ത്രണത്തിന് വകുപ്പ് വേണ്ടേ? വേണം. അല്ലെങ്കിൽ അൺ എയ്ഡഡ് കോളേജുകൾ രാജ്യത്തെ കൂടുതൽ അപകടത്തിലേക്ക് നയിക്കും. അതിന് ഒരു നിയമം ആവശ്യമാണ്. ഈ നിയമം വളരെ മൗലികമായി അതിനെ സമീപിച്ചിട്ടുണ്ട്. Autonomous Colleges ഇൻഡ്യയിൽ വമ്പിച്ച തോതിൽ വരുകയും തമിഴ്നാട്ടിലൊക്കെത്തന്നെ യു.ജി.സി.-യുടെ വലിയ ഫണ്ട് വാങ്ങിയിട്ട് അതിൽത്തന്നെ ഡിഗ്രി കൊടുക്കുന്ന ശുപാർശയിലേക്ക് autonomous college വമ്പിച്ച തോതിൽ വികാസം പ്രാപിച്ച് വന്നപ്പോൾ autonomous college-കൾക്ക് യൂണിവേഴ്സിറ്റി കൊടുക്കുന്ന കോടിക്കണക്കിന് രൂപയുടെ ഗ്രാന്റാണ് ഈ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെട്ടിട്ടുള്ളത്. ഈ നിയമത്തിൽ ഒരു enabling clause ഉണ്ട്. Academic Excellence ഉണ്ടാക്കുവാൻവേണ്ടി, നിരവധി ശുപാർശകൾ ചെയ്ത് ഗവൺമെന്റ് തീരുമാനിക്കുന്നത് അക്കാഡമിക് ക്ലാസ് മുതലേ ചെയ്യണമെന്നുള്ള ഒരു മാർഗ്ഗനിർദ്ദേശം കൊടുക്കുവാനുള്ള വകുപ്പും ഇതിൽ ഇന്നുണ്ട്. അദ്ധ്യാപകർ ഇതിന് accountable ആകുന്നില്ല. ഈ നിയമത്തിൽ ചില അദ്ധ്യാപക സംഘടനകൾ ശക്തിയായി വിയോജിപ്പ് പ്രകടിപ്പിക്കുന്ന ചില കാര്യങ്ങളുണ്ട്. കാരണം നേതാക്കന്മാരുടെ വിചാരം എന്തായിരുന്നു? ഞാൻ മന്ത്രിയായിരുന്ന സമയത്ത് ശ്രമിച്ച് തോറ്റതാണ്. എനിക്ക് അത് സമ്മതിക്കുന്നതിന് മടിയൊന്നുമില്ല. കോളേജിൽ മര്യാദയ്ക്ക് യു.ജി.സി. പ്രകാരം ക്ലാസ് നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഡി.സി.-യിൽനിന്നും ആളെ അയയ്ക്കുവാൻ തീരുമാനിച്ചു. എല്ലാ സംഘടനകളും കൂടി പറഞ്ഞു. വിദ്യാഭ്യാസ മന്ത്രിക്ക് എന്ത് അവകാശം? ഞങ്ങളുടെ അവകാശം, ഞങ്ങൾ പഠിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് യൂണിവേഴ്സിറ്റിയാണ്. ഏത് യൂണിവേഴ്സിറ്റിയാണ് academic inspection നടത്തുന്നത്? Academic inspection നടത്തുന്നില്ല. Academic inspection ഉറപ്പു വരുത്തി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ ആവശ്യമായ ശക്തമായ ശുപാർശകൾ ഇതിലുണ്ട്. നിയമത്തിന്റെ മർമ്മം എന്നു പറയുന്നത് മറ്റൊരു കാര്യമാണ്. Formation of State Higher Education Council-നെ സംബന്ധിച്ച് എന്റെ സ്നേഹിതൻമാർ എന്തുകൊണ്ട് മിണ്ടാതിരുന്നു എന്നാണ് ഞാൻ ചോദിച്ചത്. എന്റെ കയ്യിലുള്ളത് ഡോ. ഇക്ബാൽ തയ്യാറാക്കിയിട്ടുള്ള ഒരു റെക്കമെന്റേഷനാണ്. രാഷ്ട്രീയമായ മറ്റ് കാര്യങ്ങളിലേക്ക് ചിന്തിക്കുന്ന ഒരു വൈസ് ചാൻസലറാണ് ഡോ. ഇക്ബാൽ. അദ്ദേഹം തയ്യാറാക്കിയിട്ടുള്ള ഡോക്യുമെന്റ് ഞാൻ പരിശോധിക്കുകയായിരുന്നു. ഞാൻ മാത്രമല്ല, National Education Policy-യിൽ പറഞ്ഞിട്ടുണ്ട്. Vice Chancellor's Conference-ൽ പറഞ്ഞിട്ടുണ്ട്. Association of Indian Universities-ന്റെ സമ്മേളനത്തിലും പറഞ്ഞിട്ടുണ്ട്. എല്ലാത്തിലും പറഞ്ഞിട്ടുള്ള ഒരു കാര്യമാണ്, നമ്മുടെ രാജ്യത്ത് State Higher Education Council വേണമെന്ന്, എന്താണ് കാരണം? ഇവിടെ co-ordination-ന്റെ അഭാവമുണ്ട്. എവിടെയൊക്കെയാണ്? Co-ordination between the Government and the Universities, ധാരാളം റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ട്. ആരുമായിട്ടാണ്? Co-ordination between the Universities and Research Institutions. ആരുമായിട്ടാണ് co-ordinate ചെയ്യുന്നത്? മന്ത്രി ഇവിടെ പറഞ്ഞല്ലോ? ലോകതലത്തിലുള്ള യൂണിവേഴ്സിറ്റികളുമായിട്ടുള്ള interaction. എന്ത് interaction ആണ് ഇവിടെ നടക്കുന്നത്? ഇവിടെ ശരിക്കും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എങ്ങനെ മുന്നോട്ടുപോകണമെന്ന് മാർഗ്ഗനിർദ്ദേശം കൊടുക്കുന്ന State Higher Education Council-ന്റെ പ്രസക്തി ഈ നിയമത്തിലെ ഏറ്റവും പ്രധാനമായ കാര്യമാണ്. ഡോ. ഇക്ബാലിന്റെ പ്രബന്ധത്തിലെ കാര്യങ്ങൾ വിശദീകരിക്കുവാൻ എനിക്ക് ഇവിടെ സമയമില്ല. വളരെ പ്രധാനമായിട്ട് അദ്ദേഹം കാണിച്ചിരിക്കുകയാണ്. There is a pressing need for an effective machinery for promotion, Co-ordination of Higher Education Council at the State Level and Co-ordination of State Level Programme to those of the National Agencies like University Grants Commission, All India Council for Technical Education, Medical Council of India, Bar Council of India. ഗവൺമെന്റുമായി, All India Institutions-മായുള്ള interaction പദ്ധതികൾ, co-ordination and co-operation പദ്ധതികൾ, ഇതിന് നേതൃത്വം കൊടുക്കുവാൻ കഴിയുന്ന വിധത്തിൽ State Higher Education Council.....ഇതിന്റെ മൗലികമായ മറ്റൊരു കാര്യമുണ്ട്. Internal Resource Mobilisation-എത്ര കാലമായി യൂണിവേഴ്സിറ്റികളോട് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയിട്ട്. സർക്കാർ എണ്ണിച്ചുട്ട അപ്പംപോലെ തരുന്ന ഈ പണംകൊണ്ട് നിങ്ങൾ നില്ക്കരുത്. നിങ്ങൾ ഇൻഡസ്ട്രിയുമായി interaction, കുഞ്ഞാലിക്കുട്ടി സാറുംകൂടി താല്പര്യമെടുത്ത ഒരു സംഗതിയാണ്. വിദ്യാഭ്യാസമന്ത്രിക്കുവേണ്ടി ഈ ബിൽ പൈലറ്റ് ചെയ്തത് കുഞ്ഞാലിക്കുട്ടി സാർ ആയതുകൊണ്ട് മറ്റൊരു പ്രസക്തി കൂടിയുണ്ട്. എന്താണെന്ന് അറിയാമോ? Interaction with Industries and Educational Institutions. ലോകത്ത് വമ്പിച്ച തോതിൽ അവകാശം പറഞ്ഞ ഒരു ആശയമാണ്. പക്ഷേ നമ്മുടെ രാജ്യത്ത് എന്താണ് സംഭവിക്കുന്നത്? നമ്മുടെ രാജ്യത്ത് ഈ തിയറി പഠിച്ച് കുട്ടികൾ പുറത്തിറങ്ങുമ്പോൾ അവരെ ആർക്കും വേണ്ട. കാരണം അവർക്ക് field experience ഇല്ല. അതുകൊണ്ട് ഇൻസ്ട്രിയുമായി നിങ്ങൾ interact ചെയ്യണം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ബഹുരാഷ്ട്ര കുത്തക കമ്പനി ആഗ്രഹിക്കുന്ന രീതിയിൽ, അവർ ഉദ്ദേശിക്കുന്ന സ്കിൽഡ് കൂലീസിനെ പടച്ചുവിടുന്ന സ്ഥാപനങ്ങളായി നമ്മുടെ സർവ്വകലാശാലകൾ, കലാലയങ്ങൾ അധഃപതിക്കണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അങ്ങ് ഡോക്ടറേറ്റുള്ള ഒരു വ്യക്തിയാണ്. നിങ്ങൾ ഇവിടെനിന്ന് ഡിഗ്രി എടുത്ത് പുറത്തേക്ക് വരുന്നു. നിങ്ങൾ ജേർണലിസം, എം.ബി.എ. അല്ലെങ്കിൽ മറ്റ് ഡിഗ്രി എടുത്ത് പുറത്തു വരുന്ന സമയത്ത്, അങ്ങേക്ക് തോന്നുന്നുണ്ടോ, ഒരാളിന് എം.ബി.എ. ഡിഗ്രി ആയി പോയിട്ട് ബിസിനസ് മാനേജ്മെന്റ് നടത്താൻ പറ്റും എന്ന്? നിങ്ങൾ പുസ്തകത്തിൽ വായിച്ചതനുസരിച്ച് ജേർണലിസം നടത്താൻ പറ്റുമോ? ഫീൽഡ് എക്സ്പീരിയൻസ് വലിയ കാര്യമാണ്. ഫീൽഡ് എക്സ്പീരിയൻസ് കിട്ടണമെങ്കിൽ എന്ത് വേണം? അവരുമായി ലിങ്കേജ് വേണം. അവരുമായി ലിങ്കേജ് ഉണ്ടായാൽ അവരുടെ പ്രോജക്ട് യൂണിവേഴ്സിറ്റി ഏറ്റെടുക്കും, യൂണിവേഴ്സിറ്റിയുടെ പ്രോജക്ട് അവർ ഏറ്റെടുക്കും. രണ്ടു പേർക്കും റിസോഴ്സ് അടക്കം ഉണ്ടാക്കുവാൻ സാധിക്കും. Internal Resource Mobilisation-ന് വേണ്ടി ഒരുപാട് കാലം പറഞ്ഞു. ഇതുവരെ നടന്നിട്ടില്ല. ഇതിൽ ആവശ്യമായിട്ടുള്ള ക്ലാസ് ഉണ്ട്.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് നേരത്തെ പറഞ്ഞ കാര്യമാണ് എനിക്ക് പറയുവാനുള്ളത്. കേരള സർവ്വകലാശാല വൈസ് ചാൻസലർ, ഡോ. ഇക്ബാൽ വിദ്യാഭ്യാസ രംഗത്തെ കഴിവുറ്റ ആളാണെന്ന് അങ്ങ് തന്നെ സമ്മതിക്കുന്നു. അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്, ഈ ബില്ലിൽ 118 (ഡി) പ്രകാരം ഡോ. ഇക്ബാൽ അടക്കമുള്ള വി.സി.-മാരെ പിരിച്ചുവിടാൻ പിന്നെ എന്തിനാണ് വ്യവസ്ഥ ചെയ്തത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ പറഞ്ഞത് അതല്ല. ഡോ. ഇക്ബാൽ മിടുക്കനാണെങ്കിലും നിയമം വരുന്ന സമയത്ത് ആ സീറ്റിൽ ഇരിക്കുവാൻ ഡോ. ഇക്ബാൽ മിടുക്കനാണെങ്കിൽ അദ്ദേഹം വരട്ടെ. അത് വേറെ കാര്യം.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട ജയരാജൻ ഇവിടെ യാഥാർത്ഥ്യങ്ങൾ മറച്ചുവെച്ചാണ് പറയുന്നത്. ഡോ. ഇക്ബാലിന്റെ പ്രശ്നത്തിൽത്തന്നെ, കേരളത്തിലെ സർവ്വകലാശാലകളുടെ കാര്യത്തിൽ ഏറ്റവും നവീകരിക്കപ്പെടുന്ന ഒരു ബില്ലാണിത് എന്നും വളരെ പുരോഗതിയാണെന്നും ഡോ. ഇക്ബാൽ തന്നെ പറഞ്ഞിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഡോ. ഇക്ബാൽ സംസാരിച്ച ആ യോഗത്തിൽ ഞാൻ പ്രസംഗിച്ചതാണ്. ഇരിക്കട്ടെ, ഇപ്പോൾ ഞാൻ പറയുന്നത്, ഈ വിഷയങ്ങൾ വച്ചുകൊണ്ട് പരിശോധിച്ചാൽ ഒരു നിയമത്തിന്റെ ആവശ്യമുണ്ട്. പിന്നെ ഇതിൽ കാണേണ്ട ഒരു കാര്യം ഇവിടെ മന്ത്രി പറഞ്ഞതുപോലെ വിമർശനങ്ങൾക്ക് അർത്ഥമുണ്ട്. വിമർശനങ്ങൾക്ക് അർത്ഥമുണ്ടെങ്കിൽ നമുക്ക് നോക്കാം. കാര്യമെന്താണെന്നു വച്ചാൽ നമ്മൾ തീരുമാനിക്കുന്ന ഒരു കാര്യം ശരിയായിക്കൊള്ളണമെന്നില്ല. എനിക്കുതന്നെ ധാരാളം അനുഭവങ്ങളുണ്ട്. ഞാൻ ഈ ബില്ലുമായി പോയതാണ്. ഞാൻ ചിന്തിച്ചതിൽനിന്നും വ്യത്യസ്തമായ പല കാര്യങ്ങളും കൽക്കട്ട യൂണിവേഴ്സിറ്റിയിലും, ജെ.എൻ.യു.വിലും പോയി നോക്കുന്ന സമയത്ത് എനിക്ക് തോന്നിയിട്ടുണ്ട്. ഞാൻ ചിന്തിച്ചതിനേക്കാൾ എത്രയോ നല്ല കാര്യങ്ങൾ രാജ്യത്ത് ഉണ്ട്. ഇതിൽ എന്താണ് തെറ്റ്? അത് മനസ്സിലാക്കിയിട്ട് ഈ നിയമത്തിൽ പറയുന്നതിൽ എന്തെങ്കിലും പോരായ്മ ഉണ്ടെങ്കിൽ തിരുത്തണം. പക്ഷേ അപ്പുറത്തുനിന്ന് സംസാരിക്കുന്ന സഹോദരന്മാർ ഇല്ലാത്ത കാര്യങ്ങൾ പറയരുത്. ഞാൻ വളരെ ബഹുമാനിക്കുന്ന ഒരു ആളാണ് ശ്രീ. കോടിയേരി. നല്ല വിവരമുള്ള ഒരു വ്യക്തിയാണ്. അദ്ദേഹം രാവിലെ ഒരു ആശയവുമായി വന്നിരിക്കുന്നു. 'കമ്മ്യൂണിറ്റി കോളേജ്' എന്നു പറഞ്ഞാൽ സമുദായത്തിന് കൊടുക്കുന്ന കോളേജാണ് നിങ്ങളെപ്പോലെ വളരെ വലിയ ഒരാള് അങ്ങനെ പറയരുത്. അങ്ങനെയാണെങ്കിൽ അക്കാഡമിക് കമ്മ്യൂണിറ്റിയെ നിങ്ങൾ എന്താണ് വിളിക്കുക? ബിസിനസ്സ് കമ്മ്യൂണിറ്റിയെ നിങ്ങൾ എന്താണ് വിളിക്കുക? ഉടനെ അങ്ങ് കയറിയിട്ട് അത് മുഴുവൻ സമുദായമാണ് എന്നു പറയുന്ന സ്വഭാവത്തിൽ നിൽക്കരുത്. നല്ല കാര്യങ്ങൾ നിങ്ങൾ പറയുന്നുണ്ട്. നിങ്ങൾക്ക് ധാരാളം വിവരമുണ്ട്. എന്റെ കൈയിൽ എ.കെ.പി.സി.ടി.എ.-യുടെ രേഖയുണ്ട്. എന്റെ കൈയിൽ കിട്ടുന്നതിനേക്കാൾ മുമ്പ് നിങ്ങളുടെ കൈയിൽ കിട്ടും. എ.കെ.പി.സി.ടി.എ. എന്നു പറഞ്ഞാൽ മാർക്സിസ്റ്റ് പാർട്ടിയുടെ ടിംബ്ടോങ്ങിൽപ്പെട്ട ഒരു കാര്യമാണ്. കാര്യമെന്താണെന്നുവച്ചാൽ ഹയർ എഡ്യൂക്കേഷനെപ്പറ്റിയൊക്കെ സംസാരിക്കുമ്പോൾ കുറച്ച് ടേപ്പിൽനിന്ന് ലോഡ് ചെയ്തിട്ട് കുറച്ച് ബുദ്ധിയിൽനിന്ന് എടുത്തിട്ടാണ് പറയുക. എ.കെ.പി.സി.ടി.എ. എന്നു പറയുന്നത് നിങ്ങളുടെ ഒരു വലിയ ബ്രെയിനാണ്. ഇത് എല്ലാ എം.എൽ.എ.-മാർക്കും കൊടുത്തിട്ടുണ്ട്. എല്ലാ എം.എൽ.എ.-മാർക്കും കൊടുത്ത കൂട്ടത്തിൽ എനിക്കും കിട്ടിയിട്ടുണ്ട്. കോപ്പികിട്ടി കൊണ്ടുപോയതിനുശേഷമാണ് എ.കെ.പി.സി.ടി.എ.-ക്കാർക്ക് തോന്നിയത് അത് അബദ്ധമായിപ്പോയി എന്ന്. അതുകൊണ്ട് മഷി കൊണ്ടൊരു വര വരച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രി പരമാധികാരി എന്നൊക്കെ പറഞ്ഞുകൊണ്ടിരുന്നവർ നിങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്. എന്താണ് പറഞ്ഞിട്ടുള്ളത്? നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാലാ നിയമത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഏത് യൂണിവേഴ്സിറ്റികളുടേയും ഏത് രേഖയും നേരിട്ട് വിളിച്ചു വരുത്തി പരിശോധിക്കാൻ അധികാരം നൽകുന്നു എന്നു പറഞ്ഞിട്ട് അടിച്ചുവന്നത് എന്താണ്? കൊണ്ടുവന്നതിനുശേഷം വെട്ടിയോ അതിന് മുമ്പ് വെട്ടിയോ എന്നറിയില്ല. അച്ചടിയിലുണ്ട്. എന്താണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകുന്ന ഭരണപരവും അക്കാദമിക്പരവുമായ നിർദ്ദേശങ്ങൾ വൈസ് ചാൻസലർ മുതൽ ഏറ്റവും താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർ വരെ പാലിക്കാൻ ബാദ്ധ്യസ്ഥരാണെന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. ഇതൊക്കെയാണെങ്കിലും യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശത്തിൽ കൈകടത്താൻ ഉദ്ദേശം ഇല്ല. ഏകീകൃത സർവ്വകലാശാലാ നിയമമെന്ന് വകുപ്പുമന്ത്രി വ്യക്തമാക്കി. അതിന് നിങ്ങൾ എല്ലാ ഉദ്യോഗസ്ഥന്മാരുടെ പേരിലും എന്നുള്ളത് വെട്ടിയിട്ടാണ് കൊണ്ടുവന്നത്. പ്രിന്റ് ചെയ്തതിനുശേഷമായിരിക്കും.

ശ്രീ. മത്തായി ചാക്കോ: ആദ്യം സർക്കുലേറ്റ് ചെയ്തിട്ടുള്ള ചില കാര്യങ്ങൾ, കോപ്പിയൊക്കെ പുറത്തുള്ള ആളുകൾ എടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നേര് ബോദ്ധ്യപ്പെട്ടാൽ നിങ്ങൾ അതങ്ങ് തിരുത്തുക. നിങ്ങൾക്ക് ആ സമീപനം ഉണ്ടായാൽ മതി. എന്താണ് നിങ്ങൾ ഇവിടെ പറഞ്ഞു നടക്കുന്നുണ്ടല്ലോ, സൂപ്പിയുടെ കൈയിൽ അധികാരം വരാനാണ്, ഈ സർക്കാരിന്റെ കൈയിൽ അധികാരം വരാനാണ്, ഈ കണ്ട കാര്യങ്ങളൊക്കെ പറയുന്നുണ്ടല്ലോ. എന്താണ് ഇപ്പോൾ ഇവിടുത്തെ അധികാരം? ഞാൻ അഭിമാനപുരസ്സരം പറയുകയാണ്. പ്രോ-ചാൻസലറായിട്ടുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയിൽ ഒരധികാരം കേന്ദ്രീകരിക്കുന്ന പ്രശ്നം ഈ നിയമത്തിലില്ല. നിയമത്തിൽ ഉണ്ടെങ്കിൽ തിരുത്തണം എന്നാണ് എന്റെ അഭിപ്രായം. എന്താണ് ഇതിൽ പറയുന്ന കാര്യം? എന്റെ കൈയിൽ ഉള്ള ബില്ലിൽ ഉണ്ട്. നിങ്ങളുടെ എ.കെ.പി.സി.ടി.എ.-യുടെ ബുക്കല്ല. ബില്ലിൽ എന്താണ് പറയുന്നത്? ബില്ലിൽ ചാൻസലറുടെ അഭാവത്തിൽ എന്താണ് അധികാരം? നാലാമത്തെ ക്ലാസാണിവിടെ. സർവ്വകലാശാലയുടെ ഏതൊരു കാര്യവുമായി ബന്ധപ്പെട്ട വിവരങ്ങളും റിക്കാർഡുകളും പ്രോ-ചാൻസലർക്ക് ആവശ്യപ്പെടാവുന്നതും സർവ്വകലാശാല അത്തരം വിവരങ്ങളും റിക്കാർഡുകളും എത്തിച്ചു കൊടുക്കേണ്ടതുമാണ്. ഇത് വേണ്ട എന്നാണോ നിങ്ങളൊക്കെ പറയുന്നത്? നിങ്ങളും മന്ത്രിയാകും. മന്ത്രി ആയവരുണ്ട്. ഹയർ എഡ്യൂക്കേഷനെ സംബന്ധിച്ച് ചോദ്യം വന്നപ്പോൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയല്ല ശ്രീ. നാലകത്ത് സൂപ്പിയല്ല ആരോ ആകട്ടെ ശ്രീ. ചന്ദ്രശേഖരനാകട്ടെ നിങ്ങൾ ഇതിന് മറുപടി പറയണ്ടേ? ഇതിനെപ്പറ്റി എന്താണ് വിവരമെന്ന് യൂണിവേഴ്സിറ്റിയോട് ചോദിക്കാൻ ഈ രാജ്യത്തെ നികുതിദായകനോട് മറുപടി പറയാൻ ബാദ്ധ്യതയുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അധികാരം കിട്ടിയാൽ ഏത് ആകാശമാണ് ഇടിഞ്ഞു വീഴുന്നത്? നിങ്ങൾ ആവശ്യമില്ലാത്ത വിധത്തിൽ എക്സാജറേറ്റ് ചെയ്ത് ഇല്ലാത്ത സ്റ്റോറി ഉണ്ടാക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറഞ്ഞു. ഇത്തരം അധികാരം ഉണ്ടായിരിക്കണം. യൂണിവേഴ്സിറ്റിക്കാർക്ക് ഒരു വിചാരമുണ്ട് ആരും ചോദ്യം ചെയ്യപ്പെടാതെ കഴിയുന്നവരാണവർ എന്ന്. ആ ഓപ്പണിംഗ് ആണ് ഈ രാജ്യത്തെ നാശത്തിലേക്ക് എത്തിച്ചത്. അതുകൊണ്ട് നിങ്ങൾ നികുതിദായകരോട് മറുപടി പറയാൻ ബാദ്ധ്യസ്ഥരാണ്. കടലാസ് ചോദിച്ചാൽ തരില്ലെന്ന് ഏത് വൈസ് ചാൻസലർക്കാണ് പറയാൻ അധികാരം ഉള്ളത്? ഞാൻ എന്റെ സ്നേഹിതന്മാരോട് ചോദിക്കുകയാണ് പണ്ടത്തെ നിയമത്തിൽ ഉള്ളതല്ലാതെ ഇപ്പോഴത്തെ നിയമത്തിൽ വിദ്യാഭ്യാസമന്ത്രിക്ക് എന്ത് അവകാശമാണ്; എന്ത് അമിതാധികാരമാണ് ഉള്ളത്? രണ്ടാമത്തെ കാര്യം നിങ്ങളുടെ സാമ്പത്തിക നിയന്ത്രണം. യൂണിവേഴ്സിറ്റി പൈസ കൊടുക്കുകയാണെങ്കിൽ അവിടെയെല്ലാം നിയന്ത്രണം നമ്മുടെ കൈയിൽ വരുന്നു. ഞങ്ങൾ ആവശ്യമില്ലാതെ യൂണിവേഴ്സിറ്റിയെ ബുദ്ധിമുട്ടിക്കുന്നു എന്ന് നിങ്ങൾ തെറ്റിദ്ധരിപ്പിക്കുകയാണ്. സാമ്പത്തിക അച്ചടക്കത്തിന് രണ്ട് വകുപ്പാണുള്ളത്. 44-ാം വകുപ്പ്, 44-ാംവകുപ്പിൽ രണ്ട് പിരിവാണ്. ഒന്നാമത്തെ പിരിവിൽ ഗവൺമെന്റിൽനിന്ന് കൊടുക്കുന്ന പണത്തിനനുസരിച്ച് ചെയ്യുന്ന കാര്യങ്ങളിൽ അദ്ധ്യാപകരുടെ നിയമനമാകട്ടെ മറ്റ് സംഗതിയാകട്ടെ അഡീഷണൽ സാമ്പത്തിക ബാദ്ധ്യത വരുന്നതിന് ഗവൺമെന്റിനോട് സമ്മതം എടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. രണ്ടാമത്തെ കാര്യം അവരുണ്ടാക്കുന്ന ഫണ്ട്, സെൽഫ് ഫൈനാൻസിംഗ് ഫണ്ട്, യു.ജി.സി. ഗ്രാന്റ് ഇതിലൊന്നും സമ്മതം എടുക്കേണ്ട എന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്. ഞാൻ ചോദിക്കുന്നു. ഈ സമ്മതം എടുക്കേണ്ടവരെ എന്തിനാണ് നിങ്ങൾ ഈ ഓപ്പണിംഗ് വക വച്ചുകൊടുക്കുന്നത്? യൂണിവേഴ്സിറ്റിക്ക് കൊടുക്കുന്ന പണം സർക്കാരിന്റെ പണമാണെന്നാണ് സർക്കാർ പറയുന്നത്. അത് ചെലവഴിക്കുന്ന കാര്യം ശരിയാണോ അല്ലയോ എന്ന കാര്യം പരിശോധിക്കണം. ഇഷ്ടംപോലെ പണം ചെലവഴിക്കാമെന്നാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു പ്യൂണിനെ നിയമിക്കാൻ ശ്രീ. കുഞ്ഞാലിക്കുട്ടിക്ക് സാധിക്കുമോ? ഒരു

LIBRARY ARCHIVES Kerala Legislative Assembly

പ്യൂണിനെ നിയമിക്കാൻ എത്ര കടമ്പ കടക്കണം. യൂണിവേഴ്സിറ്റിക്കാർ നിയമിക്കുകയാണ്. 10 പ്യൂൺ, 6 ഗാർഡനർ. കൊടുക്കുന്ന പണം, അക്കാഡമിക് കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട പണം അതിനെതിരെ ഉപയോഗിക്കുന്ന സമയത്ത് അതിന് മറുപടി പറയേണ്ടത് ഗവൺമെന്റാണ്. നിങ്ങൾ ആവശ്യമില്ലാത്ത വിധത്തിലുള്ള പോസ്റ്റ് ക്രിയേറ്റ് ചെയ്യുകയാണെങ്കിൽ എന്താണ് പറഞ്ഞിട്ടുള്ളത്?

ശ്രീ. മത്തായി ചാക്കോ: ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഒരു കാര്യം ചോദിക്കട്ടെ, കോഴിക്കോട് സർവ്വകലാശാലയിൽ ഇപ്പോൾ നോമിനേഷനൊക്കെ വരുത്തി, നിങ്ങൾക്ക് മേധാവിത്വം ഉണ്ട്. ഇന്നലെ മലയാള മനോരമ പത്രത്തിൽ ഒരു വാർത്ത വന്നു. വൈസ് ചാൻസലർ ജപ്പാൻ സന്ദർശനത്തിന് പോയിരിക്കുകയാണെന്ന്. പ്രോ-വൈസ്ചാൻസലർ ഇല്ല. ഇവിടെയുള്ള യു.ഡി.എഫ്.-ന്റെ സിന്റിക്കേറ്റ് മെമ്പർമാർ സിന്റിക്കേറ്റിന്റെ തീരുമാനംപോലും ഇല്ലാതെ ഇവിടെ പ്യൂൺ, വാച്ചർ പോസ്റ്റുകളിലേക്ക് 4,500 പേരെ 3 ആഴ്ചയായി ഇന്റർവ്യൂ ചെയ്യുകയാണ്. ഇത് തികച്ചും നിയമവിരുദ്ധമായ നടപടിയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇടതുപക്ഷമായാലും, യു.ഡി.എഫ്. ആയാലും ആരായാലും ശരി യൂണിവേഴ്സിറ്റികളിൽ അധിക ബാദ്ധ്യത വരുന്ന കാര്യങ്ങളെ സംബന്ധിച്ച് ഒട്ടനവധി പ്രശ്നങ്ങളുണ്ട്. അതുണ്ടാകുന്ന സമയത്ത് ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. ആ നിയന്ത്രണങ്ങളോട് ഒരു സമീപനം ഈ നിയമത്തിലുണ്ട്. ശ്രീ. മത്തായി ചാക്കോ ഞാൻ പറഞ്ഞതിനോട് യോജിക്കുകയാണ്. മറ്റൊന്ന്, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു യൂണിവേഴ്സിറ്റിയുടെ അധികാരം ഇവിടെ ചുരുക്കുന്നില്ലെന്ന്. യൂണിവേഴ്സിറ്റിയുടെ അധികാരം ഇവിടെ ചുരുക്കുന്നു എന്നു മാത്രമല്ല യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം അവരുടെ അധികാരം വളരെ ബൃഹത്താക്കുന്നു. എന്താണ് ഈ നിയമത്തിൽ ഉള്ള അപ്രോച്ച് എന്ന് അറിഞ്ഞുകൂടേ? ഒരു കോളേജെങ്ങാനും നിയമവിരുദ്ധമായി ഒരു സംഗതി ചെയ്യുകയാണെങ്കിൽ—അവർക്ക് അഫിലിയേഷൻ കൊടുത്തു എന്നിരിക്കേ—അഫിലിയേഷൻ കൊടുക്കുന്നത് യൂണിവേഴ്സിറ്റി ആണല്ലോ, ഞങ്ങൾ പാസ്സാക്കിക്കൊടുത്തു. ഇപ്പോൾ കുറേ കോടതി പാസ്സാക്കിക്കൊടുത്തു. അവരുടെ അഫിലിയേഷൻ ഇല്ലായ്മ ചെയ്യാനുള്ള അധികാരമാണ് യൂണിവേഴ്സിറ്റിക്ക് കൊടുക്കുന്നത്. ഇവിടെ എങ്ങനെയാണ് ഗവൺമെന്റ് അധികാരം ഉപയോഗിക്കുന്നത്? യൂണിവേഴ്സിറ്റികൾക്ക് അധികാരം കൂടുതലാക്കി കൊടുക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. ഇവിടെ പറഞ്ഞു, നോമിനേഷൻ നടത്തിയിട്ടുണ്ട്. അധികാരം പിടിക്കാൻ ശ്രമിക്കുന്നു എന്ന്. ഞാൻ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതിനോട് യോജിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർവ്വകലാശാലയുടെ മേൽ വലിയ അധികാരമുള്ള എക്സിക്യൂട്ടീവ് സ്ഥാപനത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് കൗൺസിൽ ഫോർ ഹയർ എഡ്യൂക്കേഷൻ, സർവ്വകലാശാലയുടെ മുകളിൽ ഒരു എക്സിക്യൂട്ടീവ് പവർ. അതിനെപ്പറ്റി എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇൻഡ്യയിൽ പല സ്ഥലത്തും പല വിധത്തിലാണ്. അങ്ങനെയാണ് വ്യവസ്ഥ. ചിലയിടത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായിരിക്കും. അതിലൊന്നും കാര്യമില്ല. അതൊക്കെ ചർച്ച ചെയ്യേണ്ട കാര്യമാണ്. State Higher Education Council-ന്റെ പ്രസക്തി അത്രയേയുള്ളൂ. ഇവിടെ ഇപ്പോൾ നോമിനേഷന്റെ കാര്യം പറഞ്ഞു. ഞങ്ങൾ ഞങ്ങളുടെ ആളുകളെ നോമിനേറ്റ് ചെയ്യും, നിങ്ങൾക്ക് നിങ്ങളുടെ ആളുകളെ നോമിനേറ്റ് ചെയ്യാം. ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞ കാര്യത്തോട് എനിക്ക് വലിയ

LIBRARY ARCHIVES Kerala Legislative Assembly

യോജിപ്പാണ്. എന്താണെന്നു വച്ചാൽ ഇതിൽ വലിയ ക്ലാസ് ഉണ്ട്. ഉദാഹരണത്തിന് സാമൂഹ്യ പ്രവർത്തനം, മറ്റുകാര്യങ്ങൾ എന്നിവയെപ്പറ്റി.അഞ്ചാറ് പോയിന്റ്സ് ഇതിൽ പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് ഇപ്പോൾ പറയുന്നത് സാമൂഹ്യ സേവനം, വ്യവസായം, വാണിജ്യം, കൃഷി, ബിസിനസ് എന്നീ മേഖലകളിൽ പ്രതിനിധീകരിക്കുന്ന അഞ്ച് പ്രശസ്ത വ്യക്തികൾ, ശരിക്ക് മെറിറ്റ് വെയ്റ്റ് വേണമെന്നാണ് ഞാൻ പറയുന്നത്. ബഷീറിനോ മറ്റാർക്കുമോ പറ്റിയ ആളെ വയ്ക്കാൻ പറ്റരുത്. ഇങ്ങനെയാണ് സാമൂഹ്യ രംഗത്ത് വ്യക്തി അല്ലെങ്കിൽ അതുപോലുള്ള മറ്റുസംഗതി അല്ലെങ്കിൽ ഇൻഡസ്ട്രീസ് എന്നത് എന്റെ എന്റേത് അല്ലെങ്കിൽ മറ്റേത് എന്നുള്ള നിലയിൽ വകമാറ്റരുത്. അതാണ് ഞാൻ പറയുന്നത്. പ്രതിപക്ഷമടക്കം പറയുന്നത് കേട്ടുകൊണ്ട് ഒരു മന്ത്രിക്ക് ഇഷ്ടമുള്ള ആളുകളെ തിരുകി കയറ്റാൻ പറ്റാത്തരീതിയിൽ വാതായനങ്ങൾ മുഴുവൻ അടയ്ക്കണം. മെറിറ്റിന്റെ അടിസ്ഥാനത്തിൽത്തന്നെ എടുക്കുവാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതേ കാര്യം പറഞ്ഞുകൊണ്ടാണ് കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട് ഭേദഗതി ചെയ്തത്. ഇവിടെ ഇപ്പോൾ നോമിനേറ്റ് ചെയ്തിട്ടുള്ള ആളുകളെ നോക്കുമ്പോൾ എങ്ങനെയാണ് നോമിനേറ്റ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ലേ? ഇവിടെ വിദ്യാഭ്യാസ വിചക്ഷണനായി നോമിനേറ്റ് ചെയ്തത് ആരെയാണെന്നറിയാമോ? നിങ്ങൾ പറഞ്ഞു നേതാവായ കുഞ്ഞുമുഹമ്മദാണ്. നിങ്ങൾ അതുപോലെ കേരളത്തിലാകെ വ്യാപിപ്പിക്കാൻ വേണ്ടിയാണ് തീരുമാനിക്കുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നിങ്ങളുടെ കാര്യത്തിലും അങ്ങനെ തന്നെയാണ്. പ്രശസ്ത സാഹിത്യകാരനെന്നു പറഞ്ഞ് ദേശാഭിമാനിയിൽ എഴുതിയ ആളെ നിങ്ങൾ എടുത്തില്ലേ? ഞാൻ പറയുന്നത് അതല്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ചർച്ചയൊക്കെ ഒന്നുകൂടി എംഫസൈസ് ചെയ്യണം. അതിനുവേണ്ടിയിട്ടാണ് ഞാൻ രാവിലെ പറഞ്ഞത്. കുറച്ച് വ്യത്യസ്തമായ ഒരു സമീപനം ഗവൺമെന്റ് മീൻ ചെയ്യുന്നുണ്ട്. ഇവിടെ നേരത്തെ ശ്രീ. മത്തായി ചാക്കോ പറഞ്ഞു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഏതാണ്ട് നടക്കുന്നു എന്ന്. എം.എൽ.എ. എന്നുള്ള നിലയിൽ നിങ്ങൾ ആരോടാണ് പരാതി പറയേണ്ടത്? മന്ത്രിയോട്. മന്ത്രിയോട് പരാതി പറഞ്ഞാൽ വല്ല കാര്യവും ഉണ്ടോ? ഇപ്പോഴുള്ള സിന്റിക്കേറ്റിന് നമ്മുടെ യാതൊരു നിയന്ത്രണവും ഇല്ല. ചെയ്യേണ്ടതു ചെയ്യും. മനസ്സിലായില്ലേ? ഒരു പ്രൊവിഷനെ വാസ്തവത്തിൽ ജസ്റ്റിഫൈ ചെയ്യുകയാണ് ശ്രീ. മത്തായി ചാക്കോ. അതുപോട്ടെ, ഞാൻ അതിനെക്കുറിച്ചല്ല പറയുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ ആരേയും നോമിനേറ്റ് ചെയ്യാവുന്ന ആ അധികാരം ഗവൺമെന്റിൽ ഇല്ലാതാക്കാൻവേണ്ടി നമുക്കൊരു ഡിസ്ക്ഷൻ നടത്താം. ഞാൻ അതാണ് രാവിലെ പറഞ്ഞത്. അങ്ങനെ വരുമ്പോൾ over political ആയിട്ടുള്ള മറ്റു പല കാര്യങ്ങളിലും പ്രതിപക്ഷത്തിന് അഭിപ്രായ വ്യത്യാസം ഉണ്ടാകും. നിങ്ങളുംകൂടി പൊളിറ്റിക്കലായി ഡിസ്ക്കസ് ചെയ്തിട്ട് യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കണം. ഡോക്ടർ ഇക്ബാലിന്റെ ലേഖനത്തിൽ അത് പറഞ്ഞിട്ടുണ്ട്. അതിപ്രസരം വേണ്ട എന്നുള്ള സമീപനം എടുക്കാൻ നിങ്ങൾ തയ്യാറാകണം. നിങ്ങൾ തയ്യാറാകുകയാണെങ്കിൽ ഞങ്ങളും തയ്യാറാണ്. ആ അടിസ്ഥാനത്തിലാണ് ഞാൻ രാവിലെ പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ, മറവിയൊരു അനുഗ്രഹമാക്കേണ്ട. ഇപ്പോൾ ഇവിടെ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ സിന്റിക്കേറ്റിലെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ സിൻഡിക്കേറ്റിൽ ആരൊക്കെയാണ് അംഗങ്ങൾ.? സി.പി.എം. ജില്ലാ സെക്രട്ടറി ജെയിംസ് മാത്യു, കേരള കോൺഗ്രസ് (ജെ) ജില്ലാ പ്രസിഡന്റ് എ. ജെ. ജോസഫ്. ഫലത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ജില്ലാ കമ്മിറ്റിയായിരുന്നു. ഈ തത്വം പ്രസംഗിക്കാതിരിക്കാമോ? നിങ്ങൾക്കെന്തും ചെയ്യാം, ഞങ്ങൾ ചെയ്യുന്നതെന്തും കുറ്റമാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ ചർച്ചയിൽ വിവാദങ്ങൾ നല്ലതാണ്. അതു കൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി രണ്ടാമതും ഇടപെട്ട് പറഞ്ഞത് എത്രയോ ശരിയാണ്. കഴിഞ്ഞ കാലത്ത് തെറ്റ് സംഭവിച്ചിട്ടുണ്ടാകാം. ഞാനടക്കമുള്ള ആളുകൾക്ക് സംഭവിച്ചിട്ടുണ്ടാകാം. പക്ഷേ, ഇനിമേലിൽ Nomination component-ൽ ആരേയും തിരുകിക്കയറ്റാനുള്ള സാഹചര്യമില്ലാത്തവിധം അതിലുള്ള loop holes അടയ്ക്കണം. അതാണ് ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞത്, നല്ല കാര്യം. മറ്റൊരുകാര്യം ഇവിടെ എല്ലാപേരും പറഞ്ഞു, നോമിനേഷൻ വന്നാൽ ഇലക്ഷൻ വേണം. മനുഷ്യന്റെ ഏറ്റവും വലിയ അദ്ധ്യാപകനെന്ന് പറയുന്നത് അനുഭവമാണ്. ഇവിടെ രണ്ട് അനുഭവമുണ്ടല്ലോ. കേരളയും കാലിക്കറ്റും. എം. ജി. മറ്റൊരു അനുഭവം. ഇലക്ഷൻ കൊണ്ട് നാട് മുഴുവനും യൂണിവേഴ്സിറ്റികളും നന്നാകുമായിരുന്നെങ്കിൽ കേരളയും കാലിക്കറ്റും നന്നാകണ്ടേ? എം.ജി. യൂണിവേഴ്സിറ്റിയിലും സുഖക്കേടുണ്ട്. കേരളയിലുമുണ്ട്, കാലിക്കറ്റിലുമുണ്ട്. ഇവിടെ കാണേണ്ട ഒരു കാര്യം, എനിക്ക് പറയേണ്ട സംഗതി എന്തെന്നാൽ, It should be a Judicious combination. Election component വേണം Nomination component വേണം. Ex-officio component-ഉം വേണം. അതിന് പറ്റുന്ന വിധത്തിൽ, എല്ലാപേരും ഇലക്ഷന് നിൽക്കുകയില്ലല്ലോ. അക്കാഡമിഷ്യനൊക്കെ മടിയുണ്ടാകും, അങ്ങനെയുള്ള ആളുകളെ നോമിനേറ്റ് ചെയ്യാൻ സാധിക്കണം. ഇലക്ഷന് വെയിറ്റ് കൊടുക്കണം. വേണ്ടെന്ന് ഞാൻ പറയില്ല. കാരണമെന്താണെന്ന് വച്ചാൽ, ഇലക്ഷൻ തീർച്ചയായും ഒരു വലിയ കാര്യമാണ്. നോമിനേഷനും അതുപോലെതന്നെയാണ്. Ex-officio, Nomination and Election എന്നിവ തമ്മിലൊരു Judicious combination-ലേക്ക് പോകുന്ന വിധത്തിൽ ചെയ്യണമെന്നാണ് അത് സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. പിന്നെ മറ്റൊന്ന് ഇവിടെ യൂണിവേഴ്സിറ്റിയുടെ അധികാരം വെട്ടിച്ചുരുക്കി. അൺഎയ്ഡഡ് കോളേജിനെപ്പറ്റി ഇവിടെ ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദനടക്കം പറഞ്ഞു, ഗൗരവമായെടുക്കേണ്ട കാര്യമാണ്. കാരണമെന്താണെന്നറിയാമോ? ഇവിടെ നിങ്ങൾക്കൊരു തെറ്റിദ്ധാരണയും വേണ്ട. ഞങ്ങൾ അൺ എയ്ഡഡ് കോളേജുകളെ ഇഷ്ടം പോലെ തുറന്നുവിടാൻ ആഗ്രഹിക്കുന്നവരല്ല. അൺ എയ്ഡഡ് കോളേജുകളുടെ കാര്യത്തിൽ നിയന്ത്രണം വേണമെന്നുതന്നെയാണ് ഞങ്ങൾ പറയുന്നത്. ശ്രീ. പി. പി. ജോർജ് ചില നിയന്ത്രണങ്ങളെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചു. ഇതിൽ അദ്ധ്യായം 12, പേജ് 65. നിങ്ങൾ നോക്കിയാൽ കാണാൻ സാധിക്കും. എയ്ഡഡ് കോളേജിനെപ്പറ്റി പറയുന്ന കാര്യം എന്താണെന്നുവെച്ചാൽ, ഇത് നിയമങ്ങൾ ലംഘിക്കുന്ന സാഹചര്യത്തിൽ, എയ്ഡഡ് കോളേജുകളടക്കം ഇത്തരത്തിലുള്ള ആളുകളുടെ പേരിൽ നടപടി എടുക്കാൻ നിയമം അധികാരപെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ഈ നിയമത്തിന്റെ മറ്റൊരു പ്രത്യേകത എന്നു പറയുന്നത്, ഇവിടെ ഏറ്റവും അധികം ചൂണ്ടിക്കാണിച്ചതുപോലെ ടീച്ചേഴ്സിന്റെ കാര്യമാണ്. ശമ്പളത്തിന്റെ കാര്യമിവിടെ പറഞ്ഞു. Private Unaided സ്ഥാപനങ്ങൾ വമ്പിച്ച തോതിൽ

LIBRARY ARCHIVES Kerala Legislative Assembly

ചൂഷണം നടത്തുന്നു എന്നൊക്കെ പറഞ്ഞു. പേജ് 77 നിങ്ങൾ നോക്കുകയാണെങ്കിൽ, ക്ലാസ് 80 മുതൽ നോക്കിയാൽ അൺ എയ്ഡഡ് കോളേജുകളെ വിറപ്പിക്കുന്ന നിയമമാണുള്ളത്. അതറിയുമോ നിങ്ങൾക്ക്? നിങ്ങൾ ഇപ്പോൾ പറയുന്നുണ്ടല്ലോ, അൺഎയ്ഡഡ് കോളേജുകളെ ഞങ്ങൾ താലോലിക്കുകയാണെന്ന്. സത്യമാണ്. നിയമം നോക്കൂ, ഞങ്ങൾ വിറപ്പിക്കും അവരെ.ഞാൻ പറയുന്നത്, ഇതിൽ എന്തെല്ലാം നിയമങ്ങളുണ്ടെന്ന് ചോദിച്ചാൽ.....

• ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വിറപ്പിക്കൽ നല്ലതാണ്. സ്വാശ്രയ മാനേജുമെന്റുകളെ, അൺഎയ്ഡഡ് മേഖലകളെ വിറപ്പിക്കുമെന്ന് പറഞ്ഞത് സ്വാഗതം ചെയ്യുകയാണ്. വിറപ്പിക്കണം. നമ്മൾ ചർച്ച ചെയ്യുമ്പോൾ കഴിഞ്ഞ വർഷം 100 ശതമാനം സീറ്റ് അവർ എടുത്തു. ഈ വർഷം ഞാൻ നേരത്തെ ഉന്നയിച്ചതാണ്, 20-ാം തീയതി അവർ ക്ലാസാരംഭിക്കുകയാണ്. എല്ലാ സീറ്റിലും കുട്ടികളെ പ്രവേശിപ്പിച്ചതിന്റെ രേഖയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇത് ഞാൻ തരാം. എങ്ങനെയാണ് നിങ്ങളുടെ ഗവൺമെന്റ് വിറപ്പിക്കുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഗവൺമെന്റ് അങ്ങനെ ചെയ്തിട്ടില്ല. നിങ്ങൾ വിമർശിക്കുമ്പോൾ ആദ്യം നിയമം നോക്കണം, നിയമം നോക്കാതെ A.K.P.C.T.A.കാരന്റെ ബുക്ക് വായിച്ച് പറഞ്ഞിട്ട് കാര്യമില്ല. നിയമത്തിൽ എന്താണ് പറഞ്ഞതെന്നറിയാമോ? നിയമത്തിൽ പറഞ്ഞത് (1) ഗവൺമെന്റ് ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ അവർക്ക് വർക്ക് ചെയ്യാൻ കഴിയൂ. സംശയമുണ്ടെങ്കിൽ ഓരോ ക്ലാസും എടുത്ത് നോക്കിക്കോളൂ. (2) ഗവൺമെന്റ് ഉത്തരവുകൾ പാലിച്ചിരിക്കണം—ഏതെല്ലാം കാര്യത്തിൽ? ഗവൺമെന്റ് ഇത്ര കുട്ടികളുടെ പ്രവേശനം മെറിറ്റിലും ഇത്ര ശതമാനം മാനേജുമെന്റിലും എന്ന് പറഞ്ഞ് അംഗീകരിച്ചിരിക്കുകയാണ്. സെക്ഷൻ 80 (സി) പ്രകാരം സീറ്റുകളുടെ എണ്ണം തീരുമാനിക്കാൻ സർക്കാരിന് അവകാശമുണ്ട്. പ്രിൻസിപ്പിളിന്റെ കാര്യത്തിൽഅടക്കം സംവരണം പാലിക്കണമെന്ന് പറയാൻ ഗവൺമെന്റിന് അവകാശമുണ്ട്. ഫീസിന്റെ കാര്യം ഇവിടെ പറഞ്ഞല്ലോ, ഇഷ്ടംപോലെ ഫീസ് വാങ്ങുന്നുണ്ടെന്ന്. Government can control the fees. ഗവൺമെന്റിന് ഫീസ് തീരുമാനിക്കാം. നേരത്തെ അതിന് അധികാരമുണ്ടായിരുന്നില്ല. ഇന്ന് അധികാരമുണ്ട്. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ അൺഎയ്ഡഡ് കോളേജുകളിലെ ഫീ സ്ട്രക്ചർ തീരുമാനിക്കാനുള്ള അധികാരം ഗവൺമെന്റ് നിയോഗിക്കുന്ന ഒരു കമ്മിറ്റിയിൽ വന്നുചേരുകയാണ്. സാധാരണ ഫീസ് മാത്രമല്ല, Tuition Fees, Term Fees, Library Fees, Caution Deposit, മറ്റ് ഡെപ്പോസിറ്റ് ഇവയെല്ലാം നിയന്ത്രിക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. ക്യാപ്പിറ്റേഷൻ ഫീസിന്റെ കാര്യത്തിലുള്ള ബാനിനെപ്പറ്റി A.K.P.C.T.A. പറയുന്നതെന്താണെന്നറിയാമോ? ക്യാപ്പിറ്റേഷൻ ഫീസ് വേണ്ടായെന്നാണ്. പക്ഷേ ഡൊണേഷൻ വാങ്ങാൻ നിയമത്തിൽ വകുപ്പുണ്ട്. ഡൊണേഷൻ അങ്ങനെയല്ല. വിദ്യാർത്ഥി പ്രവേശനത്തിന് ഡൊണേഷൻ വാങ്ങാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചിടത്തോളം ഒരു കോർപ്പസ് ഫണ്ടുണ്ടാക്കി ആ ഫണ്ട് സ്വരൂപിക്കാമെന്നല്ലാതെ വിദ്യാർത്ഥി പ്രവേശനത്തിൽ പാടില്ലെന്ന് പ്രത്യേകിച്ച് പറഞ്ഞിട്ടുണ്ട്. ക്യാപ്പിറ്റേഷൻ ഫീസും ഡൊണേഷനും പറ്റില്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുള്ള ഒരു സംഗതിയാണ്.

ശ്രീ. മത്തായി ചാക്കോ: സർ, 82 (2) വകുപ്പ് വായിച്ചുനോക്കൂ. സംഭാവന എന്നു പറഞ്ഞുകൊണ്ട് വ്യക്തികളിൽനിന്നോ, ട്രസ്റ്റുകളിൽനിന്നോ അത്തരം ബോർഡുകളിൽനിന്നോ പൈസ വാങ്ങാൻവേണ്ടി കേരളത്തിലാദ്യമായിട്ടാണ് ഒരു ബിൽ പ്രകാരം മാനേജുമെന്റിന് അവകാശം കൊടുക്കുന്നത്. നിയമപ്രകാരം അവകാശം കൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അങ്ങയെപ്പോലെയുള്ള ഒരാൾ സൗകര്യത്തിനുള്ള പോർഷൻ മാത്രം വായിക്കരുത്, 82 (2) വായിച്ചിട്ട് ഇതുംകൂടി വായിക്കൂ. എന്നാൽ അങ്ങനെയുള്ള കോളേജുകളിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ പ്രവേശനത്തിനുള്ള സംഭാവന സ്വീകരിക്കുന്നതിന് പ്രതിഫലമായി ഏതെങ്കിലും സ്ഥാപനം സംവരണം ചെയ്യുന്ന പക്ഷം അങ്ങനെയുള്ള സംഭാവന സ്വീകരിക്കൽ ക്യാപ്പിറ്റേഷൻ ഫീ പിരിക്കലായി കരുതപ്പെടുന്നതാണ്. പിന്നെയുള്ളത്, ശിക്ഷയാണ്. അടുത്ത ക്ലാസിൽ പറയുന്നത്.....

ശ്രീ. മത്തായി ചാക്കോ: സർ, ക്യാപ്പിറ്റേഷൻ ഫീ വാങ്ങുന്നു എന്ന് പറഞ്ഞ് എഴുതി വച്ചിട്ടാണോ സംഭാവന വാങ്ങുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, സർപ്പംപോലെയുള്ള രേഖ നിങ്ങളുടെ കൈയിലില്ലേ? അത് നോക്കിയിട്ട് ആക്ടിൽ എന്താണ് പറയുന്നതെന്ന് നോക്കാതെ അവിടെ ഇങ്ങനെ പറഞ്ഞു, ഇവിടെ ഇങ്ങനെ പറഞ്ഞു എന്ന് പറയുന്നതാണോ ശരി? Act is very clear. ആക്ടിൽ പറഞ്ഞിട്ടുണ്ട് അങ്ങനെ വാങ്ങാൻ പാടില്ലാ എന്ന്. ക്യാപ്പിറ്റേഷൻ ഫീ വാങ്ങാൻ പാടില്ല. കുട്ടിയുടെ പ്രവേശനത്തിന് ഡൊണേഷൻ വാങ്ങുകയാണെങ്കിൽ അത് ക്യാപ്പിറ്റേഷൻ ഫീ ആയി വ്യാഖ്യാനിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഞാൻ സിംപിളായി പറഞ്ഞുതരാം. ക്യാപ്പിറ്റേഷൻ ഫീ വാങ്ങാൻ പാടില്ല. കോർപ്പസ് ഫണ്ടുപോലെ ഉണ്ടാക്കിയിട്ട് ക്യാപ്പിറ്റേഷൻ ഫീ വാങ്ങാം. ഇപ്പോൾ ഒരു സ്ഥാപനം നടത്തുന്നു. സമുദായാംഗം ഡൊണേഷൻ കൊടുക്കുന്നു. നിങ്ങൾക്ക് ആ ഡൊണേഷൻ വാങ്ങിക്കൂടേ? ഇത് വളരെ വ്യക്തമാണ്. ദുർവ്യാഖ്യാനം ചെയ്യരുത്. എന്തിനാണ് ഫണ്ട്? ഫണ്ടിന്റെ നടത്തിപ്പിന് ധാരാളം ആളുകളുണ്ടാകും. ഇന്റർനാഷണൽ ഏജൻസീസ് ഉണ്ടാകും. നമ്മുടെ നാട്ടിലെ ഏജൻസികളുണ്ടാകും. അവരുടെ പണം സ്വീകരിക്കട്ടെ. കുട്ടിയുടെ അഡ്മിഷന് ഇത് ബാധകമല്ല. കുട്ടിയിൽനിന്നും വാങ്ങാൻ പാടില്ലെന്ന് പറഞ്ഞിട്ടും നിങ്ങൾക്ക് മനസ്സിലാകുന്നില്ല.

Mr. Speaker: Now you conclude, two minutes more. Mr. Basheer, only two minutes more.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അദ്ധ്യാപകന്റെ ശമ്പളത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞല്ലോ. ഈ നിയമം വായിക്കാഞ്ഞിട്ടാണ്. അദ്ധ്യാപകന്റെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം, ഇവിടെ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷനിലെ അദ്ധ്യാപകന് എന്ത് ശമ്പളം കൊടുക്കണമെന്ന് തീരുമാനിക്കാൻ ഇവിടെ നിയമമുണ്ടായിരുന്നോ? ഈ നിയമം പാസ്സായാൽ അതുണ്ടാകും. ടീച്ചേഴ്സിന് എന്ത് ശമ്പളം കൊടുക്കാമെന്ന് തീരുമാനിക്കാനുള്ള വകുപ്പ് ഇതിലുണ്ട്. ടീച്ചർമാരുടെ ക്വാളിഫിക്കേഷൻ തീരുമാനിക്കാനുള്ള വകുപ്പ് ഈ നിയമത്തിലുണ്ട്. ഈ നിയമത്തിലെ അപകടങ്ങളെ ഞാൻ ചൂണ്ടിക്കാണിക്കാം. ആ അപകടങ്ങളെ തീർച്ചയായും കാണിക്കുകയും ചെയ്യണം. ഇവിടെ ശ്രീ. പി. പി. ജോർജ് പറഞ്ഞ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. അദ്ദേഹം ഇവിടെ പറഞ്ഞു, ദുർബല ജനവിഭാഗത്തിന് ആവശ്യമായ ഭരണഘടനയിൽ കൊടുത്തിട്ടുള്ള വിദ്യാഭ്യാസ അവകാശങ്ങളൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ നിയമത്തിൽ വകുപ്പുണ്ട്. ഞാൻ ഏറ്റവും സ്വാഗതം ചെയ്യുന്ന കാര്യമാണ്. ഞാൻ ഖേദക്കാരനാണ്. നിങ്ങൾ കണ്ണൂർ യൂണിവേഴ്സിറ്റി ബിൽ കൊണ്ടുവന്നപ്പോൾ ഞാൻ ഒരു അമെന്റ് മെന്റ് കൊണ്ടുവന്നു. അത് ഇ. ടി. മുഹമ്മദ് ബഷീറിന്റെ അമെന്റ് മെന്റാണ്. In clause 6 add the following substitute; The University shall adopt the general policy of the Government in regard to the welfare of various categories of weaker sections of society including women and minorities. എന്താണ് പ്രൊസീഡിംഗ്സിൽ എഴുതിയതെന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച 285, 289 എന്നീ ഭേദഗതികൾ 25-ന് എതിരെ 45 വോട്ടുകളോടെയും ശ്രീ. എം. മുരളി അവതരിപ്പിച്ച 27-ാം നമ്പർ ഭേദഗതി 27-ന് എതിരെ 45 വോട്ടുകളോടെയും സഭ നിരാകരിച്ചു. ആ കൂട്ടത്തിൽ നിങ്ങളുടെ വോട്ടുമുണ്ട്. ഞാൻ പറയുന്നത്, ഇവിടെ ദുർബല വിഭാഗങ്ങൾ, ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനിൽ ഇവിടത്തെ ന്യൂനപക്ഷങ്ങൾക്ക്, പിന്നോക്ക ജനവിഭാഗങ്ങൾക്ക് കൊടുത്തിട്ടുള്ള വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഈ നിയമം പ്രതിജ്ഞാബദ്ധമാണ്. ഇതിൽ ക്ലാസുണ്ട്. ഈ നിയമത്തെ തുറന്ന മനസ്സോടുകൂടി കാണുകയാണ് വേണ്ടത്. ഈ നിയമത്തിൽ തെറ്റുണ്ടെങ്കിൽ നിങ്ങളുമായുള്ള ചർച്ചയിലടക്കം ആ തെറ്റ് തിരുത്താവുന്നതാണ്. തെറ്റ് തിരുത്തിയിട്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ശരിയായ മാർഗ്ഗത്തിലേക്ക് നയിക്കുന്ന സ്ഫുടം ചെയ്തെടുത്ത ഒരു നിയമമാണ് വേണ്ടത്. ആ നിയമത്തിന് ഇപ്പോൾ നല്ല തുടക്കമായി ഈ ബില്ലിനെ ഞാൻ കാണുകയാണ് എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഞാൻ ഇന്നു രാവിലെ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പാലക്കാട് ജില്ലയിലെ കൊക്കകോളയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ആ സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ മുൻ എം.എൽ.എ., കെ. കൃഷ്ണൻകുട്ടി കൊക്കകോള കമ്പനിയുടെ ഫാക്ടറിയുടെ ആവശ്യത്തിന് വെള്ളം വിറ്റുവെന്ന് അറിയുന്നുവെന്ന് ഒരു ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അത് ശരിയല്ലായെന്ന് അപ്പോൾത്തന്നെ ഞാൻ പറഞ്ഞു. അങ്ങനെ ഈ സഭയിലെ മുൻ അംഗമായ കൃഷ്ണൻകുട്ടിയുടെ പേരിൽ ഉന്നയിച്ച ആക്ഷേപം സഭാനടപടിയിൽനിന്ന് നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഞാൻ നോക്കട്ടെ. ഞാൻ അതിനെപ്പറ്റി അന്വേഷിച്ചിട്ട് വേണ്ട നടപടി സ്വീകരിക്കാം.*

VIII. 58-ാം ചട്ടപ്രകാരമുള്ള ചർച്ച

ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ഉന്നയിക്കുന്നതിന് ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്

ശ്രീ. കെ. സി. ജോസഫ്: Sir, I move the discussion under rule 58 "കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 58-ാം ചട്ടപ്രകാരം താഴെ പറയുന്ന പൊതു പ്രാധാന്യമുള്ള അടിയന്തിര സംഗതി ചർച്ച ചെയ്യാനുള്ള എന്റെ ഉദ്ദേശം സംബന്ധിച്ച് ഞാൻ നോട്ടീസ് നൽകുന്നു. ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ സമർപ്പിച്ച 'റിപ്പോർട്ട് ഓഫ് ദി കമ്മീഷൻ ഓൺ ഡബ്ല്യൂ. ടി. ഒ. കൺസോൺസ് ഇൻ അഗ്രിക്കൾച്ചർ' എന്ന റിപ്പോർട്ട് സഭ ചർച്ച ചെയ്യണം". ഇവിടെ കേരളത്തിന്റെ സമ്പദ്ഘടനയെ ഏറ്റവുമധികം ബാധിക്കുന്ന പ്രശ്നത്തെപ്പറ്റി ചർച്ചയ്ക്ക് അവസരമുണ്ടാക്കിയ ബഹുമാനപ്പെട്ട സ്പീക്കറേയും മുഖ്യമന്ത്രിയേയും അഭിനന്ദിക്കുകയാണ്. 1995-ലാണ് ലോക വ്യാപാര സംഘടന ഉണ്ടായത്. പല ചർച്ചകളുടെയും അവസാനം 1995-ൽ സംഘടന രൂപീകരിച്ചു. 1994-ൽ മാരക്കേഷിൽ ഉണ്ടായ വ്യാപാര കരാർ വികസ്വര രാജ്യങ്ങൾക്ക് വളരെയേറെ ദോഷകരമായിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് 31-7-2001-ൽ ഡോ. സ്വാമിനാഥൻ ചെയർമാനായ കമ്മിറ്റിയെ

*File No. 996/E3/2003/Leg. പ്രകാരം പ്രസ്തുത ഭാഗം നിലനിർത്താൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly